Reg. No. M. 2293

ഒററപ്രതി 2ണ

# സത്യദീപം

“ഞാൻ ലോകത്തിൻെറ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല.”

പുസ്തകം 27 | 1129 മിഥുനം 23 ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് —എറണാകുളം 1954 ജൂലൈ 7 | ലക്കം 44

ഒരു പാഠമുറി. മേശപ്പുറത്തു പുസ്തകങ്ങൾക്കുപകരം ഒരുകുത്തു ചീട്ടു് ചിക്കിച്ചികി ഇട്ടിരിക്കുന്നു. ആ സമയത്താണു് അൽഫോൻസിൻെറ പിതാവു് ഡോൺ ജോസഫു് മുറിയിൽ പ്രവേശിച്ചു മകനോടു് പറഞ്ഞതു്: “ഈ ചീട്ടുകളാണല്ലേ നിൻെറ പഠനവിഷയം. പ്രസിദ്ധരായ ഈ ഗ്രന്ഥകർത്താക്കളെ പാരായണം ചെയ്യുമ്പോൾ സമയത്തിൻെറ പുരോഗതി അറിയുന്നുണ്ടാകയില്ല.” ഹൃദയഭേദകമായ ഈ വാക്കുകൾ അൽഫോൻസു് വിനയപൂർവ്വം തന്നെ സ്വീകരിച്ചു. പിന്നീടു് അൽഫോൻസു് ചീട്ടുകളിയിൽ അസാധാരണമായ നിയന്ത്രണം തന്നെ പാലിച്ചുപോന്നു. ദിവസത്തിൽ ഒരു മണിക്കൂറിൽ കൂടുതൽ ഉല്ലാസത്തിനു ചെലവഴിച്ചുകൂടെന്നായിരുന്നു പിതാവിൻെറ ദൃഢമായ നിർദ്ദേശം.

പിതാവിൻെറ ഈ നിർബന്ധനിഷ്ഠകൾ അൽഫോൻസിൻെറ അമ്മയ്ക്കുപോലും സ്വല്പം അധികമാണെന്നുതോന്നി. എങ്കിലും അവയുടെ ഫലം അത്ഭുതാവഹമായിരുന്നു. സാധാരണനിയമപ്രകാരം 20 വയസ്സു തികഞ്ഞവർക്കുമാത്രം എഴുതുവാൻ അനുവദിക്കുന്ന നിയമബിരുദപ്പരീക്ഷ 16 വയസ്സിൽത്തന്നെ എഴുതുവാൻ അൽഫോൻസിനു് അനുവാദം കിട്ടി. പ്രശസ്തമാകുംവിധം, “ഡോക്ടർ ഓഫു് ലോസു്” എന്ന ബിരുദം ആ യുവാവു കരസ്ഥമാക്കുകയുംചെയ്തു. കുട്ടിയുടെ പ്രശസ്തവിജയം പിതാവിനെ കുതൂഹലചിത്തനാക്കി. അൽഫോൻസുവഴി ലിഗോരികുടുംബം കീർത്തിയാർജ്ജിക്കുമെന്നു പിതാവു നിശ്ചയിച്ചു. രണ്ടുകൊല്ലം കൂടി അവൻ പഠനം തുടർന്നു; അനന്തരം വക്കീലായി സന്നദെടുത്തു ജോലിയിൽ പ്രവേശിച്ചു. അഞ്ചുകൊല്ലത്തിനകം അസാധാരണമായ പ്രശസ്തി അൽഫോൻസു സമാർജ്ജിച്ചു.

ആയിടയ്ക്കു് അൽഫോൻസിനെക്കൊണ്ടു് വിവാഹം കഴിപ്പിക്കുവാൻ പിതാവു തീരുമാനിച്ചു. ത്രേസ്യാ എന്ന ഒരു അവകാശിപ്പെണ്ണിനെ പിതാവു കണ്ടെത്തി; എന്നാൽ കല്യാണം നടക്കുന്നതിനുമുമ്പു ഒരു ആൺകുട്ടി ജനിക്കുകയാൽ ആ വിവാഹം വേണ്ടെന്നുവച്ചു. കുറേ ദിവസങ്ങൾക്കുശേഷം ആ ആൺകുട്ടി മരിച്ചുപോയി. അപ്പോൾ അതേ വിവാഹംതന്നെ നടത്താമെന്നു് അൽഫോൻസിൻെറ പിതാവു നിശ്ചയിച്ചു വിവാഹഉടമ്പടി നടത്തി. ആയവസരത്തിൽ ത്രേസ്യാ പറയുകയാണു്: “നിങ്ങൾക്കു് എന്നെയല്ല വേണ്ടതു്, എൻെറ പണമാണു്. ഞാൻ മഠത്തിലേക്കു പോകയാണു്.” അവൾ ഭക്തയായ ഒരു കർമ്മലീത്താ കന്യാസ്ത്രീയായി. ഈ വിവാഹാലോചനകളെപ്പററി അൽഫോൻസിൻെറ ചിന്താഗതി എന്തായിരുന്നുവെന്നു് ജീവചരിത്രകാരന്മാർ പറയുന്നില്ല.

## ബാറിൽനിന്നു ക്രൂപക്കൂട്ടിലേക്കു്

(റവ. ഫാദർ തോമസു് മൂത്തേടൻ എം. എ., ഡി. ഡി.)




പരിശുദ്ധാത്മാവിൻെറ ഏഴു വിശിഷ്ടദാനങ്ങൾ

അക്കാലത്തു നടന്ന വേറൊരു സംഭവം രസാവഹമാണു്. അൽഫോൻസിൻെറ വീട്ടിലെ ഒരു വേലക്കാരൻ വീട്ടിൽവന്ന ഒരു അതിഥി ഗോവണി ഇറങ്ങിപ്പോയ സമയത്തു വിളക്കു കാണിച്ചില്ല. പിതാവു് കോപിച്ചു് ശകാരം വർഷിക്കുവാൻ തുടങ്ങി. കുറേനേരം കേട്ടുനിന്നിട്ടു് സഹിക്കവഹിയാതെ അൽഫോൻസു് പിതാവിനോടു പറഞ്ഞു: “അപ്പച്ചൻ ഈ ചെറിയ കാര്യത്തിനു് എന്തൊരു ബഹളമാണുണ്ടാക്കുന്നതു്. ഒരിക്കൽ ശകാരിക്കുവാൻ തുടങ്ങിയാൽ പിന്നെ അതിനു് ഒരറുതിയില്ല.” പിതാവു് ക്രുദ്ധനായി മകൻെറ കൈപ്പലകയ്ക്കു് ഒന്നു കൊട്ടുതു. മൂകനായി അൽഫോൻസു് ശയ്യാതലം അവലംബിച്ചു. അത്താഴത്തിനു് അമ്മ മകനെ വിളിക്കുവാൻ വന്നപ്പോൾ തനിക്കു പററിയ അമളിയെപ്പററി അൽഫോൻസു് അമ്മയോടു പറയുകയും പിതാവിനോടു മാപ്പുതരുവാൻ ശുപാർശചെയ്യണമെന്നു് അഭ്യർത്ഥിക്കുകയുംചെയ്തു. സന്തോഷപൂർവ്വം മാതാവു് ആ കൃത്യം നിർവ്വഹിച്ചു. പിതാവു് മകൻെറ തെററു തൽക്ഷണം ക്ഷമിക്കുകയുംചെയ്തു. താൻ ചെയ്തതു് അധികമായിപ്പോയെന്നു് കണിശക്കാരനായ ഡോൺ ജോസഫും വിചാരിച്ചു.

ഇക്കാലത്തു ലോകാരൂപി കുറേശ്ശെ അൽഫോൻസിൻെറ ഹൃദയത്തിൽ നുഴഞ്ഞുകയറുവാൻ തുടങ്ങി. എല്ലാവരും അൽഫോൻസിൻെറ സ്തുതിപാഠകർ. നാടകശാലകളിലാണു് അൽഫോൻസു് സായാഹ്നം കഴിച്ചിരുന്നതു്. ക്രമേണ അൽഫോൻസു് ആദ്ധ്യാത്മികചുമതലകൾ നിറവേററുന്നതിനു വൈമുഖ്യം കാണിച്ചുതുടങ്ങി. ഏററവും മോശമായിട്ടാണു് ആ ദിവസങ്ങൾ താൻ തള്ളിനീക്കിയതെന്നാണു് അനന്തരകാലങ്ങളിൽ അൽഫോൻസു് അന്നത്തെ ജീവിതത്തെപ്പററി എഴുതിയിരുന്നതു്. അതുകൊണ്ടു് അനുവാചകർ വിചാരിക്കേണ്ട അൽഫോൻസു് അന്നു പാപത്തിൽ ആണ്ടുപോയെന്നു്. 1796-ൽ അൽഫോൻസിൻെറ നാമകരണപരിശോധകരുടെ മുമ്പിൽ അദ്ദേഹത്തിൻെറ കുമ്പസാരക്കാരൻ ഫാദർ ഡൊമിനിക്കു കൊർസാനോ ഇപ്രകാരമാണു പറഞ്ഞതു്: “മരണംവരെ സർവ്വേശൻെറ ഈ ദാസനിൽ വിരാജിച്ചിരുന്ന ആദ്ധ്യാത്മികനിഷ്കളങ്കത ഉജ്ജ്വലമായ അദ്ദേഹത്തിൻെറ ദൈവസ്നേഹത്തിൻെറ ഫലമാണു്. മാമ്മോദീസായിലെ വെള്ളവസ്ത്രത്തെ മാരകപാപം കൊണ്ടെന്നല്ല, പാപദോഷംകൊണ്ടുപോലും അദ്ദേഹം മലിനമാക്കിയിട്ടില്ല.”

1722 ൽ അൽഫോൻസു് ഒരു ധ്യാനംകഴിച്ചു. അന്നു് അൽഫോൻസിനു വയസ്സു് 26 ആയിരുന്നു. നഷ്ടപ്പെട്ടുപോയ ആദ്ധ്യാത്മികത്വം പ്രത്യാഗമിച്ചു. ആ ധ്യാനത്തെപ്പററി വിൻസെൻഷ്യൻ സന്യാസാധിപതിക്കു് അൽഫോൻസു് ഇപ്രകാരമെഴുതി: “നിങ്ങളുടെ സന്യാസമന്ദിരത്തിൽവച്ചാണു ലോകത്തിൽനിന്നു പിന്തിരിഞ്ഞു ദൈവത്തെ സ്നേഹിക്കുവാൻ പഠിച്ചതു്.” മകൻെറ ഈ ധ്യാനവും തജ്ജന്യമായ ആദ്ധ്യാത്മികപുരോഗതിയും അൽഫോൻസിൻെറ അമ്മയെ ആഹ്ലാദിപ്പിച്ചു. പിതാവു് മകനെക്കൊണ്ടു് വിവാഹം കഴിപ്പിച്ചു ലിഗോരികുടുംബത്തിൻെറ യശസ്സു് ശാശ്വതീകരിക്കുവാനുള്ള ആലോചനയായിരുന്നു. ഒരു യുവതിയെ അദ്ദേഹം തേടിക്കണ്ടുപിടിച്ചു; എന്നാൽ അൽഫോൻസിൻെറ ആദ്ധ്യാത്മികത്വവും മററും അവൾക്കു് അത്ര രസിച്ചില്ല. ആ വിവാഹവും നടന്നില്ല. അൽഫോൻസിനു് സന്തോഷമായി. ഏകനായി ജീവിതശേഷം കഴിക്കാമെന്നു് അൽഫോൻസു് നിശ്ചയിച്ചു.

അക്കാലത്തു് പ്രമാദമായ ഒരു കേസു് അൽഫോൻസു് വാദിക്കുവാനിടയായി. നേപ്പിൾസിലെ ഒരു പ്രഭുവിൻെറ കേസായിരുന്നു അതു്. ടസ്കനിയിലെ ഒരു പ്രഭുവിൽനിന്നു വലിയ സംഖ്യ അന്യായക്കാരനു ലഭിക്കുവാനുണ്ടായിരുന്നുവെന്നാണു് വാദം. അഡ്വോക്കേററ് അൽഫോൻസു് അസ്സലായിട്ടു വാദിച്ചു് ആനന്ദസമേതം ആസനസ്ഥനായപ്പോൾ പ്രതിഭാഗം വക്കീൽ എഴുന്നേററു് ഇപ്രകാരം വാദിച്ചു:

"താങ്കളുടെ യുക്തികൾ വൃഥാവിലാണു്. ഒരു പ്രമാണം കാണാതെയാണു് നിങ്ങളുടെ വാദം മുഴുവനും നിങ്ങൾ നടത്തിയതു്."

അൽഫോൻസു് ആ പ്രമാണം വാങ്ങി വായിച്ചുനോക്കി. അദ്ദേഹം വിളറി. മുഖം വാടി. ഗൽഗദത്തോടെ അദ്ദേഹം പറഞ്ഞു: "എനിക്കു തെററിപ്പോയി, താങ്കളാണു് ശരി. കേസു താങ്കൾ ജയിച്ചിരിക്കുന്നു." അൽഫോൻസു ലജ്ജിതനായി. മന:പൂർവ്വമായ വഞ്ചനയായിട്ടു തൻെറ അബദ്ധത്തെ പരിഗണിക്കുമെന്നു് അൽഫോൻസു വിചാരിച്ചു. ദൈവകരങ്ങൾ തന്നെ ലോകത്തിൽനിന്നു മാടിവിളിക്കുന്നതുപോലെ അദ്ദേഹത്തിനു തോന്നി. പരിഭ്രമത്തോടെ അൽഫോൻസു് ആക്രോശിച്ചു: "ലോകത്തിൻെറ മായയായ സ്വഭാവം എനിക്കിപ്പോൾ മനസ്സിലായി; ഇനി ഞാൻ കച്ചേരിയിലേക്കില്ല." അൽഫോൻസു് തൻെറ മുറിയിൽനിന്നു പുറത്തുകടക്കാതെ മൂന്നുദിവസം കഴിച്ചുകൂട്ടി. ഭക്ഷണവുംകൂടി കഴിച്ചില്ല. മകൻ മരിച്ചുപോകുമല്ലോ എന്നു അമ്മ കണ്ണുനീരോടുകൂടെ പറഞ്ഞപ്പോൾ അപ്പച്ചൻ പറകയാണു്: "മരിക്കട്ടെ." പിതാവിനു മകൻെറ പെരുമാററമൊന്നും പിടിച്ചില്ല. മകൻ കീർത്തിനേടണമെന്നുമാത്രമേ ആ പിതാവു് ആഗ്രഹിച്ചിരുന്നുള്ളു.

അൽഫോൻസു ജീവിതരീതി മുഴുവനും മാററി. കോടതിയിൽ പോകു നിറുത്തി. കക്ഷികളെ കാണുകപോലും ചെയ്തിരുന്നില്ല. അപ്പച്ചൻെറ ഒരു കേസുപോലും അൽഫോൻസു നടത്തുവാൻ വിസമ്മതിച്ചു. അങ്ങനെ അൽഫോൻസു് ഏത്രയും ഒതുങ്ങി ജീവിച്ചുവരുന്ന കാലത്തു് ഒരുദിവസം നേപ്പിൾസിലെ ഇസബെൽരാജ്ഞിയുടെ പിറന്നാളാഘോഷത്തിനു് അൽഫോൻസിനോടു പോകുവാൻ പിതാവു് ആവശ്യപ്പെട്ടു. അപ്പോൾ അൽഫോൻസു് ഇപ്രകാരം പറഞ്ഞു: "ഞാൻ എന്തിനു പോകുന്നു, അതെല്ലാം മായയാണു്." പിതാവു് കടുവായെപ്പോലെ ക്രുദ്ധനായി. ഉടനെ അൽഫോൻസു പറഞ്ഞു: "അപ്പച്ചാ, ഞാൻ കാരണം അപ്പച്ചൻ കോപിക്കേണ്ട, ഞാനും വരാം." "വേണ്ട, എവിടെയെങ്കിലും പൊയ്ക്കൊൾക. എൻെറ വീട്ടിൽനിന്നു് ഇറങ്ങു," എന്നായിരുന്നു കോപവിവശനായ പിതാവിൻെറ മറുപടി. പിതാവിൻെറ ആജ്ഞയനുസരിച്ചു് അൽഫോൻസു് വീട്ടിൽനിന്നിറങ്ങി. കിംകർത്തവ്യമൂഢനായി അവൻ അല്പം അലഞ്ഞുനടന്നു; അനന്തരം അടുത്തു തുറന്നുകിടന്നിരുന്ന ആശുപത്രിയിൽ അവൻ പ്രവേശിച്ചു. ദുർഭഗരായ രോഗികളുടെ മദ്ധ്യത്തിൽനിന്നു ദുഃഖിതനായ അൽഫോൻസു് തൻെറ പ്രശ്നത്തിനു് ഒരു പരിഹാരം അന്വേഷിച്ചു. തത്സമയം ഒരു ആന്തരികസ്വരം അവൻെറ ശ്രോത്രങ്ങളിൽ ആമന്ത്രണം ചെയ്തു: "ലോകത്തെ ഉപേക്ഷിച്ചു് എനിക്കു നിന്നെത്തന്നെ നീ സമർപ്പിക്കുക." ആഹ്ലാദഭരിതനായി അൽഫോൻസു് പ്രത്യുത്തരിച്ചു: "നാഥാ, ഈശോ, അങ്ങയുടെ കൃപാവരത്തെ എത്ര നാളായി ഞാൻ ചെറുക്കുവാൻ തുടങ്ങിയിട്ടു്. അങ്ങയുടെ അഭീഷ്ടംപോലെ എന്നോടു വർത്തിക്കുക."

അനന്തരം ദൈവമാതാവിൻെറ പള്ളിയിൽ പ്രവേശിച്ചു. തൻെറ അവകാശവാളു് അൾത്താരയിൽ വച്ചുകൊണ്ടു തന്നെത്തന്നെ ഈശോയ്ക്കു പ്രതിഷ്ഠിച്ചു. ജന്മാവകാശം പരിത്യജിച്ചു 1723 ആഗസ്റ്റ് 28-ാംനു 27-ാമത്തെ വയസ്സിലായിരുന്നു ഈ പ്രതിഷ്ഠ. പിന്നീടു് അൽഫോൻസു നടന്നതു് അടുത്ത വിൻസെൻഷ്യൻ ആശ്രമത്തിലേക്കാണു്. പിതാവിൻെറ അനുവാദംകൂടാതെ അൽഫോൻസിനെ ചേർക്കുവാൻ നിവൃത്തിയില്ലെന്നു ആശ്രമാധിപൻ പറഞ്ഞു. അൽഫോൻസു് വീട്ടിലേക്കു മടങ്ങി, വിവരം മാതാവിനേയും പിതാവിനേയും അറിയിച്ചു. പിതാവു് അനുമതിനൽകുകയില്ലെന്നു ശഠിക്കുക മാത്രമല്ല ഭാര്യാസഹോദരനായിരുന്ന ട്രോയായിലെ മെത്രാനച്ചനോടു് അൽഫോൻസിനെ അപ്രകാരം ഉപദേശിക്കുവാൻ അഭ്യർത്ഥിക്കുകകൂടിച്ചെയ്തു. എങ്കിലും മെത്രാനച്ചൻ ഡോൺ ജോസഫിനോടു പറഞ്ഞതു് ഇപ്രകാരമാണു്: "എൻെറ ആത്മാവിൻെറ രക്ഷയ്ക്കായി ഞാൻതന്നെ മൂത്ത പുത്രനുള്ള അവകാശം പരിത്യജിക്കുകയാണു ചെയ്തിട്ടുള്ളതു്. എൻെറയും അൽഫോൻസിൻെറയും ആത്മാവിനു നാശംവരുത്തുന്ന ഉപദേശം ഞാൻ എങ്ങനെ കൊടുക്കും?"

ഡോൺ ജോസഫ് അവസാനം അൽഫോൻസിനു് അനുമതിനൽകി; എന്നാൽ വിൻസെൻഷ്യൻ ആശ്രമത്തിൽ ചേരാൻ അനുവദിച്ചില്ല. വീട്ടിലിരുന്നു് പൗരോഹിത്യപഠനം നടത്തി 1726-ൽ അൽഫോൻസു് വൈദികനായി. കൊച്ചച്ചൻെറ പ്രസംഗപാടവത്തെപ്പററി പലരും പറഞ്ഞു കേൾക്കുവാനിടയായ പിതാവു് ഒരുദിവസം മകൻെറ പ്രസംഗമൊന്നു കേൾക്കുവാൻ പോയി. പ്രസംഗാനന്തരം മകനെ വിളിച്ചുകണ്ടു് ഇപ്രകാരം പറഞ്ഞു: "എൻെറ മകനേ, ഞാൻ നിന്നോടു് ഏത്രയും കൃതജ്ഞനാണു്. ദൈവത്തെ സ്നേഹിക്കുവാൻ നീ എന്നെ പഠിപ്പിച്ചിരിക്കുന്നു. അവിടുത്തേക്കു് ഏത്രയും ഇഷ്ടമുള്ള പരിശുദ്ധമായ ഒരന്തസ്സു് സ്വീകരിച്ചതിനു് ഞാൻ നിനക്കു നന്ദിപറയുകയും നിന്നെ അനുഗ്രഹിക്കുകയും ചെയ്യുന്നു."

1731-ൽ ഫാദർ അൽഫോൻസു് ദിവ്യരക്ഷകൻെറ സന്യാസസഭയുടെ അധിപനായി നിയമിക്കപ്പെട്ടു. 1762-ൽ മെത്രാനായി. 1787-ൽ 91-ാമത്തെ വയസ്സിൽ അൽഫോൻസു് മരിച്ചു. ബാറിൽനിന്നു പൗരോഹിത്യത്തിലേക്കു പ്രവേശിച്ചു മരിച്ച അൽഫോൻസിനു താമസിയാതെ തിരുസഭ പുണ്യപട്ടവും നൽകി.

—o—

# ക്ലാര ബൂത്ത് ലൂസ്

## ഒരു കത്തോലിക്കാ രാജ്യതന്ത്രജ്ഞ

(ഏ. ജി. അഗസ്റ്റിൻ, ബി. എ. ബി. എൽ.)

ഇററലിയിലെ അമേരിക്കൻ സ്ഥാനപതി മിസ്സിസ് ക്ലാര ബൂത്ത് ലൂസ് കത്തോലിക്കാ ചൈതന്യം തികഞ്ഞ ഒരു പ്രമുഖ രാജ്യതന്ത്രജ്ഞയാണു്. ഒരു കത്തോലിക്കാ വനിതയെ ഇത്ര ഉത്തരവാദിത്വമേറിയ സ്ഥാനത്തേക്കു നിയമിക്കുന്നതിൽ പ്രോട്ടസ്റ്റൻറുകാർ തുടങ്ങിയ അകത്തോലിക്കരുടെയിടയിൽ ശക്തിയായ എതിർപ്പുണ്ടായിരുന്നുവെങ്കിലും ഇപ്പോഴത്തെ ഐക്യരാജ്യഗവമ്മേണ്ടു അതൊന്നും വകവയ്ക്കാതെയാണു് പ്രസ്തുത മഹിളയെ ഇററലിയിലേക്കു സ്ഥാനപതിയായി അയച്ചതു്.

ഒരു പത്രപ്രവർത്തക എന്ന നിലയിലാണു് മിസ്സിസ് ലൂസ് പൊതുകാര്യങ്ങളിൽ ഇടപെട്ടുതുടങ്ങിയതു്. ഒന്നു രണ്ടു പ്രസിദ്ധീകരണങ്ങളുടെ പത്രാധിപരായിരുന്നു ആദ്യം. 1935-ൽ മി. ഹെൻട്രി ലൂസിനെ വിവാഹം കഴിച്ചതോടുകൂടി അദ്ദേഹത്തിൻെറ വിപുലമായ പ്രസിദ്ധീകരണസ്ഥാപനങ്ങളിൽ മിസ്സിസ് ലൂസ് മഹത്തായ ഭാഗഭാഗിത്വം വഹിച്ചുപോന്നു. അമേരിക്കൻ സാഹിത്യത്തിൽ സുപ്രചാരം സിദ്ധിച്ച ഏതാനും നാടകകൃതികളുടേയും മററു സാഹിത്യകൃതികളുടേയും രചയിതാവു് എന്ന നിലയിലും മിസ്സിസ് ലൂസ് പ്രസിദ്ധി ആർജ്ജിച്ചുകഴിഞ്ഞിട്ടുണ്ടു്. കഴിഞ്ഞ ലോകമഹായുദ്ധകാലത്തു സമരകാര്യങ്ങൾ റിപ്പോർട്ടു ചെയ്യുന്നതിനു യൂറോപ്യൻ യുദ്ധരംഗത്തു് ചെന്നു താമസിച്ച അവസരത്തിലാണു് ജനറൽ ഈസനോവറുമായി പരിചയപ്പെടുന്നതിനു ഇടയായതു്.

മി. വെണ്ടൽ വില്ക്കി അമേരിക്കൻ പ്രസിഡണ്ടുസ്ഥാനത്തിനു മത്സരിച്ച അവസരത്തിൽ മിസ്സിസ് ലൂസ് രാഷ്ട്രീയരംഗത്തു് സജീവമായി പ്രവർത്തിക്കാൻ തുടങ്ങി. റിപ്പബ്ലിക്കൻകക്ഷിയിലെ പ്രചരണവിദഗ്ധരിലൊരുവളായിരുന്നു ഈ വനിത. രണ്ടു പ്രാവശ്യം അമേരിക്കൻ കോൺഗ്രസിലെ അംഗമായി തിരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടു്. കഴിഞ്ഞ പ്രസിഡണ്ടു തിരഞ്ഞെടുപ്പിൽ ജനറൽ ഈസനോവറെ സഹായിച്ചു വിജയിപ്പിക്കുന്നതിൽ മിസ്സിസ് ലൂസ് മറക്കാനാവാത്ത പങ്കാണു് വഹിച്ചതു്. രാജ്യം മുഴുവനും പര്യടനം നടത്തി അനേകം ഗംഭീരപ്രസംഗങ്ങൾ ചെയ്യുകയുണ്ടായി. "ലൈഫ്" മാസികയുടെ വിദേശകാര്യലേഖക എന്ന നിലയിൽ മിസ്സിസ് ലൂസ് ഇന്ത്യ, ചൈന, ആഫ്റിക്കാ, ഫിലിപ്പൈൻസ്, ബർമ്മ തുടങ്ങിയ പല വിദേശരാജ്യങ്ങളും സന്ദർശിച്ചിട്ടുണ്ടു്.

1946 ഫെബ്രുവരിയിലാണു് മിസ്സിസ് ലൂസ് കത്തോലിക്കാസഭയിലേക്കു മാനസാന്തരപ്പെട്ടതു്. ലോകപ്രസിദ്ധനായ ബിഷപ്പ് ഫൾട്ടൺ ഷീൻ തിരുമേനിയുടെ കരങ്ങളിൽനിന്നാണു് ആ മഹതി ജ്ഞാനസ്നാനം സ്വീകരിച്ചതു് എന്ന വസ്തുത പ്രസ്താവ്യമത്രെ. കത്തോലിക്കാപരമായ വിഷയങ്ങളെ ആസ്പദമാക്കി അവർ അനേകം യോഗങ്ങളിൽ പ്രസംഗിച്ചിട്ടുണ്ടു്. അവർ എഴുതിയിട്ടുള്ള കത്തോലിക്കാ ഗ്രന്ഥങ്ങളും ആ മഹതിയുടെ സേവനതീക്ഷ്ണതയെയാണു് ദ്യോതിപ്പിക്കുന്നതു്. ദിവ്യബലിയെപ്പററി കൂടുതൽ എളുപ്പത്തിലും ഗാഢമായും മനസ്സിലാക്കുന്നതിനു ജനങ്ങൾക്കു സഹായകമായ രീതിയിൽ ഒരു പുസ്തകമെഴുതയിട്ടുള്ളതു് സ്മരണീയമത്രെ. ദൈവാസ്തികൃത്തെപ്പററിയും അവർ ഒരു പ്രശസ്തഗ്രന്ഥമെഴുതിയിട്ടുണ്ടു്. പ്രാർത്ഥനയിൽ അവർക്കു അതിയായ വിശ്വാസമാണുള്ളതു്. "എനിക്കുവേണ്ടി പ്രാർത്ഥിക്കുക" എന്നാണു് ആ മഹതി എല്ലാവരോടും ആവശ്യപ്പെടുന്നതു്. പലരുടേയും പ്രതിഷേധപ്രകടനങ്ങൾ ഉണ്ടായിട്ടും മിസ്സിസ് ലൂസിനെ ഇററലിയിലെ സ്ഥാനപതിയായി നിയോഗിച്ചതു് അവരുടെ കാര്യക്ഷമതയേയും സ്വഭാവവൈശിഷ്ട്യത്തേയും പരിഗണിച്ചാണു്. താരതമ്യേന ശ്രമാവഹമായ ഈ ജോലികൾ അവർ പ്രശംസാർഹമായ വിധത്തിലാണു് നിർവ്വഹിച്ചുകൊണ്ടിരിക്കുന്നതെന്ന കാര്യം അഭിമാനകരംതന്നെ.

## കൃതജ്ഞത

വി. യൗസേപ്പുപിതാവിൻെറ സഹായത്താൽ അസാദ്ധ്യമെന്നു കരുതിയിരുന്ന എൻെറ സുഖക്കേടു മാറിയതിനും ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനും ഉപകാരസ്മരണ. കാലതാമസം വരുത്തിയതിനു ക്ഷമാപണം.

അറയ്ക്കൽ
ഈനാസ്സു് ഔസേപ്പുകുട്ടി
നായരമ്പലം, വാടേൽ

## വത്തിക്കാൻ സ്റ്റേററ് പ്രോ-സിക്രട്ടറിമാർക്കു് പ്രത്യേക ബഹുമതികൾ

മാർപ്പാപ്പായുടെ സ്റ്റേററു് പ്രോ-സിക്രട്ടറിമാരായ മോൺസിഞ്ഞോർ തർദീനി, മോൺസിഞ്ഞോർ മൊന്തീനി എന്നിവർക്കു പരിശുദ്ധ സിംഹാസനത്തിൽനിന്നു് അനിതരസാധാരണമായ ബഹുമതികൾ നൽകിയിരിക്കുന്നു. പരിശുദ്ധ മാർപ്പാപ്പാ അവർക്കു കല്പിച്ചുനൽകിയിട്ടുള്ള ഒരു തിരുവെഴുത്തിൽ അവരെ അറിയിച്ചിട്ടുള്ളതു്, മേലിൽ നടക്കുന്ന എല്ലാ പ്രധാന പോണ്ടിഫിക്കൽ ചടങ്ങുകളിലും അവർക്കു മെത്രാന്മാരിലും മെത്രാപ്പോലീത്താമാരിലും പാത്രിയാർക്കന്മാരിലും ഉയർന്നതായ പരിഗണനയുണ്ടായിരിക്കുന്നതാണെന്നും, കർദ്ദിനാളന്മാർ കഴിഞ്ഞാൽ അടുത്തസ്ഥാനമാണു് അവരുടേതെന്നുമത്രെ. പരിശുദ്ധ പിതാവു് ഈ രണ്ടു മോൺസിഞ്ഞോറന്മാരേയും കർദ്ദിനാളന്മാരായി ഉയർത്തുന്നതിനു നിശ്ചയിച്ചതാണെന്നും, എന്നാൽ മാർപ്പാപ്പായെ വ്യക്തിഗതമായ നിലയിൽ അടുത്തു പരിചരിക്കുന്നതിനുള്ള അവസരം അവർക്കു തുടർന്നുണ്ടാകത്തക്കവിധം ആ ഉന്നതസ്ഥാനത്തിൽനിന്നവരെ ഒഴിവാക്കണമെന്നു നിരന്തരമായി അവർ അഭ്യർത്ഥിച്ചുകൊണ്ടിരുന്നതുമൂലമാണു് അതു പ്രഖ്യാപിക്കാതിരുന്നതെന്നും കഴിഞ്ഞകൊല്ലം ഫെബ്രുവരിമാസത്തിൽ നടന്ന കൊൺസിസ്റ്ററിയോഗത്തിൽ മാർപ്പാപ്പാ വെളിപ്പെടുത്തിയിട്ടുള്ളതാണു്. ഈ രണ്ടു മോൺസിഞ്ഞോറന്മാരും പന്ത്രണ്ടാംപീയൂസു് മാർപ്പാപ്പാ സ്റ്റേററുസിക്രട്ടറിയായിരുന്നപ്പോൾ, പതിനൊന്നാം പീയൂസിൻെറ അണ്ടർസിക്രട്ടറിമാരായി സേവനം സമാരംഭിച്ചതാണു്.


# ദി കാത്തലിക്കു് ബാങ്കു് ഓഫ് ഇന്ത്യാ (ക്ലിപ്തം)

ക്ലിപ്തബാദ്ധ്യതയോടുകൂടി 1938-ൽ തിരുവിതാംകൂർ-കൊച്ചിയിൽ രജിസ്റ്റർചെയ്യപ്പെട്ടതു്.

## ഹെഡ് ഓഫീസ്: ചങ്ങനാശ്ശേരി

ശാഖകൾ: ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

| | | |
|---|---|---|
| അധികൃതമൂലധനം. | രൂ. | 10,00,000—0—0 |
| വാഗ്ദത്തമൂലധനം. | " | 6,00,000—0—0 |
| പിരിഞ്ഞുകിട്ടിയ മൂലധനം. | " | 5,95,750—0—0 |

## ഡയറക്ടേഴ്സ്

1. ശ്രീ പോൾ വറുഗീസ് ബി. എ., ബി. എൽ., ചങ്ങനാശേരി (ചെയർമാൻ)
2. " കുഞ്ചെറിയാ കെ. പുരക്കൽ, പുളിങ്കുന്നു്
3. " തോമസ് ററി. കുരിയാളശ്ശേരിൽ, ചമ്പക്കുളം
4. " ഡോമിനിക്കു് ജോസഫ് കുരുവിനാക്കുന്നേൽ, ഇടമററം, ഭരണങ്ങാനം
5. " മൈക്കൾ എ. കള്ളിവയലിൽ ബി. എ., കൊണ്ടുപറമ്പിൽ, വിളക്കുമാടം
6. " തോമസ് ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി
7. " മൈക്കൾ ജെ. കള്ളിവയലിൽ ബി. എസ്സ്സി, കാളകെട്ടി (സെക്രട്ടറി)
8. " കുഞ്ചെറിയാ ററി. മാറാട്ടുകുളം എം. എ., ചങ്ങനാശേരി (മാനേജിംഗ് ഡയറക്ടർ)

# കമ്മ്യൂണിസം കൂടുതലായി എന്തുകൊണ്ടു കത്തോലിക്കാ രാജ്യങ്ങളിൽ?

(ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ.)

ഉത്തരം കിട്ടാത്ത പല ചോദ്യങ്ങൾ തിരമാലകൾ കണക്കെ അവിരാമം എന്റെ ഹൃദയത്തിന്റെ അടിത്തട്ടിൽ പൊന്തി ഉയരുക പതിവാണ്. അപ്രകാരമുള്ളവയിൽ ഒന്നാണ് ഈ ലേഖനത്തിന്റെ ശീർഷകമായി ഞാനുപയോഗിച്ചിരിക്കുന്നതു്. ഒരാൾ കത്തോലിക്കനായിരിക്കുന്നതിനു ശിക്ഷയെന്നോണം അയാൾക്കു ലഭിച്ചിരിക്കുന്ന ബാദ്ധ്യതയാണ് സഭയെപ്പററിയുള്ള തെററിദ്ധാരണകൾ നീക്കിക്കൊടുക്കുക, അപവാദങ്ങൾ ഖണ്ഡിക്കുക, തെററിലകപ്പെട്ടിരിക്കുന്ന അകത്തോലിക്കാ സഹോദരങ്ങൾക്കു യാഥാർത്ഥ്യം മനസ്സിലാക്കിക്കൊടുക്കുക മുതലായവ. വേദപുസ്തകം വായിക്കുന്നതിനു സഭ കത്തോലിക്കാവിശ്വാസികളെ മുടക്കുന്നില്ല, പ്രത്യുത നിർബന്ധിക്കുന്നു; കത്തോലിക്കർ വിഗ്രഹാരാധന നടത്തുന്നില്ല, എന്നിപ്രകാരമുള്ള സംഗതികൾ കാര്യ്യകാരണസഹിതം ഒരു അകത്തോലിക്കാസഹോദരന്റെ പക്കൽ നിരത്തിവച്ചുകഴിയുമ്പോൾ അയാൾ ചോദിക്കുന്നു: "കത്തോലിക്കാരാജ്യങ്ങളിൽ കമ്മ്യൂണിസം വളരുന്നതിനും പ്രോട്ടസ്റ്റൻറുരാജ്യങ്ങളിൽ അതു പുഷ്ടിപ്പെടാതിരിക്കുന്നതിനും കാരണമെന്തു്" എന്നു്. ആ സഹോദരനോടു് എനിക്കു പറയുവാനുള്ളതു് ലോകത്തിൽ ഇന്നു സ്പെയിൻ, ഐർലണ്ടു് എന്നീ രണ്ടു കത്തോലിക്കാരാജ്യങ്ങൾ മാത്രമേ പ്രായേണ നിലവിലുള്ളുവെന്നാണ്. സ്പെയിനിൽ ഒരുകാലത്തു് ആ നാരകീയശക്തി കാൽകുത്തിയിരുന്നു. എന്നാൽ ഉടനെതന്നെ അവിടെനിന്നു ഓടിയൊളിക്കേണ്ടിവന്നു. ഇപ്പോൾ നിലവിലിരിക്കുന്ന വിധമുള്ള കമ്മ്യൂണിസം ഐർലണ്ടിൽ കാലുകുത്തിയിട്ടില്ല. ഇന്നു ഇംഗ്ലണ്ടു് എപ്രകാരം പ്രോട്ടസ്റ്റൻറു രാജ്യമായിരിക്കുന്നുവോ അതിൽ കൂടുതൽ ഇററലി, ഫ്രാൻസു് മുതലായവ കത്തോലിക്കാ രാജ്യങ്ങളായിരിക്കുന്നില്ല.

ആധുനികകമ്മ്യൂണിസത്തിന്റെ ആദ്യഘട്ടത്തിലേക്കു നമുക്കൊന്നു കടക്കാം. ആരാണ് അതിന്റെ സ്ഥാപകൻ. കാൾമാർക്സ് എന്ന ജർമ്മൻകാരൻ (1818-1883). അദ്ദേഹം ജനിച്ചതും വളർന്നതും പ്രോട്ടസ്റ്റൻറുരാജ്യമായ ജർമ്മനിയിലാണ്. എന്നാൽ കാലാന്തരത്തിൽ മാർക്സ് ജർമ്മനി ഇഷ്ടപ്പെട്ടില്ല, ജർമ്മനിക്കു അദ്ദേഹം പ്രിയംകരനായുമില്ല. തദ്വാരാ അദ്ദേഹം ഫ്രാൻസിലേക്കു പോയി. എന്നാൽ ഫ്രഞ്ചുജനത അദ്ദേഹത്തെ കാര്യമായി ഗൗനിക്കാഞ്ഞതിനാൽ 1845-ൽ അദ്ദേഹം ഇംഗ്ലണ്ടിലേക്കു തിരിച്ചു. ഇവിടെവച്ചു അദ്ദേഹം വിപ്ലവാത്മകമായ തന്റെ ഗ്രന്ഥങ്ങൾ എഴുതി. ജീവിതശിഷ്ടം പ്രോട്ടസ്റ്റൻറുരാജ്യമായ ഇംഗ്ലണ്ടിൽ ചെലവഴിച്ചു് പ്രോട്ടസ്റ്റൻറു് സംസ്കാരത്തിൽ തന്റെ ആശയങ്ങൾ കരുപ്പിടിപ്പിച്ചു. ഒരു പ്രോട്ടസ്റ്റൻറു സിമിത്തേരിയിൽ അദ്ദേഹം സംസ്കരിക്കപ്പെടുകയുംചെയ്തു. എന്നാൽ ഇപ്പോൾ നാം ചിന്തിക്കേണ്ടതു് അദ്ദേഹത്തിന്റെ കമ്മ്യൂണിസ്റ്റാദർശം നല്ലതോ, ചീത്തയോ, നിഷ്പക്ഷമനോഭാവത്തോടുകൂടിയതോ എന്നല്ല, പ്രത്യുത അതു എവിടെ ആദ്യം വേരുറച്ചുവെന്നുള്ളതാണ്. അതു ഒരു കത്തോലിക്കാരാജ്യത്തിലാണോ? അല്ല. അതു തഴച്ചുവളർന്നതു് ഒരിക്കലും കത്തോലിക്കാരാജ്യമായിരുന്നിട്ടില്ലാത്ത റഷ്യയിലാണ്. കത്തോലിക്കാസഭയോടു് ഒരിക്കലും രമ്യതയിൽ കഴിഞ്ഞുകൂടിയിട്ടില്ലാത്ത ഒരു രാജ്യത്തിലാണ്. അകത്തോലിക്കാരാജ്യമായ റഷ്യയിൽനിന്നും പ്രോട്ടസ്റ്റൻറു് ജർമ്മനിയിലേക്കു അതു പടർന്നുപിടിച്ചു. എന്റെ അകത്തോലിക്കാസഹോദരങ്ങൾ മറന്നുപോയിട്ടുണ്ടെങ്കിൽ അവരെ ഞാൻ ഓർമ്മിപ്പിക്കട്ടെ, ഹിററ്ലർ കമ്മ്യൂണിസത്തോടും കത്തോലിക്കാ ഹയരാർക്കിയോടും ഒരേ വിരോധമനോഭാവത്തോടെയാണ് പെരുമാറിയിരുന്നതു് എന്നു്. ഹിററ്ലറിന്റെ കാലംമുതൽ കത്തോലിക്കാരാജ്യങ്ങളിൽ കമ്മ്യൂണിസത്തിനു പറയത്തക്ക ഒരു സുസ്ഥിതി കൈവന്നിട്ടില്ല.

എന്നാൽ എന്തുകൊണ്ടാണ് ഇററലിയിൽ കമ്മ്യൂണിസത്തിനു ഇത്ര പ്രാബല്യം സിദ്ധിച്ചിരിക്കുന്നതു്. അവിടെ കമ്മ്യൂണിസ്റ്റുകാർക്കു ഇത്രവലിയ പ്രാതിനിധ്യം ഗവമ്മെൻറിൽ കിട്ടാൻ കാരണമെന്താണ്? ഇതിന്റെ കാരണമറിയുന്നതിനു ചരിത്രത്തിന്റെ താളുകൾ കുറച്ചൊന്നു മറിച്ചുനോക്കേണ്ടിയിരിക്കുന്നു. അപ്പോൾ നമുക്കു് കാണാൻസാധിക്കും കാൾമാർക്സിനു സമകാലീനനായി ഇററലിയിൽ ഗാരിബാൾഡി (1807-1883) എന്നൊരാൾ ജീവിച്ചിരുന്നുവെന്നു്. സ്വരാജ്യസ്നേഹി എന്ന അപരനാമം അദ്ദേഹത്തിനുണ്ടായിരുന്നു. എന്നാൽ ആ സ്വരാജ്യസ്നേഹത്തിന്റെ ആഴം നമുക്കൊന്നു പരിശോധിക്കാം. ഗവമ്മെൻറുവക ഒരു കപ്പൽ ആക്രമിക്കുന്നതിനു തസ്കരന്മാരോടുകൂടി ചേർന്നതിനാൽ അദ്ദേഹത്തെ 1834-ൽ വധശിക്ഷയ്ക്കു വിധിച്ചു. ഇററലിയുടെയും ലോകത്തിന്റെ പൊതുവെയും നിർഭാഗ്യത്താലായിരിക്കാം, തെക്കേ അമേരിക്കയിലേക്കു അദ്ദേഹം ഓടിയൊളിച്ചു. അവിടെ സ്വാതന്ത്ര്യം നേടുന്നതിനുള്ള സമരത്തിലേർപ്പെട്ടു. സ്വരക്ഷയ്ക്കോ അമേരിക്കയുടെ സ്വാതന്ത്ര്യത്തിനോ സമരം നടത്തിയതെന്നുള്ളതു വാദവിഷയമാണ്. 1848-ൽ ഇററലിയിൽ തിരിച്ചുവന്നു് റോമൻറിപ്പബ്ലിക്കൻ ഗവമ്മെൻറിൽ ചേർന്നു. പിന്നെയും സ്വരക്ഷ കരുതി ന്യൂയോർക്കിലേക്കു പലായനംചെയ്തു. 1854-ൽ ഇററലിയിൽ തിരിച്ചുവന്നപ്പോൾ ഒരു സൈന്യത്തിന്റെ നേതാവായി റോമിൽ പ്രവേശിച്ചു മാർപ്പാപ്പായ്ക്കുണ്ടായിരുന്ന രാജ്യമെല്ലാംകൈവശപ്പെടുത്തി. ഇതുകൊണ്ടും തൃപ്തിവരാഞ്ഞിട്ടു ഗാരിബാൾഡിയും അനുയായികളും വൈദികരെ നാടുകടത്തുകയും സ്കൂളുകൾ കൈവശപ്പെടുത്തുകയുംചെയ്തു. ഈ സംഭവത്തിന്റെ അനന്തരഫലമായി കത്തോലിക്കാസ്കൂളുകൾക്കു യാതൊരു പണസഹായവും ഗവമ്മെൻറു ഇപ്പോഴും ചെയ്യുന്നില്ല. ഒരാൾ തനിക്കുള്ള അപ്പം തിന്നുതീർക്കുകയും അതേസമയം തനിക്കതു കൈവശമുണ്ടായിരിക്കയും ചെയ്യുകയെന്നതു സംഭവ്യമല്ല. കത്തോലിക്കാസഭയെ രാജ്യത്തുനിന്നും നിഷ്കാസനം ചെയ്തു് അതിനെ പൂർണ്ണമായി മർദ്ദനത്തിനു വിധേയമാക്കുകയും കത്തോലിക്കാവിദ്യാഭ്യാസം പൗരന്മാർക്കു നൽകാതിരിക്കയും ചെയ്യുക. അപ്രകാരമെങ്കിൽ ആ രാജ്യത്തെ കത്തോലിക്കാരാജ്യമെന്നു പറയുവാൻ പാടില്ല. ഗാരിബാൾഡിയുടെ അക്രമപ്രവൃത്തികൾക്കു പ്രതിഷേധമായി ഒൻപതാം പീയൂസു് പാപ്പാ സ്വമേധയാ വത്തിക്കാനിൽ ജയിൽവാസമനുഭവിച്ചനാൾമുതൽ ഇററലി ഒരു കത്തോലിക്കാരാജ്യമല്ലാതായിത്തീർന്നു.

ഇററലിക്കനുഭവപ്പെട്ടതുതന്നെയാണ് കഴിഞ്ഞ ശതാബ്ദത്തിൽ ഫ്രാൻസിനുമുണ്ടായതു്. സന്യാസസഭകളെല്ലാം ബഹിഷ്കരിക്കപ്പെട്ടു. സ്കൂളുകളിൽനിന്നും ക്രൂശിതരൂപങ്ങൾ മാററപ്പെട്ടു. Grand Orient Lodge of Freemasonry എന്ന സംഘം ഭരണം കൈവശപ്പെടുത്തി. ഇതിനെ പ്രതിഷേധിച്ചുകൊണ്ടു എൺപതിനായിരം കത്തോലിക്കർ ഒപ്പുവച്ചു ഒരു മെമ്മോറാണ്ഡം ഗവമ്മെൻറിനു സമർപ്പിച്ചു. എന്നാൽ അവർ ഭൂരിപക്ഷമുണ്ടായിരുന്നതിനാൽ ആ ഹർജി തള്ളപ്പെട്ടു. ഈ സംഭവങ്ങളിൽനിന്നും ഏതാണ്ടു് മനസ്സിലാക്കാം കഴിഞ്ഞ അൻപതും നൂറും കൊല്ലങ്ങൾക്കിടയിലുള്ള കാലത്തു ഇററലിയേയും ഫ്രാൻസിനേയും കത്തോലിക്കാരാജ്യങ്ങളെന്നു വിളിക്കുവാൻ സാദ്ധ്യമല്ലായെന്നു്. ഇതിൽനിന്നും അർത്ഥമാക്കേണ്ടതില്ല, അന്നു അവിടങ്ങളിൽ ആയിരക്കണക്കിനു മതചൈതന്യമുള്ള കത്തോലിക്കർ ഇല്ലായിരുന്നുവെന്നു്. അവർ കത്തോലിക്കരായി ജീവിച്ചതു ഗവമ്മെൻറിന്റെ ആനുകൂല്യംകൊണ്ടല്ല. ഇംഗ്ലണ്ടിലെ കത്തോലിക്കരുടെ സ്ഥിതിയും ഇതുതന്നെ. ഇപ്രകാരമുള്ള ഗാരിബാൾഡികളും ഫ്രീമേസൺകാരും അവരുടെ അനുയായികളുമാണ് ഇററലിയിലും ഫ്രാൻസിലും കമ്മ്യൂണിസത്തിന്റെ വിത്തു വിതച്ചതും കാലക്രമേണ അതു തഴച്ചുവളരുവാനിടയാക്കിയതും. ഈ മതവിരോധികൾ സഭയെ മർദ്ദിച്ചപ്പോൾ കമ്മ്യൂണിസമെന്ന ആശയം അവരുടെ മനസ്സിൽ കടന്നുകൂടിയിട്ടില്ലായിരിക്കാം. എന്നാൽ ഇവരുടെ ദുഷിച്ച പ്രവർത്തനങ്ങളില്ലായിരുന്നുവെങ്കിൽ ഇന്നു ഇററലിയും ഫ്രാൻസും പൂർണ്ണകത്തോലിക്കാരാജ്യമായി നമുക്കു കാണുവാൻ കഴിയുമായിരുന്നു. സജീവവും സുദൃഢവുമായ വിശ്വാസമില്ലാത്തവർക്കു മാർക്സിസ്റ്റു് സിദ്ധാന്തങ്ങളിലേക്കു ഒരു ചാച്ചിലുണ്ടാകുക സ്വാഭാവികമാണല്ലോ. അതനുസരിച്ചു കത്തോലിക്കാവിശ്വാസത്തിൽനിന്നു വ്യതിചലിച്ച ഇററലി, ഫ്രാൻസു് മുതലായ രാജ്യങ്ങൾ പണ്ടേക്കു പണ്ടേ കമ്മ്യൂണിസ്റ്റാദർശത്തിനിരയായിക്കഴിഞ്ഞിരുന്നു.

സഭാവിരോധികൾ പിന്നെയും ചോദിക്കുന്നു, ഇററലി, ഫ്രാൻസു് മുതലായ രാജ്യങ്ങളിലെ ദരിദ്രരും നിരക്ഷരകുക്ഷികളുമായ കത്തോലിക്കാ ജനതയുടെമേൽ പാപ്പായും വൈദികരും പ്രയോഗിക്കുന്ന അന്യായമായ അധികാരശക്തിയല്ലയോ കമ്മ്യൂണിസം അവിടെ വളരുവാൻ വഴി തെളിക്കുന്നതു് എന്നു്. അല്ല, സാധുക്കളും അക്ഷരജ്ഞാനമില്ലാത്തവരുമായ കത്തോലിക്കരല്ല കമ്മ്യൂണിസത്തെ താലോലിക്കുന്നതു്. പിന്നെയോ, വിജ്ഞാനികളായ, കമ്മ്യൂണിസ്റ്റുകാരുടെ ചതിപ്രയോഗങ്ങളിലകപ്പെട്ട അകത്തോലിക്കാസാധുക്കളാണ് കമ്മ്യൂണിസത്തെ മാടിവിളിക്കുന്നതു്. ഒരു യഥാർത്ഥകത്തോലിക്കനു ഒരു കമ്മ്യൂണിസ്റ്റാകുവാൻ സാദ്ധ്യമല്ല കാരണം കമ്മ്യൂണിസ്റ്റു് തത്വം വെറും ഭൗതികവും യുക്തിവിരുദ്ധവുമാണ്. കത്തോലിക്കാമതമാകട്ടെ ആദ്ധ്യാത്മികബദ്ധവും ദൈവസ്ഥാപിതവുമാണ്. ലൗകികമാത്രവും ആത്മികവുമായ കാര്യ്യങ്ങൾതമ്മിൽ ഒരു സാധർമ്മ്യം കല്പിക്ക സാദ്ധ്യമല്ല. വിശുദ്ധന്മാർ പുറംതെരുവുകളിൽ ജനിക്കയും വളരുകയും ചെയ്തിട്ടുണ്ടു. അജ്ഞതയുടെ സാഹചര്യങ്ങളിൽനിന്നു് വിജ്ഞാനികൾ വളർച്ചപ്രാപിച്ചിട്ടുണ്ടു്. വിദ്യയുടെ അഭാവവും ദാരിദ്ര്യവും കത്തോലിക്കാമതത്തിന്റെ അധഃപതനഹേതുക്കളായി എടുക്കുകയാണെങ്കിൽ ഐർലണ്ടിൽ ആ അളവു് പ്രായോഗികമല്ലല്ലോ. ഇംഗ്ലണ്ടിൽ വില്യം മൂന്നാമന്റെ ഭരണകാലത്തു് ഐറിഷ് ജനത നാനാവിധത്തിലുള്ള പീഡകൾ സഹിക്കേണ്ടിവന്നു. എന്നാലും അവർ വിശ്വാസം നഷ്ടപ്പെടുത്തിയില്ല. അവിടെ കത്തോലിക്കാസ്കൂളുകൾ പൂട്ടപ്പെട്ടു ഭവനങ്ങൾ അഗ്നിക്കിരയാക്കി. വൈദികർ ബഹിഷ്കൃതരായി. മെത്രാന്മാർ അലഞ്ഞുതിരിഞ്ഞു നടക്കേണ്ടിവന്നു. സാധുക്കളായ കൃഷിക്കാരുടെ വസ്തുവകകൾ ഗവമ്മെൻറു കൈവശപ്പെടുത്തി. ഇതൊക്കെയാണെങ്കിലും ഐറിഷ്ജനത വിശ്വാസമുപേക്ഷിച്ചില്ല. ഇതിൽനിന്നും നാം അനുമാനിക്കേണ്ടതു്, യഥാർത്ഥമായ കത്തോലിക്കാ രാജ്യങ്ങളിൽ കമ്മ്യൂണിസത്തിന്റെ പൊള്ളത്തരങ്ങൾ വിലപ്പോവില്ല എന്ന പരമാർത്ഥമാണ്.

---

തിരുസഭാചരിത്രം 35

# പാഷണ്ഡതയും ശീശ്മയും

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

സഭയുടെ വിശ്വാസസത്യങ്ങളിൽനിന്നുള്ള വ്യതിയാനമാണ് പാഷണ്ഡത എന്നു പറയുന്നതു്. ശീശ്മയാകട്ടെ ശിക്ഷണസംബന്ധമായ കാര്യ്യങ്ങളിൽ സഭയുടെ അധികാരത്തെ ചോദ്യംചെയ്യുന്നതിന്റെ ഫലമായിട്ടുണ്ടാകുന്ന വിച്ഛേദഭാവമാണ്.

സഭയുടെ ആരംഭകാലം മുതൽക്കുതന്നെ പാഷണ്ഡതകൾ ആവിർഭവിച്ചിട്ടുണ്ടു്. ജ്ഞാനസ്നാനം സ്വീകരിക്കുന്ന പുറജാതിക്കാർ ഛേദനാചാരം തുടങ്ങിയുള്ള യഹൂദമുറകൾ അനുഷ്ഠിക്കുന്നെങ്കിൽ മാത്രമേ രക്ഷപ്രാപിക്കയുള്ളു എന്ന തെററായ വാദം ഉന്നയിക്കപ്പെട്ടതും ശ്ലീഹന്മാരുടെ തിരുസ്സംഘം അതേസംബന്ധിച്ചു വിധികല്പിച്ചതും മുന്നൊരു ലേഖനത്തിൽ വിവരിച്ചിട്ടുണ്ടു്. സഭയുടെ സ്ഥാപനത്തോടു വളരെ അടുത്തുതന്നെ ആവിർഭവിച്ച ഒരു പാഷണ്ഡതയാണിതു്. ഇതുപോലെ എല്ലാക്കാലങ്ങളിലും തിരുസ്സഭയുടെ വിശ്വാസസത്യങ്ങൾക്കു വിരുദ്ധമായ തത്വങ്ങൾ പ്രചരിപ്പിക്കുവാനുള്ള അനവധി ശ്രമങ്ങൾ നടന്നിട്ടുണ്ടു്. പാഷണ്ഡതകളെ സഭ അപ്പഴപ്പോൾ ശപിക്കയും പ്രതിരോധിക്കയും ചെയ്തിട്ടുണ്ടു്.

വിശ്വാസസത്യങ്ങളെ സംബന്ധിച്ചുള്ള സഭയുടെ നിലപാടിനേയും അവയ്ക്കു വിരുദ്ധമായുള്ള പാഷണ്ഡതകളുടെ ഉത്ഭവഹേതുക്കളേയുംപററി അല്പം പരിചിന്തിക്കേണ്ടിയിരിക്കുന്നു. ദൈവനിവേശിതങ്ങളായ സത്യങ്ങൾ മനുഷ്യന്റെ സ്വാതന്ത്ര്യബുദ്ധിയുടെ മുമ്പിൽ അവതരിപ്പിക്കപ്പെടുമ്പോൾ അവയെ ശാസ്ത്രീയമായ രീതിയിൽ അപഗ്രഥനംചെയ്തു ഗ്രഹിക്കുവാൻ ശ്രമിക്കുക സ്വാഭാവികമാണ്. വെളിപാടിൽ അടങ്ങിയിരിക്കുന്ന ദിവ്യരഹസ്യങ്ങളെ പരിപൂർണ്ണമായി ഗ്രഹിക്കുവാൻ മനുഷ്യബുദ്ധിക്കു സാധിക്കുമെന്നുള്ള ഒരു ബോദ്ധ്യം മനുഷ്യമനസ്സിന്റെ അടിത്തട്ടിൽ കുടികൊള്ളുന്നുണ്ടാവും. എന്നാൽ മനുഷ്യബുദ്ധിയുടെ പരിമിതിയെ ഗണ്യമാക്കാതെയുള്ള ഈ പുറപ്പാടു് പലപ്പോഴും അപകടകാരിയായിപ്പരിണമിക്കുന്നു. അതു് ദൈവികസത്യങ്ങളുടെ നിഷേധത്തിലോ അല്ലെങ്കിൽ അവയെ സംബന്ധിച്ചുള്ള തെററായ നിഗമനങ്ങളിലോ ചെന്നവസാനിച്ചെന്നു വരാം. ഇപ്രകാരമാണ് പാഷണ്ഡതകൾ അധികപങ്കും ഉത്ഭവിക്കുന്നതു്.

എന്നാൽ ദിവ്യരഹസ്യങ്ങളിലേക്കു ചുഴിഞ്ഞിറങ്ങുവാനും അവയെ യുക്തിപൂർവ്വം അപഗ്രഥിച്ചു വിശദീകരിക്കുവാനും ശാസ്ത്രീയമായി സ്ഥാപിക്കുവാനുമുള്ള മനുഷ്യബുദ്ധിയുടെ പരിശ്രമങ്ങളെ സഭ നിരുത്സാഹപ്പെടുത്തുന്നില്ല. വി. പൗലോസ് തുടങ്ങി തിരുസ്സഭയിലുണ്ടായിട്ടുള്ള പ്രതിഭാശാലികളായ ദൈവശാസ്ത്രപണ്ഡിതന്മാർ സാധിച്ചിട്ടുള്ളതും ഇതാണ്. എന്നാൽ ഈ ഗഹനങ്ങളായ സത്യങ്ങളെ ആവിഷ്കരിക്കുന്നതിൽ മനുഷ്യന്റെ ബുദ്ധിശക്തിയെ മാത്രം സഭ പൂർണ്ണമായി ആശ്രയിക്കുന്നില്ല. ആദിമശതകങ്ങളിൽ ജീവിച്ചിരുന്ന പ്രതിഭാശാലികളിൽ അഗ്രഗണ്യരായ തെർത്തുല്യനും ഓറിജനും ദൈവശാസ്ത്രസംബന്ധമായ നിഗമനങ്ങളിൽ ധാരാളം തെററുപററിയിട്ടുണ്ടെന്നുള്ളതു് പ്രത്യേകം പ്രസ്താവ്യമാണ്. മഹാനായ വി. അഗസ്റ്റീനോസ് (St. Augustine) പോലും ഒരു കാലഘട്ടത്തിൽ അബദ്ധസിദ്ധാന്തങ്ങൾ പ്രചരിപ്പിക്കുന്നതിൽ വ്യഗ്രത പ്രദർശിപ്പിച്ചിരുന്നു.

മറെറാരു കൂട്ടം ക്രൈസ്തവപണ്ഡിതന്മാർ സത്യപ്രകാശനത്തിൽ ബുദ്ധിപരമായ സമീപനത്തെ പാടേ അവഗണിച്ചിട്ടു് പാരമ്പര്യത്തിൽമാത്രം നിലയുറപ്പിക്കുകയുണ്ടായിട്ടുണ്ടു്. അപ്പസ്തോലന്മാരിൽനിന്നും പരമ്പരാഗതമായി ലഭിച്ചിട്ടുള്ള വിശ്വാസസത്യങ്ങളെ അതേപടി സ്വീകരിക്കുന്നതിലും പ്രചരിപ്പിക്കുന്നതിലും ശാസ്ത്രീയമായ അപഗ്രഥനം അനപേക്ഷണീയമാണെന്നു് അവർ കരുതിയില്ല. ഈ ഗണത്തിൽപെട്ട പണ്ഡിതന്മാർ വിശ്വാസസത്യസംരക്ഷകന്മാർ എന്ന നിലയിൽ തിരുസ്സഭയ്ക്കു് വിലയേറിയ സേവനം ചെയ്തിട്ടുണ്ടെന്നുള്ളതിനു പക്ഷാന്തരമില്ല. അപ്പസ്തോലപാരമ്പര്യം അവിച്ഛിന്നമായി നിലനിറുത്തിക്കൊണ്ടുപോരുന്നതിൽ സഭ എല്ലാപ്പോഴും ജാഗരൂകയായിരുന്നിട്ടുണ്ടു്. എന്നാൽ ദൈവികസത്യങ്ങളെ കുറെയെങ്കിലും ഗ്രഹിക്കുന്നതിനുള്ള മനുഷ്യബുദ്ധിയുടെ കഴിവിനെ പാടെ ചോദ്യംചെയ്തുകൊണ്ടു് പാരമ്പര്യത്തെ മാത്രം ആശ്രയിക്കുന്നതും ശരിയാണെന്നു സഭ കരുതുന്നില്ല ചുരുക്കത്തിൽ മനുഷ്യബുദ്ധിയേയൊ പാരമ്പര്യത്തേയോ മാത്രം ആശ്രയിച്ചുകൊണ്ടുള്ള നിലയല്ല സഭ സ്വീകരിച്ചിട്ടുള്ളതു്. യുക്തിയെയും വെളിപാടിനെയും പാരമ്പര്യത്തിന്റെ വെളിച്ചത്തിൽ കൂട്ടിയിണക്കിക്കൊണ്ടുപോവുകയാണ് സഭ ചെയ്തിട്ടുള്ളതു്.

വിശ്വാസികളെ സംബന്ധി

ച്ചിടത്തോളം ശരിയായിട്ടുള്ള മാർഗ്ഗം തിരുസ്സഭ അധികാരസമേതം പഠിപ്പിക്കുന്ന സത്യങ്ങളെ വിശ്വാസപൂർവ്വം സ്വീകരിക്കുകയും ആ വിശ്വാസത്തിന്റെ വെളിച്ചത്തിൽ അവയെ യുക്തിബോധംകൊണ്ടു് വിശദീകരിക്കുകയും മനസ്സിലാക്കുകയും ചെയ്യുകയാണു്. പാഷണ്ഡികളാകട്ടെ ദൈവനിവേശിതങ്ങളായ സത്യങ്ങളെക്കാൾ കൂടുതൽ പ്രാധാന്യം അവയെ വ്യാഖ്യാനിക്കുവാനും മനസ്സിലാക്കുവാനുമുള്ള അവരുടെ ബുദ്ധിപരമായ കഴിവിനു കൊടുക്കുന്നു. അങ്ങനെ അബദ്ധത്തിൽ പതിക്കാനിടവരികയും ചെയ്യുന്നു. കൂടാതെ ബുദ്ധിയുടെ നിഗമനങ്ങളെ അമിതമായി ആശ്രയിച്ചുകൊണ്ടുള്ള പോക്കിൽ പാഷണ്ഡികൾ വെളിപാടിന്റെ ചില ഭാഗങ്ങളെമാത്രം സ്വീകരിക്കയും മറ്റുള്ളവയെ തിരസ്കരിക്കയും ചെയ്യുന്നു. ഇതു തെറ്റായ ഒരു നിലപാടാണു്. കാരണം ദൈവികസത്യം ഏകവും അവിഭാജ്യവുമാകുന്നു. തത്വസംബന്ധമായ നിഗമനങ്ങളിൽ വന്നുകൂടുന്ന അബദ്ധങ്ങൾ മാത്രമല്ല പാഷണ്ഡതകൾക്കു വഴിതെളിച്ചിട്ടുള്ളതു്. തെറ്റായ പാരമ്പര്യങ്ങൾ പുലർത്തിക്കൊണ്ടുപോകുന്നതിലുള്ള പ്രതിപത്തിയും മതപരവും സന്മാർഗ്ഗസംബന്ധവുമായ കാര്യങ്ങളിലുള്ള വ്യക്തിഗതമായ മുൻവിധികളും അതിനു് പ്രേരകമായിരുന്നിട്ടുണ്ടു്.

ഇനിയും ആദിമശതകങ്ങളിൽ രൂപംപ്രാപിച്ചു പ്രാബല്യത്തിലെത്തിയ പ്രധാനപ്പെട്ട പാഷണ്ഡമതങ്ങളെപ്പറ്റി ചുരുക്കത്തിൽ പ്രതിപാദിക്കാം.

1. യഹൂദവല്ക്കരണവാദം. ഇതിനെപ്പറ്റി മുൻലേഖനങ്ങളിൽ പ്രതിപാദിച്ചിട്ടുണ്ടു്.

2. ജ്ഞാനവാദം (Gnosticism) ക്രിസ്തീയവിശ്വാസപ്രമാണങ്ങളിന്മേൽ പൗരാണികതത്വശാസ്ത്രങ്ങളിൽനിന്നും പൗരസ്ത്യമതങ്ങളിൽനിന്നും കടംവാങ്ങിയ ആശയങ്ങൾ കോർത്തിണക്കി അതിഗഹനമായ ഒരു ദൈവശാസ്ത്രം നിർമ്മിക്കുവാൻ ബുദ്ധിപ്രധാനികളായ ചിലർ സമാരംഭിച്ച ഒരു പ്രസ്ഥാനമാണിതു്. പുരാതനഗ്രീസ്, ഈജിപ്തു്, കാൽദിയാ (Chaldea) പേർഷ്യാ മുതലായ രാജ്യങ്ങളിലെ തത്വവിജ്ഞാനത്തിൽനിന്നും തിരഞ്ഞെടുത്ത തത്വശകലങ്ങൾ ക്രിസ്തീയതത്വങ്ങളോടു് കൂട്ടിയിണക്കി അവർ സൃഷ്ടിച്ച ഈ മതവിജ്ഞാനം ക്രിസ്തീയവിശ്വാസസത്യങ്ങളെ സംബന്ധിക്കുന്ന എല്ലാ പ്രധാനപ്പെട്ട പ്രശ്നങ്ങൾക്കും സമാധാനം നൽകുവാൻ പര്യാപ്തമാണെന്നു് അവർ അഭിമാനിച്ചു.

Gnosis എന്ന വാക്കിന്റെ അർത്ഥം വിജ്ഞാനം എന്നാണു്. പാഷണ്ഡകന്മാർ ഈ സംജ്ഞ ഉപയോഗിച്ചതു് ആത്മരക്ഷയെ സംബന്ധിക്കുന്ന ശാസ്ത്രവിജ്ഞാനം എന്ന അർത്ഥത്തിലാണു്. ഈ രക്ഷാശാസ്ത്രം വിജ്ഞന്മാരായ ചുരുക്കം ചിലർക്കുമാത്രം സുഗ്രാഹ്യമായ ഒന്നാണെന്നു് പാഷണ്ഡകന്മാർ വിശ്വസിച്ചു. മനസ്സിന്റെ സ്വതന്ത്രമായ വ്യാപാരംകൊണ്ടു് ഒരു നൂതനമായ തത്വശാസ്ത്രം സൃഷ്ടിക്കണമെന്നുള്ളതായിരുന്നു അവരുടെ ലക്ഷ്യം. വിജ്ഞാനവാദം വിഭിന്നമതങ്ങളിൽനിന്നെടുത്ത തത്വശകലങ്ങൾ കൂടിച്ചേർന്നുള്ള ഒരു സമ്മിശ്രസൃഷ്ടിയായിരുന്നതിനാൽ ക്രിസ്തീയവിശ്വാസത്തിനു വിരുദ്ധമായ പല തത്വങ്ങളും അതിൽ സ്ഥാനംപിടിച്ചിരുന്നു. വിജ്ഞാനവാദത്തിന്റെ മുപ്പതുതരത്തിലുള്ള വകഭേദങ്ങൾ ചരിത്രത്തിൽ അറിയപ്പെടുന്നുണ്ടു്.

ഇവയെല്ലാം രണ്ടു സുപ്രധാന പ്രശ്നങ്ങൾക്കു സമാധാനം കണ്ടെത്തുവാനാണു ശ്രമിച്ചതു്. അതായതു് (1) തിന്മയുടെ ഉത്ഭവം എവിടെനിന്നാണു്. (2) മനുഷ്യനു് തിന്മയിൽനിന്നെങ്ങിനെ മോചനംനേടാം. ഈ പ്രശ്നങ്ങൾക്കു് വിജ്ഞാനവാദികൾ നൽകുന്ന സമാധാനം ഇങ്ങനെ സംഗ്രഹിക്കാം. ദൈവം അനന്തമായ നന്മയാകുന്നു. പദാർത്ഥലോകം (matter) അനന്തമായ തിന്മയും. മനുഷ്യന്റെ ഉത്തമാംശം നന്മസ്വരൂപനായ ദൈവത്തിൽനിന്നു പുറപ്പെടുന്നു. എന്നാൽ അതു് പദാർത്ഥലോകത്തിന്റെ മായാവലയത്തിൽ കുടുങ്ങിക്കിടക്കുന്നതിനാൽ മനുഷ്യനിൽ തിന്മ സംജാതമാകുന്നു. പദാർത്ഥബന്ധത്തിൽനിന്നു് മനുഷ്യന്റെ ഉത്തമാംശത്തെ വിച്ഛേദിച്ചു് മഹത്വംനിറഞ്ഞ ദൈവത്തിങ്കലേക്കു പ്രത്യാനയിക്കുന്നതിലാണു് മനുഷ്യരക്ഷ അടങ്ങിയിരിക്കുന്നതു്. ഈ രക്ഷാകർമ്മം നിർവ്വഹിക്കുന്ന മദ്ധ്യസ്ഥനാണു് ക്രിസ്തു. യേശു എന്ന പേരായ ഒരു യഥാർത്ഥമനുഷ്യന്റെ ശരീരത്തിനുള്ളിൽ ദൈവികസത്വമായ ക്രിസ്തു വസിച്ചിരുന്നു. ഈ ശരീരം ഒരു യഥാർത്ഥ ശരീരമായിരുന്നില്ലെന്നും അപ്രകാരമുള്ള ഒരു പ്രതീതി അതു ജനിപ്പിച്ചതേയുള്ളുവെന്നും ചില വിജ്ഞാനവാദികൾ വിശ്വസിച്ചിരുന്നു. അങ്ങനെ ക്രിസ്തു മനുഷ്യരക്ഷ സാധിച്ചതു് അവിടുത്തെ പീഡാനുഭവത്താലോ മരണത്താലോ അല്ലെന്നും, നേരെമറിച്ചു് അവിടുത്തേക്കുണ്ടായിരുന്ന ദിവ്യജ്ഞാനംകൊണ്ടു മാത്രമാണെന്നും ഇക്കൂട്ടർ വാദിച്ചു. ചുരുക്കത്തിൽ മതവും ആത്മരക്ഷയും ഒരു പ്രത്യേകതരം വിജ്ഞാനത്തെമാത്രം ആശ്രയിച്ചുനില്ക്കുന്ന കാര്യങ്ങളാണെന്നായിരുന്നു ഈ പാഷണ്ഡകരുടെ വിശ്വാസം. അവരുടെ കൈയിൽ ക്രിസ്തീയമായ വെളിപാടു് വിജ്ഞാനമാത്രമായ ഒരു തത്വശാസ്ത്രമായി അധഃപതിച്ചു.

വിമർശനവീഥി

# സോവ്യറ്റ് സാമ്രാജ്യത്തിലെ കൊളോണിയൽ ഉദ്യോഗസ്ഥന്മാർ

സോവ്യറ്റ് യൂണിയൻ വിദേശങ്ങളിൽ മൂലധനനിക്ഷേപങ്ങൾ നേടിയതോടുകൂടി കൊളോണിയൽ ഭരണകർത്താക്കളായ ഒരു പുതിയ ഉദ്യോഗവൃന്ദത്തെ സൃഷ്ടിക്കേണ്ടിവന്നു. കമ്മ്യൂണിസ്റ്റു് പാർട്ടിയുടെ സെൻട്രൽ കമ്മററിമുൻനിന്നാണു് അവരെ തിരഞ്ഞെടുക്കുകയും പരിശീലിപ്പിച്ചു സന്നദ്ധരാക്കുകയും ചെയ്തിരുന്നതു്. ഈ ഭരണകർത്താക്കളുടെ സംഖ്യ രഹസ്യമായി വച്ചിരിക്കുകയാണു്. എങ്കിലും അതു വളരെ വിപുലമാണെന്നുള്ളതിനു സംശയമില്ല; ബ്രിട്ടീഷ് കൊളോണിയൽ സർവ്വീസിൽ അതിന്റെ ശുക്രദശയിൽ ഉണ്ടായിരുന്നതിനെക്കാൾ തുലോം വിപുലമാണതു്. കൊച്ചുരാജ്യമായ അൽബേനിയാതന്നെ 3000 റഷ്യൻ ഉപദേഷ്ടാക്കളേയും ഉദ്യോഗസ്ഥന്മാരേയും ക്ഷണിച്ചുവരുത്തി പാർപ്പിച്ചുസംരക്ഷിക്കേണ്ടിവന്നു. 1950 മേയിൽ ചൈനയിലുണ്ടായിരുന്ന സോവ്യറ്റ് ഉപദേഷ്ടാക്കളുടെ സംഖ്യ 23,000 ആണെന്നു് ഹോംകോംഗിലെ സ്വതന്ത്ര വിജ്ഞാനകേന്ദ്രങ്ങൾ കണക്കാക്കിയിരിക്കുന്നു. ഷാംഗായിലാണെങ്കിൽ, അവിടത്തെ പരിഷ്കാരപ്രിയന്മാർ വസിച്ചുവരുന്ന ഹുങ്ങ്ജാവോ (Hungjao) എന്ന സ്ഥലത്തു് കേന്ദ്രീകരിച്ചിരിക്കുന്ന റഷ്യൻ ഉപദേഷ്ടാക്കളും അവരുടെ കുടുംബാംഗങ്ങളുംകൂടി 2000 ഉണ്ടു്. കിഴക്കേ യൂറോപ്പിലും ജർമ്മനിയിലും വിദൂരപൂർവ്വപ്രദേശങ്ങളിലുംകൂടി ആകെ 10,000 ഉപദേഷ്ടാക്കന്മാരിലധികം ആവശ്യമായിരുന്നു. ജനറൽ സ്റ്റാഫുകളെ രൂപീകരിക്കുക, പുതുതായി സൃഷ്ടിച്ച സൈന്യത്തേയും പോലീസിനേയും സീക്രററ് പോലീസിനേയും നിയന്ത്രിക്കുക, സോവ്യറ്റ് മണ്ഡലത്തിൽ പ്ലാനിംഗ് കമ്മീഷനുകൾ ഏർപ്പെടുത്തുക, കൂട്ടുകൃഷി സമ്പ്രദായങ്ങൾ പഠിപ്പിക്കുക, രാഷ്ട്രസാൽക്കരണം ചെയ്ത വിദേശവ്യാപാരം ക്രമീകരിക്കുക, സോവ്യറ്റ് ഗവമ്മെൻറിനുവേണ്ടിയുള്ള അനേകങ്ങളായ സമ്മിശ്രക്കമ്പനികൾ നടത്തിക്കൊണ്ടുപോകുക, അധീനതയിൽ വച്ചിരിക്കുന്ന സ്ഥലങ്ങൾ സംബന്ധിച്ചുള്ള ജോലികൾ നിർവ്വഹിക്കുക മുതലായി അനവധി കാര്യങ്ങൾ നടത്തണമെങ്കിൽ ഇത്രവളരെ ഉപദേഷ്ടാക്കന്മാർ ഉണ്ടായേകഴിയൂ.

സ്വരാജ്യത്തിലെയോ, ഉദ്യോഗം വഹിക്കുന്ന രാജ്യങ്ങളിലെയോ സാമുദായികത്തോതുവച്ചു് അളക്കുന്നതായാൽ ഈ റഷ്യൻ ഉപദേഷ്ടാക്കൾ ഒരുതരം പ്രഭുവർഗ്ഗമാണെന്നുപറയാം. റഷ്യക്കു പുറത്തു എവിടെയെങ്കിലും ജീവിക്കുകയെന്നതുതന്നെ റഷ്യാക്കാർക്കനുവദിക്കുന്ന വലിയൊരാനുകൂല്യമാണു്. സാർവ്വത്രികമായ സീക്രററ് പോലീസിന്റെ ഏജൻറുകളുടെ സൂക്ഷ്മമേറിയ നിരീക്ഷണത്തിൻകീഴിലും, സ്ഥലത്തെ നിവാസികളോടു് സംസർഗ്ഗം പാടുള്ളതല്ലെന്നുള്ള നിരോധനത്തിൻകീഴിലുമാണു് കഴിഞ്ഞുകൂടുന്നതെങ്കിലും "സോവ്യറ്റ് കോളനി നിർമ്മാതാക്കൾ" എന്ന നിലയിൽ സുഖകരമായ ജീവിതമാണു് പ്രസ്തുത ഉപദേഷ്ടാക്കന്മാർ നയിക്കുന്നതു്. "നാട്ടുകാർ" ആയ കൂട്ടുദ്യോഗസ്ഥന്മാർക്കു് ലഭിക്കുന്നതിലും, ചിലപ്പോൾ സ്ഥലത്തെ ഒരു മന്ത്രിയുടേതിലും, കൂടുതലായ ശമ്പളം അവർക്കു കിട്ടുന്നു. യൂഗോസ്ലാവിയായിലുണ്ടായിരുന്ന റഷ്യൻ മാനേജരന്മാരുടേയും എഞ്ചിനീയരന്മാരുടേയും ശമ്പളങ്ങൾ ഇതിനുദാഹരണമാണു്. ബൽഗ്രേഡിനടുത്തു് ഒരു പാലം പണിനടത്തിച്ചിരുന്ന സോവ്യറ്റ് മാനേജർക്കു് പ്രതിമാസം 50,000 ദിനാറുകൾ (Dinars) ലഭിച്ചിരുന്നു. ഒരു റഷ്യൻചീഫ് എഞ്ചിനീയർക്കു് 45,000; അദ്ദേഹത്തിന്റെ ഡപ്യൂട്ടിക്കു് 26,000; സപ്ലൈവകുപ്പിന്റെ ഒരു ഡയറക്ടർക്കു് 25,000; ഒരു ചീഫ് മെക്കാനിക്കിനു് 22,000 ഒരു ഡിപ്പാർട്ടുമെൻറിന്റെ തലവനു് 22,000 ഇങ്ങനെയായിരുന്നു ശമ്പളരീതി. അതേസമയം തന്നെ യൂഗോസ്ലാവുകാരനായ ഒരു മന്ത്രിയുടെ ശമ്പളം പ്രതിമാസം 12,000 ദിനാർ ആയിരുന്നു. റഷ്യൻ ഉദ്യോഗസ്ഥന്മാർക്കു് ഇത്തരം ശമ്പളങ്ങൾക്കും പുറമെ നാട്ടിൻപുറത്തു വസതികളും റേഡിയോ, ടെലഫോൺ, ചൂടും വെളിച്ചവും, കാർ, വേലക്കാർ എന്നിവയും സൗജന്യമായി നൽകിയിരുന്നു. ഇതുകൊണ്ടുമായില്ല; ഓരോ കൊല്ലത്തിലും അത്തവണത്തെ ജോലിക്കായി ഒരു മാസത്തെ ശമ്പളം ബോണസായും കൊടുത്തിരുന്നു. 1948-ൽ കേണലിന്റേയോ ജനറാലിന്റേയോ റാങ്കിലുള്ള സോവ്യറ്റ് ഉപദേഷ്ടാക്കൾക്കു് യൂഗോസ്ലാവ് ഗവമ്മെൻറിൽനിന്നു് 39,000 മുതൽ 40 000വരെ ദിനാർ പ്രതിമാസം ശമ്പളം ലഭിച്ചിരുന്നപ്പോൾ, യൂഗോസ്ലാവ് സൈന്യത്തിലെ ഒരു ജനറാലിനു് 9,000 മുതൽ 10,000വരെയാണു് ലഭിച്ചിരുന്നതു്.

ഈ ശമ്പളങ്ങൾതന്നെയും സോവ്യറ്റ് ഭണ്ഡാഗാരത്തിൽനിന്നു കൊടുക്കുകയല്ല പതിവു്. സാമാന്യമായി സോവ്യറ്റുപദേഷ്ടാക്കളെ "ക്ഷണിക്കുന്ന" രാജ്യമോ അവർ ജോലിചെയ്യുന്ന സമ്മിശ്രക്കമ്പനിയോ ആണു് ശമ്പളംവിൽ പ്രകാരമുള്ള തുക നൽകുന്നതു്. തന്മൂലം ഇത്ര കൊഴുത്തതാണു് ശമ്പളങ്ങളെങ്കിലും അവ റഷ്യക്കു ഭാരമായിത്തീരുന്നില്ല. ഇക്കാര്യങ്ങളെല്ലാം രഹസ്യമായി സൂക്ഷിച്ചിരിക്കും. എന്നാൽ സ്ഥലവാസികളായ ജനങ്ങൾക്കു് അവ അജ്ഞാതങ്ങളല്ല.

## ചൂഷണത്തിന്റെ മാററിനങ്ങൾ

സോവ്യറ്റ് ഗവമ്മെൻറ് അതിന്റെ സാമ്പത്തികസാമ്രാജ്യവിപുലീകരണത്തിനു് യുദ്ധാനന്തരം പ്രയോഗിച്ചുപോന്നിട്ടുള്ള ഏററവും പ്രധാനമായ മാർഗ്ഗം ഉപഗ്രഹങ്ങളായ രാജ്യങ്ങളിൽ മേൽപ്പറഞ്ഞവിധംവ്യവസായ കോർപ്പറേഷനുകൾ നടത്തുകയായിരുന്നെങ്കിലും, അവയെക്കൂടാതെ മററുചില സമ്പ്രദായങ്ങളും സ്വീകരിച്ചുപോന്നിട്ടുണ്ടു്.

### 1. യുദ്ധത്തിലെ 'കൊള്ളദ്രവ്യങ്ങൾ'

വിദേശങ്ങളിൽ സോവ്യറ്റ് പട്ടാളം പ്രവേശിച്ചു് യുദ്ധം നടത്തുമ്പോൾ അവിടങ്ങളിലുള്ള ഭക്ഷ്യവിഭവങ്ങൾ, കന്നുകാലികൾ, തീവണ്ടികൾ, അസംസ്കൃതസാധനങ്ങൾ എന്നിവമാത്രമല്ല, ഫാക്ടറികളും കപ്പലുകളുംകൂടി കൊള്ളദ്രവ്യങ്ങളുടെ ഗണത്തിൽപ്പെടുത്തുകയുണ്ടായി. ശത്രുവിന്റെ രാജ്യങ്ങളിൽനിന്നു മാത്രമല്ല, പോളൻറിൽനിന്നും യൂഗോസ്ലാവിയായിൽനിന്നും കൊള്ളദ്രവ്യങ്ങൾ എടുത്തു. "ജർമ്മൻ വസ്തുവകകൾ" സമസ്തവും റഷ്യയുടെ വീതമാണു്, അല്ലാതെ അവരുടെ സഖികളായ ചെറിയ രാജ്യങ്ങളുടേതല്ല, എന്നായിരുന്നു നിശ്ചയം. സോവ്യറ്റ് പട്ടാളത്തിന്റെ സഹകരണത്തിലും എം. വി. ടി. (രഹസ്യപ്പോലീസു്) ഭരണസമിതി ചെയ്ത സംവിധാനത്തിലും യൂറോപ്പിലെ സകല അധീനരാജ്യങ്ങളിൽനിന്നും പിടിച്ചെടുത്ത കൊള്ളദ്രവ്യങ്ങൾ കയററി അനേകം സാമാനതീവണ്ടികൾ ഒന്നിനുപുറകെ ഒന്നായി സോവ്യറ്റ് രാജ്യങ്ങളിലേക്കു പൊയ്ക്കൊണ്ടിരുന്നു. 1945-ൽ കൊറിയയിൽനിന്നും മഞ്ചൂറിയായിൽനിന്നും അങ്ങനെ കൊണ്ടുപോയി. ഈ കൊള്ളദ്രവ്യങ്ങളുടെ ആകെ വില സ്ഥിതിവിവരക്കണക്കുകൾ പരസ്യം ചെയ്തിട്ടില്ലാത്തതുകൊണ്ടു് ഏകദേശമായിട്ടുപോലും കണക്കാക്കാൻ നിവൃത്തിയില്ല. ഒരു അമേരിക്ക



ൻ കമ്മീഷൻ ശേഖരിച്ച കണക്കുപ്രകാരം മഞ്ചൂറിയായിൽനിന്നു കൊണ്ടുപോയ കൊള്ളദ്രവ്യങ്ങളുടെ വില 800,000,000 ഡോളറിൽ കവിഞ്ഞിരിക്കുന്നു.

### 2. സൈന്യച്ചിലവ്

അധീനരാജ്യങ്ങളിൽ താവളമുറപ്പിച്ചിരിക്കുന്ന സോവ്യററ് സൈന്യങ്ങളുടെ ചിലവുമുഴുവനും ആ രാജ്യങ്ങളിൽനിന്നുതന്നെ സോവ്യററു ഗവമ്മെൻറ് ഈടാക്കുകയാണ്. ഈ സമ്പ്രദായം തുടങ്ങിയിട്ട് ഇപ്പോൾ 9 കൊല്ലം കഴിഞ്ഞിരിക്കുന്നു.

### 3. യുദ്ധത്തിൻെറ നഷ്ടപരിഹാരങ്ങൾ

ജമ്മനിയെ കൂടാതെ നാലു രാജ്യങ്ങളിൽനിന്നു്, 1948-ൽ സോവ്യററുഗവമ്മെൻറ് അനുവദിച്ചുകൊടുത്ത കുറവ് കിഴിച്ചശേഷവും, ശേഖരിച്ച നഷ്ടപരിഹാരത്തിൻെറ തുക 685,000,000 ഡോളറാണ്. ഈ തുക പലയിനം സാമാനങ്ങളായി, പല ഗഡുവുകളിൽ, അടയ്ക്കണമെന്നാണ് നിശ്ചയം. ജമ്മനിയിൽ നിന്നു കിട്ടിയ നഷ്ടപരിഹാരസാമാനങ്ങളുടെ വില ആകെ 6,829,000,000 ഡോളറാണെന്നാണ് കണക്കാക്കിയിരിക്കുന്നതു്. നഷ്ടപരിഹാര ഉടമ്പടികൾ മിക്കവയും വ്യവസ്ഥചെയ്തിരിക്കുന്നതു്, സാമാനങ്ങളുടെ വില 1938-ലെ നിലവാരമനുസരിച്ചായിരിക്കണമെന്നാണ്. അക്കൊല്ലത്തിനുശേഷം സാമാനങ്ങളുടെ വില ഏകദേശം ഇരട്ടിയായിട്ടുണ്ടു്. ആകയാൽ നഷ്ടപരിഹാരം വകയിൽ സോവ്യററുഗവമ്മെൻറിനു നൽകിയിട്ടുള്ള സാമാനങ്ങൾക്കു്, നൽകിയ കാലത്തെ വിലയല്ല, പ്രസ്തുത യുദ്ധത്തിനുമുമ്പുള്ള വിലയാണ് വച്ചിട്ടുള്ളതെന്നു സിദ്ധം. കൊടുക്കുമ്പോൾ രണ്ടു ഡോളർ വിലയുള്ള സാമാനം ഏതാണ്ടു് ഒരു ഡോളർ വിലവച്ച് കൊടുക്കേണ്ട ഭാരമാണ് ഉടമ്പടിവ്യവസ്ഥകൾ കടക്കാരായ രാജ്യങ്ങളുടെമേൽ ചുമത്തിയിരിക്കുന്നതു്. ഉദാഹരണമായി റുമേനിയായുടെ കാര്യമെടുക്കുക. 300,000,000 ഡോളർ നഷ്ടപരിഹാരം കൊടുക്കേണ്ടിവന്ന ആ രാജ്യം 1946 സെപ്റ്റംബർവരെ "റെസ്റ്റിററ്യൂഷൻസ്" എന്ന ഇനത്തിൽ 174,000,000 ഡോളറും, "കൺഫിസ്ക്കേഷൻസ്" എന്ന ഇനത്തിൽ 433,000,000 ഡോളറും, സോവ്യററുപട്ടാളങ്ങളുടെ സംരക്ഷണത്തിൻെറ ഇനത്തിൽ 300,000,000 ഡോളറും, നഷ്ടപരിഹാരബില്ലനുസരിച്ച് പല ഗഡുക്കളിലായി 105,000,000 ഡോളറും കൊടുത്തുകഴിഞ്ഞു. റുമേനിയായിലെ മുൻപ്രധാനമന്ത്രി ജനറൽ നിക്കോളാസ് റഡെസ്ക്യൂ പ്രസ്താവിച്ചിട്ടുള്ളതനുസരിച്ച്, 1948 ജൂലൈവരെ റുമേനിയാ അടച്ചുതീർത്തിട്ടുള്ള നഷ്ടപരിഹാരത്തുക 1,785,000,000 ഡോളറാണ്.

സോവ്യററുസാമ്രാജ്യത്തിൽ ബലമായി ഉൾപ്പെടുത്തിയിട്ടുള്ള രാജ്യങ്ങളിൽനിന്നു് സോവ്യററു യൂണിയൻ ഗവമ്മെൻറ് സാമ്പത്തികമായി ചൂഷണംചെയ്തെടുത്തിട്ടുള്ള ഭീമങ്ങളായ തുകകളുടെ ചില ഇനങ്ങളാണ് മുകളിൽ വിവരിച്ചതു്. പാശ്ചാത്യയൂറോപ്പിലെ മുതലാളിത്തരാജ്യങ്ങളുടെ സാമ്രാജ്യദുർമ്മോഹത്തെ ഘോരഘോരമായി അപലപിക്കുകയും, അവരുടെ കീഴിലുള്ള കൊളോണിയൽ രാജ്യങ്ങളിൽ അവർ നടത്തുന്ന സാമ്പത്തികചൂഷണങ്ങളെ കൊട്ടിഘോഷിക്കുകയും ചെയ്യുന്ന റഷ്യയിലേയും അവളോട് ദേശഭക്തിയുള്ള മററു രാജ്യങ്ങളിലേയും കമ്മ്യൂണിസ്റ്റുകൾ സോവ്യററുസാമ്രാജ്യത്തിൽ നടക്കുന്ന ഈ ഭയങ്കരചൂഷണങ്ങളെപ്പററി എന്തു പറയുന്നു?

## വിനോദവീഥി



"എമ്മല്ലേയാവാം, മന്ത്രിയാവാം എന്നൊക്കെ പറഞ്ഞെൻെറ പണ്ടോം പാടോമൊക്കെ വില്പിച്ചിട്ട് തോററുതൊപ്പീമിട്ട് ഇന്നിം പ്രസംഗിക്കാൻ നടക്കുന്നു! ഇല്ല ഒരക്ഷരം പറയണ്ട. ഞാൻ പോണു എൻെറ പാട്ടിനു്. ഇനി ഈ ജന്മത്തു് നിങ്ങടെ കൂട്ടത്തിലില്ല, നിശ്ചയം."

* * *

ഹോട്ടൽക്കാരൻ:- "ചായക്കു കടിയൊന്നും വേണ്ടേ, സാർ?"

ഗ്രാമീണൻ:- "വേണം. എന്താ ഉള്ളതു്?"

ഹോട്ടൽക്കാരൻ:- "വെള്ളയപ്പമുണ്ടു്, ഇഡ്ഡ്ലി, വട, എല്ലാമുണ്ടു്."

ഗ്രാമീണൻ:- "വെള്ളയപ്പംതന്നെയാവട്ടെ. ഒഴിക്കാൻ വല്ലതുമുണ്ടോ."

ഹോട്ടൽക്കാരൻ:- "പാലൊഴിക്കാം, ചട്ട്ണിതരാം, പഞ്ചസാരയിടാം...."

ഗ്രാമീണൻ:- "അപ്പോൾ ഒഴിക്കുന്നതിനു വില വ്യത്യാസമുണ്ടോ?"

ഹോട്ടൽക്കാരൻ:- "ഇല്ല. എല്ലാം ഒരു വിലതന്നെ."

ഗ്രാമീണൻ:- "എന്നാൽ വീട്ടിലെ പതിവു ഉരുക്കു നെയ്യ് കൂട്ടുകയാണ്. അങ്ങിനെതന്നെ ആയിക്കൊള്ളട്ടെ."

ഹോട്ടൽക്കാരൻ:- "ഇതു ഹോട്ടലാണ് സാർ."

* * *

ആശുപത്രിയിലെ 10-ാംനമ്പ്ര് കിടക്കയിലെ രോഗി നേഴ്സുമായി വഴക്കുകൂടി. രോഗി നേഴ്സിനെ ഒന്നു പററിക്കണമെന്നു തീർച്ചപ്പെടുത്തി. കാലത്തു പനിയളക്കാൻ അവർ തെർമോമീററർ രോഗിയുടെ വായിൽ വച്ചിട്ടുപോയി. രോഗി അതെടുത്തു അടുത്തിരുന്ന തിളച്ച വെള്ളത്തിൽ മുക്കിയ ശേഷം വീണ്ടും പഴയ സ്ഥാനത്തുവച്ചു. നേഴ്സ് വന്നു തെർമോമീററർ എടുത്തുകൊണ്ടുപോയി, ചാർട്ടിൽ കുറിക്കുന്നതിനു്. സ്വല്പം കഴിഞ്ഞു രണ്ടു ശിപായിമാർ ഒരു സ്ട്രെച്ചറുമായി കട്ടിലിനടുത്തു വന്നു അയാളെ എടുത്തു അതിൽ കിടത്തുന്നതിനു തുടങ്ങി.

രോഗി:- നേഴ്സ്, നേഴ്സ്

നേഴ്സ്:- (ഓടിവന്നു) എന്താ വേണ്ടതു്?

രോഗി:- ഈ ശിപായിമാർ എന്നെ എടുത്തുകൊണ്ടുപോകാൻ തുടങ്ങുന്നു.

നേഴ്സ്:- അതിനെന്താ. 10-ാംനമ്പ്ര് കിടക്കയിലെ രോഗിക്കു പനി 130 ഡിഗ്രീയാണ്. അയാൾ മരിച്ചുകഴിഞ്ഞു. ഇതാശുപത്രിയാണ്. വേറെ നിവൃത്തിയൊന്നുമില്ല.

# വെല്ലോർ മെത്രാൻ റൈററ് റവ. ഡോ. മരിയസെൽവം നിര്യാതനായി

വെല്ലോർ രൂപതയുടെ പ്രഥമമെത്രാൻ റൈററ് റവ. ഡോക്ടർ പാൾ മരിയസെൽവം എസ്. ഡി. ബി. തിരുമനസ്സുകൊണ്ടു് ജൂൺ 25-ാംനു നിര്യാതനായ വിവരം സവ്യസനം രേഖപ്പെടുത്തിക്കൊള്ളട്ടെ. കഴിഞ്ഞകൊല്ലം ആരംഭത്തിലാണ് പുതിയ വെല്ലോർ രൂപത സ്ഥാപിക്കപ്പെടുകയും അതിൻെറ ആദ്യമെത്രാനായി പ്രശസ്തമതിയും പുണ്യശ്ലോകനുമായ തിരുമേനി നാമനിർദ്ദേശം ചെയ്യപ്പെടുകയുമുണ്ടായതു്. തിരുമേനി തൃശ്ശിനാപ്പിള്ളിയിൽ 1897-ൽ ജനിച്ചു. 1907-ൽ തഞ്ചാവൂരിലെ സലേഷ്യൻ ഇൻസ്റ്റിററ്യൂട്ടിൽ ചേന്നു. തൃശ്ശിനാപ്പിള്ളി സെൻറ് ജോസഫ്സ് കോളേജിൽ വിദ്യാഭ്യാസം നിവ്വഹിച്ചു. പിന്നീട്ട് അദ്ദേഹം റോമിലുള്ള സെൻറ് ജോൺ ലാററൻ യൂണിവേഴ്സിററിയിൽ വൈദികപഠനം നിവ്വഹിച്ചു. 1922-ൽ വൈദികനായി. അടുത്തകൊല്ലം അദ്ദേഹം ദൈവശാസ്ത്രത്തിൽ ഡോക്ടറേററുബിരുദം നേടി. തിരിച്ചു ഇന്ത്യയിൽവന്നു പ്രശസ്തമായ പല സ്ഥാനങ്ങളിലും തിരുമേനി സേവനമനുഷ്ഠിച്ചു. അപ്രതീക്ഷിതമായ തിരുമേനിയുടെ നിര്യാണം വെല്ലോർരൂപതയെ സന്താപത്തിൽ ആഴ്ത്തിയിരിക്കയാണ്. ഭാരതത്തിലെ കത്തോലിക്കാസഭയ്ക്കു പ്രശസ്തമതിയായ ഒരു സേനാനിയെ നഷ്ടപ്പെട്ടിരിക്കുന്നു. തിരുമേനിയുടെ അത്യാഡംബരപൂർവ്വകമായ സംസ്കാരച്ചടങ്ങുകളിൽ ഇന്ത്യയിലെ പേപ്പൽ ഇൻറർനൺഷിയോ മോസ്റ്റ് റവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ്, മദ്രാസ് മൈലാപ്പൂർ മെത്രാപ്പോലീത്താ ഡോക്ടർ എൽ. മത്തിയാസ്, പോണ്ടിച്ചേരി മെത്രാപ്പോലീത്താ ഡോക്ടർ മെൻഡോൻകാ എന്നീ തിരുമേനിമാരും ട്രിച്ചി, സേലം, ടാഞ്ചോർ എന്നീ രൂപതകളിലെ മെത്രാന്മാരും, അനേകശതം വൈദികരും, സെമ്മിനാരി വിദ്യാർത്ഥികളും, സന്യാസിനികളും, പ്രധാനപ്പെട്ട ഉദ്യോഗസ്ഥാനുദ്യോഗസ്ഥന്മാർ ഉൾപ്പെട്ട വമ്പിച്ച ഒരു ജനാവലിയും സംബന്ധിച്ചിരുന്നു.

## വിദേശവാർത്തകൾ

### ഗോട്ടി മാലായിൽ

മദ്ധ്യ അമേരിക്കയിലെ ഒരു ചെറിയ റിപ്പബ്ലിക്കാണ് ഗോട്ടിമാല. 1951 മുതൽ കേണൽ ജേക്കോബോ അർബൻസിൻെറ നേതൃത്വത്തിലുള്ള ഒരു ഇടതുപക്ഷഗവമ്മെൻറാണ് അവിടെ ഭരണം നടത്തിക്കൊണ്ടിരുന്നതു്. പ്രസിഡണ്ടു് അർബൻസിനെതിരായ ചില നടപടികൾമൂലം കേണൽ കാസ്റ്റില്ലോ ആർമാസ് എന്നൊരു വിമാനസേനാധിപൻ കുറേക്കാലംമുമ്പ് ഗോട്ടിമാലായിൽനിന്നും രാജ്യഭ്രഷ്ടനാക്കപ്പെടുകയുണ്ടായി. രണ്ടാഴ്ചയ്ക്കുമുമ്പ് കേണൽ ആർമാസിൻെറ നേതൃത്വത്തിൽ ഒരു വിപ്ലവസംഘം ഗോട്ടിമാലാ ഗവമ്മെൻറിനെതിരായി ഒരു സൈനികാക്രമണമാരംഭിച്ചു. ഇതുസംബന്ധിച്ച് ഐക്യരാഷ്ട്ര സെക്യൂരിററി കൗൺസിലിൽ സമപ്പിക്കപ്പെട്ട പരാതി ഗോട്ടിമാലായുടെ ഒരാഭ്യന്തരപ്രശ്നമെന്നനിലയിൽ തിരസ്കരിക്കപ്പെടുകയാണുണ്ടായതു്. വിപ്ലവകക്ഷിയുടെ ആക്രമണങ്ങൾ ശക്തിപ്പെടുകയും ഗവമ്മെൻറുസേനയുടെ പ്രതിരോധനടപടികൾ പരാജയപ്പെടുകയും ചെയ്തതിനെത്തുടന്നു് പ്രസിഡണ്ടു് അർബൻസ് രാജിവച്ച് സ്വയം രക്ഷപ്രാപിക്കുകയാണു ചെയ്തതു്. അതിനുശേഷം ഗോട്ടിമാലായുടെ ഭരണം കൈയേററ കേണൽ ആൽഫിഗോ മോൺസൺ വിപ്ലവകക്ഷി നേതാവായ കേണൽ ആർമാസുമായി ഒരു കൂടിയാലോചനയ്ക്കു വഴിപ്പെട്ടിരിക്കുന്നു. ഇതിൻെറ ഫലമായി ഗോട്ടിമാലായിലെ ദേശീയപാർട്ടിയായ നാഷണൽ കോൺഗ്രസ്സ് പിരിച്ചുവിടപ്പെടുകയും, കമ്മ്യൂണിസ്റ്റ്പാർട്ടി നിയമവിരുദ്ധമാക്കപ്പെടുകയും ചെയ്തിരിക്കുന്നു. കേണൽ ആർമാസിനെ ഉൾപ്പെടുത്തി ഒരു പുതിയ ഗവമ്മെൻറ് രൂപവല്ക്കരിക്കുന്നതിനും രണ്ടാഴ്ചയ്ക്കുശേഷം ഒരു പുതിയ പ്രസിഡണ്ടിനെ തിരഞ്ഞെടുക്കുവാനും ഇരുകക്ഷികളും സമ്മതിച്ചിട്ടുണ്ടു്.

### ഐക്യരാഷ്ട്ര ഉപന്യാസമത്സരത്തിൽ വിജയികൾ

ഐക്യരാഷ്ട്ര സമിതിയുടെ ആഭിമുഖ്യത്തിൽ നടത്തപ്പെട്ട 1954-ലെ ഉപന്യാസമത്സരത്തിൽ ഒന്നാം സമ്മാനം ഒരു ബമ്മാക്കാരനും രണ്ടാംസമ്മാനം ഇൻഡ്യാക്കാരനായ ശ്രീ ബർജോർ കരാഞ്ചിയാക്കും നൽകുവാൻ തീരുമാനിച്ചിരിക്കുന്നു. അഖിലരാഷ്ട്രസൗഹാർദ്ദം വളത്തുന്നതിൽ വിദ്യാഭ്യാസത്തിനുള്ള സ്ഥാനം എന്നതായിരുന്നു ഉപന്യാസവിഷയം. ഒന്നാംസമ്മാനാർഹനു ഐക്യരാഷ്ട്രസമിതിയുടെ ഹെഡ്ക്വാർട്ടേഴ്സിലെത്തി അവിടെ നാലുവാരം താമസിച്ചു മടങ്ങുന്നതിനുള്ള ചിലവുകളും രണ്ടാംസമ്മാനാർഹനു് അവിടെ രണ്ടാഴ്ച താമസിച്ചു മടങ്ങുന്നതിനുള്ള ചിലവുകളും ഐക്യരാഷ്ട്ര സമിതിയിൽനിന്നും നൽകപ്പെടുന്നതാണ്.

### മി. പെട്രോവ് വെളിപ്പെടുത്തുന്ന വിവരങ്ങൾ

ആസ്ട്രേലിയായിലെ സോവ്യററ് എംബസിയിലെ ഒരുദ്യോഗസ്ഥനും ഒരുന്നത സോവ്യററ് നയതന്ത്രജ്ഞനുമായിരുന്ന മി. പെട്രോവ് റഷ്യയുമായുള്ള തൻെറ ബന്ധങ്ങൾ വിടുത്തിയശേഷം മെൽബോണിലെ റോയൽ കമ്മീഷൻ മുമ്പാകെ വെളിപ്പെടുത്തിയ ചില വിവരങ്ങളാണ് താഴെ ചേക്കുന്നതു്.

ആസ്ട്രേലിയൻ വിദേശകാര്യവകുപ്പിൽനിന്നും രഹസ്യങ്ങൾ ശേഖരിച്ച് മോസ്കോയെ അറിയിക്കുന്നതിനു് "K" എന്ന ഒരു രഹസ്യഏർപ്പാട് ആസ്ട്രേലിയായിൽ നടപ്പിലിരിക്കുന്നുണ്ടു്. ഡിപ്പാർട്ടുമെൻറ് ഉദ്യോഗസ്ഥന്മാരിൽ ചിലരെ വശത്താക്കി ഗവർമ്മെൻറിൻെറ രഹസ്യങ്ങൾ സൂത്രത്തിൽ തട്ടിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ പ്രധാന പരിപാടി. ഇതിൻെറ ചുമതല മി. പെട്രോവിനെയാണേല്പിച്ചിരുന്നതു്. ആസ്ട്രേലിയായിൽ രക്ഷാനടപടികൾ വളരെ കശനമായിരുന്നതുകൊണ്ടു് ഒന്നുരണ്ടു വർഷത്തേക്കു് ഒരു രഹസ്യവും ചോത്തിയെടുക്കാൻ കഴിഞ്ഞിരുന്നില്ല. റഷ്യക്കുവേണ്ടി ഏജൻറന്മാരെ റിക്രൂട്ടുചെയ്യുന്നതിലേക്കു് ആസ്ട്രേലിയായിലുള്ള വിദേശികളുടെ ഒരു ലിസ്റ്റ് തയാറാക്കി അയക്കുവാൻ മോസ്കോവിൽനിന്നു് മി. പെട്രോവിനു നിർദ്ദേശം ലഭിക്കുകയുണ്ടായിട്ടുണ്ടു്. അപ്രകാരം തിരഞ്ഞെടുക്കപ്പെടുന്ന ഏജൻറുമാക്കു് റഷ്യയിൽനിന്നും തക്കതായ വേതനം നൽകുക സാധാരണ പതിവാണ്.

നാടിൻെറ നാനാ ഭാഗത്തും

OCB

മലകളും താഴ്വരകളും കായലുകളും നിറഞ്ഞ ഈ നാടിൻെറ വിവിധത്വം കലർന്ന ഭൂപ്രകൃതിപോലെതന്നെയാണ് നമ്മുടെ വാണിജ്യവ്യവസായങ്ങളും, എല്ലാത്തരം വാണിജ്യവ്യവസായങ്ങൾക്കും കർഷകർക്കും ബാങ്കിംഗ് സൗകര്യം നൽകുന്നതിനു് ഈ സംസ്ഥാനത്തിൻെറ മർമ്മസ്ഥാനങ്ങളിൽ ഞങ്ങളുടെ 16 ബ്രാഞ്ചുകൾ പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്നു. ഇൻഡ്യയിലെ എല്ലാ പ്രമുഖ വാണിജ്യകേന്ദ്രങ്ങളിലും ഏജൻസികളും സ്ഥാപിച്ചിട്ടുണ്ടു്

പ്രവർത്തനമൂലധനം
ഒരു കോടി രൂപയിൽ കൂടുതൽ

ഓറിയൻറ്റൽ സെൻട്രൽ ബാങ്ക് ക്ലിപ്തം

ഹെഡ് ആഫീസ് കോട്ടയം

ബ്രാഞ്ചുകൾ.—

| | | |
|---|---|---|
| പാലാ | വൈക്കം | പിറവം |
| കുമരകം | പാമ്പാടി | പൂവരണി |
| തൊടുപുഴ | തിരുവല്ലാ | കോട്ടയം |
| കൂട്ടിക്കൽ | കാരുകെട്ടി | എരുമേലി |
| എറണാകുളം | ഈരാററുപേട്ട | കോതമംഗലം |
| | വടക്കൻ പറവൂർ | |

സത്യദീപം വരിസംഖ്യ

| | പ്രതിവർഷം |
|---|---|
| ഇൻഡ്യയിൽ | ക. 6—8—0 |
| ഇൻഡ്യക്കുപുറമെ | " 8—12—0 |

# സത്യദീപം

പത്രാധിപന്മാർ

റൈറ്റ് റവ. മോൺസിഞ്ഞോർ ജേക്കബ്ബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 27 | ERNAKULAM, JULY 7, 1954 | No. 44


# കത്തോലിക്കരും സാമൂഹ്യസേവനവും

## സമാഹാരം

കഴിഞ്ഞ ഏപ്രിൽ അവസാനവാരത്തിൽ എറണാകുളത്തു സമ്മേളിച്ച "ആൾ ഇന്ത്യാ സോഷ്യൽ കോൺഫറൻസി"ൽ പാസ്സാക്കപ്പെട്ട ശ്രദ്ധേയമായ പ്രമേയങ്ങൾ കഴിഞ്ഞ മൂന്നു ലക്കങ്ങളിൽ ഞങ്ങൾ മുഴുവനായി പ്രസിദ്ധപ്പെടുത്തിയിരുന്നുവല്ലോ. ഇന്നത്തെ പരിതസ്ഥിതികളിൽ പ്രത്യേകിച്ചും, സാമൂഹികസേവനത്തിനുള്ള പ്രാധാന്യത്തേയും, കോൺഫറൻസിന്റെ ചർച്ചകളിലും പ്രമേയങ്ങളിലും അതുസംബന്ധിച്ചു പൊതുവെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള മാർഗ്ഗങ്ങളുടെ പ്രായോഗികതയേയും പരിഗണിച്ചാണ് വായനക്കാരുടെ അറിവിനുവേണ്ടി അവയെ പൂർണ്ണരൂപത്തിൽ തന്നെ പ്രസിദ്ധീകരിച്ചിട്ടുള്ളതു്. ഭാരതത്തിലെ കത്തോലിക്കർ അവക്കു നൽകപ്പെട്ടിട്ടുള്ള ഈ നിർദ്ദേശങ്ങൾ ഓരോ ഇടവകകളിലും ഏരിയാകളിലും സംഘടിതമായും കാര്യക്ഷമമായും പ്രായോഗികമാക്കി ക്രിസ്തുമതത്തിന്റെ മനോഹരമായ സേവനാദർശത്തെ ഭാരതീയസഹസ്രങ്ങൾക്കു അനുഭവവേദ്യമാക്കണമെന്നു ഞങ്ങൾ ശക്തിയായി ഉൽബോധിപ്പിച്ചുകൊള്ളുന്നു.

## ചില പ്രതിബന്ധങ്ങൾ

ക്രിസ്തുമതം ആദർശത്തിലും പ്രയോഗത്തിലും സേവനത്തിനു അദ്വിതീയമായ പ്രാധാന്യമാണു നൽകിയിട്ടുള്ളതു്. "നിന്നെപ്പോലെതന്നെ നിന്റെ അയല്ക്കാരനേയും നീ സ്നേഹിക്കുക" എന്നും "കാണുന്ന സഹോദരനെ സ്നേഹിക്കാത്തവൻ കാണാത്ത ദൈവത്തെ സ്നേഹിക്കുന്നു എന്നു പറയുന്നതു് നിരർത്ഥകമാണെന്നും" പഠിപ്പിക്കുന്ന ഒരു മതത്തിൽ വിശ്വസിക്കുന്ന ക്രിസ്ത്യാനികൾ അവന്റെ ജീവിതത്തിൽ പരസ്നേഹവും പരശുശ്രൂഷയും ഒഴിച്ചുവയ്ക്കാൻ പാടില്ലാത്ത കാര്യങ്ങളാണു്. പക്ഷെ, പലപ്പോഴും ഈ കർത്തവ്യം യഥാവിധി നിറവേററുന്നതിനു അവനു സാധിക്കാതെ വരുന്നതു് പ്രായോഗികമായ അറിവിന്റെയും അനുഗമ്യമായ പദ്ധതികളുടെയും അഭാവംകൊണ്ടത്രെ. അതുകൊണ്ടു് കാലാനുസൃതം വ്യത്യാസപ്പെട്ടുകൊണ്ടിരിക്കുന്ന പരിതസ്ഥിതികളെ വിശകലനംചെയ്തു് അനുകരണീയമായ പ്രവർത്തനസരണികൾ നിർണ്ണയിക്കേണ്ടതു് സമുദായനേതാക്കന്മാരുടെ കർത്തവ്യമാണു്. ഈ കൃത്യമാണു് സാമൂഹികകോൺഫറൻസു് വിദഗ്ദ്ധമായവിധത്തിൽ നിർവ്വഹിച്ചിരിക്കുന്നതു്.

## സംഘടനകൾ

ആധുനികലോകത്തിൽ സംഘടിതമായ പ്രവർത്തനങ്ങൾക്കു മാത്രമേ ശക്തിയും ഫലസിദ്ധിയുമുള്ളു. അതുകൊണ്ടു് കോൺഫറൻസു് അതിന്റെ പ്രമേയങ്ങളിൽ സംഘടന സംബന്ധിച്ചു നിർദ്ദേശങ്ങൾ വ്യക്തമായി നൽകിയിരിക്കുന്നു. പട്ടണപ്രദേശങ്ങളിലായാലും ഗ്രാമപ്രദേശങ്ങളിലായാലും ഇടവകാടിസ്ഥാനത്തിൽ ഒന്നോ അധികമോ കേന്ദ്രങ്ങൾ ആവശ്യാനുസാരം സംഘടിപ്പിക്കണമെന്നും, അവയെയെല്ലാം രൂപതാസംഘടനകളും ഭാഷാടിസ്ഥാനത്തിലുള്ള പൊതുസംഘടനകളുമായി ഒന്നിപ്പിക്കണമെന്നും, പരമമായി അഖിലേന്ത്യാ അടിസ്ഥാനത്തിൽ ഒരു കേന്ദ്രസംഘടനയായി രൂപപ്പെടുത്തണമെന്നുമാണു് കോൺഫറൻസു് വിഭാവനം ചെയ്തിരിക്കുന്നതു്. കത്തോലിക്കാ സമുദായത്തിന്റെ പൊതുഘടനയനുസരിച്ചു് ഇതു വളരെ എളുപ്പത്തിൽ പ്രായോഗികമാക്കാവുന്നതാണു്. അപ്രകാരംതന്നെ ഓരോ യൂണിററുകളിലും മുതലാളിസംഘടനകളും തൊഴിലാളിസംഘടനകളും ഭൂവുടമകളുടെ സംഘടനകളും വാണിജ്യവ്യവസായാദിരംഗങ്ങളിൽ പ്രവർത്തിക്കുന്നവരുടെ സംഘടനകളും രൂപവൽക്കരിച്ചു ഓരോ വിഭാഗത്തിനും അവരവരുടെ കർത്തവ്യങ്ങളെപ്പററി തിരുസഭയുടെ ആദർശത്തിനും പരിശുദ്ധ മാർപ്പാപ്പാമാരുടെ സാമുദായികപ്രബോധനങ്ങൾക്കും അനുസരിച്ചു വിജ്ഞാനംകരഗതമാക്കത്തക്കവിധത്തിൽ പഠനക്കളരികളും ചർച്ചായോഗങ്ങളും ധ്യാനപരിപാടികളും നടത്തപ്പെടണമെന്നും നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു. ഈ സംഘടനാപ്രവർത്തനം പ്രായോഗികമാക്കുന്നതിനു പ്രൊവിൻഷ്യൽ റീജനൽ കമ്മിററികളെ കോൺഫറൻസുതന്നെ നിയോഗിച്ചിട്ടുണ്ടു്. ഇങ്ങനെ ഒരു പൊതുകോൺഫറൻസിനു് നിർവ്വഹിക്കാവുന്ന എല്ലാക്കാര്യങ്ങളും സമഷ്ടിയായി അതു നിർവ്വഹിച്ചിട്ടുണ്ടു് എന്നുള്ളതു കോൺഫറൻസിന്റെ വലിയൊരു വിജയമാണു്. സാധാരണ മററു കോൺഫറൻസുകൾപോലെ അനിശ്ചിതമായ ചില പ്രമേയങ്ങൾ പാസ്സാക്കിപ്പിരിയുകയല്ല ഈ കോൺഫറൻസു് ചെയ്തിട്ടുള്ളതെന്നു അതിന്റെ പ്രമേയങ്ങളുടെ ക്രോഡീകരണത്തിൽ സ്പഷ്ടമാക്കിയിരിക്കുന്നു.

## നേതൃത്വം

ഏതൊരു പ്രസ്ഥാനവും വിജയപ്രദമാകണമെങ്കിൽ അതു കൈകാര്യംചെയ്യുന്ന നേതൃത്വം ഉൽബുദ്ധവും പ്രയോഗക്ഷമവുമായിരിക്കണം. നേതൃത്വത്തെ ശരിയായി രൂപവല്ക്കരിക്കാത്തതും അതിനുവേണ്ട ശിക്ഷണം നൽകുന്നതിനുള്ള പദ്ധതികളില്ലാത്തതുമാണു് പല പ്രസ്ഥാനങ്ങളും അകാലികമായി അസ്തമിക്കുന്നതിനിടയാകുന്ന പ്രധാന കാരണം. അങ്ങനെയുള്ള ഒരപാകത വന്നുചേരാതിരിക്കുന്നതിനു നേതാക്കന്മാരെ പരിശീലിപ്പിക്കുന്നതിൽ സ്വീകരിക്കപ്പെടേണ്ട വിവിധോപാധികളെ കോൺഫറൻസു് സുവ്യക്തമായി നിർദ്ദേശിച്ചിട്ടുണ്ടു്. നേതൃത്വപരിശീലനത്തിനു നിശ്ചിതമായ കോഴ്സുകൾതന്നെ ഏർപ്പെടുത്തേണ്ടതാണെന്നുള്ള നിർദ്ദേശം വളരെ അർത്ഥവത്താണു്. അതിനു് സൗകര്യപ്പെടാത്ത സാഹചര്യത്തിൽ ചുരുങ്ങിയ കാലത്തേക്കുള്ള കോഴ്സുകളെങ്കിലും സംഘടിപ്പിച്ചു് അവക്കു അത്യാവശ്യമായ പരിശീലനം നൽകണമെന്നുള്ളതു വളരെ ആവശ്യകമായ ഒരു നിർദ്ദേശമാണു്. കുരുടൻ കുരുടനെ വഴികാണിച്ചു രണ്ടുപേരും കുഴിയിൽ വീഴുന്ന അനുഭവം നമ്മുടെ പല പ്രസ്ഥാനങ്ങളിലും നിർഭാഗ്യവശാൽ നാം കണ്ടുകഴിഞ്ഞിട്ടുള്ളതാണു്. അതാവർത്തിക്കപ്പെടാതിരിക്കാൻ നേതൃത്വപരിശീലനത്തിനുള്ള ഈ നിർദ്ദേശം എല്ലാപ്രവർത്തകന്മാരും ആത്മാർത്ഥമായി സ്വീകരിക്കേണ്ടതത്രെ.

## സഹകരണം

പൊതുജീവിതത്തിലും പൊതുപ്രവർത്തനത്തിലും സഹകരണത്തിനു അനന്യസാധാരണമായ സ്ഥാനമാണല്ലോ ഉള്ളതു്. അതുകൊണ്ടു സഹകരണത്തിന്റെ അവശ്യാവശ്യകതയെ കോൺഫറൻസു് ഊന്നിപ്പറയുകയും അതു നേടുന്നതിനുള്ള സാദ്ധ്യതകളേയും മാർഗ്ഗങ്ങളേയും വിപുലമായി വിശദീകരിക്കുകയും ചെയ്തിട്ടുണ്ടു്. ഓരോ ഘടകങ്ങളും അതതിൽതന്നെ പ്രദർശിപ്പിക്കേണ്ട സഹകരണമനോഭാവവും, മററു ഘടകങ്ങളുമായി ഒത്തിണങ്ങി പ്രവർത്തിക്കുന്നതിൽ പാലിക്കേണ്ട സഹകരണസന്നദ്ധതയും, കത്തോലിക്കേതരമായ മററു സംഘടനകളുമായി കൂട്ടുചേർന്നു സഹകരിച്ചു പ്രവർത്തിക്കാവുന്ന അവസരങ്ങളേയും സാദ്ധ്യതകളേയും കോൺഫറൻസു വിശദമായി ഉൽബോധിപ്പിച്ചിട്ടുണ്ടു്. ഇന്നു സമുദായമദ്ധ്യത്തിൽ അടിക്കടി ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഘട്ടനങ്ങൾ ഈ സഹകരണത്തിന്റെ അഭാവത്തിൽ മുളയെടുക്കുന്ന നിർഭാഗ്യകരമായ ഒരു സ്ഥിതിവിശേഷമാണു്. മുതലാളിതൊഴിലാളി വഴക്കുകളും, വ്യവസായവാണിജ്യസംഘട്ടനങ്ങളും, അവശ്യവിഭവങ്ങളുടെ വിതരണത്തിലും ഉല്പന്നങ്ങളുടെ വിലയിടിവുകളിലും ഉണ്ടാകുന്ന കുഴപ്പങ്ങളും മററിതുപോലുള്ള വിനാശകരങ്ങളായ നൂറുകൂട്ടം കുഴഞ്ഞ പ്രശ്നങ്ങളും ദൂരീകരിക്കുന്നതിനു സൗഹാർദ്ദപരമായ സഹകരണത്തിനു മാത്രമേ സാധിക്കുകയുള്ളു. സമാധാനപൂർണ്ണവും സുഖസമൃദ്ധവുമായ ഒരു ജീവിതം സമുദായത്തിനു കൈവരണമെങ്കിൽ ഈ രാജപാത മാത്രമേ അനുഗമ്യമായിട്ടുള്ളു.

## സാമൂഹികശാസ്ത്രം

സാമൂഹിക പ്രവർത്തനങ്ങളിൽ സാധാരണ വിസ്മരിക്കപ്പെടുന്ന ഒരു കാര്യമാണു് അതു ഒരു ശാസ്ത്രമാണെന്നുള്ള വസ്തുത. "വാളെടുക്കുന്നവരെല്ലാം വെളിച്ചപ്പാടു്" എന്നുള്ള ഒരു രീതി ഇക്കാര്യത്തിൽ അവലംബിക്കുന്നതുകൊണ്ടുണ്ടാകുന്ന വിപത്തു വളരെ ഗൗരവാവഹമാണു്. മനുഷ്യപ്രകൃതിയിൽ രൂഢമൂലമായിട്ടുള്ള അടിസ്ഥാനതത്വങ്ങളിന്മേൽ കെട്ടിപ്പടുത്ത ഒരു പരിപൂർണ്ണശാസ്ത്രമാണു് സാമൂഹികശാസ്ത്രം. പ്രസ്തുത തത്വങ്ങൾ ഓരോ സാഹചര്യങ്ങളിൽ മാനവവംശത്തിന്റെ ഭൂരിസുഖത്തിനനുയോജ്യമായി എങ്ങിനെയാണു് പ്രായോഗികമാക്കേണ്ടതെന്നാണു സാമൂഹികശാസ്ത്രം പഠിപ്പിക്കുന്നതു്. അടിസ്ഥാനതത്വങ്ങളെ അവഗണിച്ചു താന്തോന്നിത്വം പ്രവർത്തിക്കുന്നതിനു കോപ്പുകൂട്ടുകയാണെങ്കിൽ സമുദായം അത്യാപല്ക്കരമായ അധഃപ്പതനത്തെ നേരിടേണ്ടിവരും. ആധുനികലോകത്തിന്റെ ദാരുണമായ അനുഭവം ഇതാണു് വെളിവാക്കുന്നതു്. സ്വാർത്ഥപരമായ ലക്ഷ്യങ്ങളെ മുൻനിർത്തി, അടിസ്ഥാനതത്വങ്ങളെ അവഗണിച്ചു് സാമൂഹികനീതിനിയമങ്ങളെ കരുപ്പിടിച്ചു പ്രയോഗിച്ചതിന്റെ ഫലമായിട്ടാണു് മാനവവംശത്തിൽ ബഹുഭൂരിപക്ഷവും ഇന്നു ക്ലേശങ്ങളുടെ പാഴ്ക്കുണ്ടിൽ കിടന്നു നരകിക്കുന്ന ഒരു വ്യവസ്ഥിതി സംജാതമാകുന്നതിനിടയായിട്ടുള്ളതു്. ഈ ദുരന്തദുരിതങ്ങൾക്കു നിവാരണം വരുത്തുന്നതിനും മാനവവംശത്തെ അഭികാമ്യമായ ഒരു സാമൂഹികവ്യവസ്ഥിതിയിലേക്കു കൊണ്ടുവരുന്നതിനുമുള്ള അമൂല്യനിർദ്ദേശങ്ങളാണു് പരിശുദ്ധമാർപ്പാപ്പാമാരുടെ സാമൂഹികലേഖനങ്ങളിൽ യുക്തിയുക്തമായി പ്രബോധിപ്പിച്ചിട്ടുള്ളതു്. പതിമൂന്നാം ലെയോ, 11-ാംപീയൂസ്, 12-ാംപീയൂസ് എന്നീ മാർപ്പാപ്പാമാരുടെ ചാക്രികലേഖനങ്ങൾ ഇക്കാര്യത്തിൽ അമൂല്യരേഖകളത്രെ. അവയെ അവഗാഢമായി പഠിക്കണമെന്നും അവയെപ്പററിയുള്ള അറിവു ജനതാമദ്ധ്യത്തിൽ പ്രചരിപ്പിക്കുന്നതിനു യഥാവിധിപരിശ്രമങ്ങൾ നടത്തണമെന്നും കോൺഫറൻസു് ശക്തിയായി ഉൽബോധിപ്പിക്കുന്നതിന്റെ രഹസ്യം ഇതാണു്.

## ഫാദർ ഡിമൾഡർ

സാമൂഹികശാസ്ത്രത്തിൽ അതിനിപുണനും ഭാരതത്തിലെ സാമൂഹികോദ്ധാരണസംരംഭങ്ങളെ നേരിട്ടു പരിശോധിച്ചു പഠനം നടത്തിയിട്ടുള്ള വിദഗ്ദ്ധനുമായ റവ. ഫാദർ ഡിമൾഡർ അവർകൾ, കഴിഞ്ഞ മേയ്മാസത്തിൽ എറണാകുളത്തുവച്ചു നടത്തിയ പാക്സ്റൊമാനാ കോളേജ് സ്ററുഡൻറ്സ് ഫെഡറേഷന്റെ റീജനൽ കോൺഫറൻസിൽ ചെയ്ത പ്രസംഗത്തിൽ ഈ വിഷയത്തെ സമഗ്രമായി പ്രതിപാദിച്ചുകൊണ്ടു പ്രസ്താവിച്ചതിപ്രകാരമാണു്:- "ഇന്നു ഇന്ത്യയിൽ നിലവിലിരിക്കുന്ന സാമൂഹികപ്രശ്നങ്ങളുടെ പ്രത്യേകസ്വഭാവങ്ങളെ ഇപ്രകാരം സമാഹരിക്കാം: 1. ഇന്ത്യയിലെ പ്രബുദ്ധജനവിഭാഗവും കോടാനുകോടി വരുന്ന സാമാന്യജനവിഭാഗവും തമ്മിലും, മുതലാളിവിഭാഗവും തൊഴിലാളിവിഭാഗവും തമ്മിലും ഒരഗാധമായ ഗർത്തം നിലകൊള്ളുന്നു; 2. വേറെ ഏതൊരു രാജ്യത്തും കേട്ടുകേൾവിപോലുമില്ലാത്ത തരത്തിൽ ബൃഹത്തായ തൊഴിലില്ലായ്മപ്രശ്നം ഇവിടെ സംജാതമായിരിക്കുന്നു; 3. വ്യവസായവൽക്കരിക്കപ്പെട്ടിട്ടുള്ള ആധുനികരാജ്യങ്ങളിൽ ജനസംഖ്യയുടെ 75 ശതമാനവും വ്യവസായകേന്ദ്രങ്ങളിൽ നിവസിക്കുമ്പോൾ ഇന്ത്യയിൽ മൊത്തം ജനസംഖ്യയിൽ 75 ശതമാനവും ഗ്രാമപ്രദേശങ്ങളിലാണു് വസിക്കുന്നതു്; 4. ജനസംഖ്യാവർദ്ധനവു ചൈനാ ഒഴിച്ചു മററേതു രാജ്യത്തേക്കാളും ഇവിടെ കൂടുതലായ നിരക്കിലാണു് പുരോഗമിച്ചുകൊണ്ടിരിക്കുന്നതു്."

ഈ ചതുർവിധപ്രശ്നങ്ങളെ നേരിടുന്നതിനുള്ള പദ്ധതികളാണു് അദ്ദേഹം തുടർന്നു സമ്യക്കായി കാര്യകാരണസഹിതം വിശദമാക്കിയിട്ടുള്ളതു്. അഭ്യസ്തവിദ്യരുടെ ഇടയിൽ കാണുന്ന പാശ്ചാത്യജീവിതരീതികളിലുള്ള അനുകരണഭ്രമം ഇല്ലാതാക്കണമെന്നും, സർവ്വസാഹോദര്യത്തെ പ്രബോധിപ്പിക്കുന്ന ക്രിസ്തീയാദർശങ്ങൾ പ്രായോഗികമാക്കണമെന്നും, ഗ്രാമപ്രദേശങ്ങളിൽ ക്രിസ്ത്യൻ മിഷനറിമാർ നിർവ്വഹിച്ചുപോരുന്ന ഉദ്ധാരണശ്രമങ്ങൾ വിപുലപ്പെടുത്തണമെന്നും, ഗാന്ധിജി സമാരംഭിച്ച വാർദ്ധായിലെ "സേവാഗ്രാമ"പദ്ധതിയുടെ പ്രേരണയിൽ ഗ്രാമീണരുടെ സേവനത്തിനായി അഭ്യസ്തവിദ്യർ ഗ്രാമപ്രദേശങ്ങളിലേക്കിറങ്ങണമെന്നും അദ്ദേഹം നിർദ്ദേശിച്ചു. രണ്ടാമതായി ബൃഹത്സ്വരൂപം പ്രാപിച്ചുകൊണ്ടിരിക്കുന്ന തൊഴിൽരാഹിത്യത്തെ നേരിടുന്നതിനു് ഗ്രാമപ്രദേശങ്ങളിലെ ഉദ്ധാരണസംരംഭങ്ങളിൽ അഭ്യസ്തവിദ്യരായ യുവാക്കന്മാരെയും തൊഴിലാളിവിഭാഗത്തേയും ധാരാളമായി ഏർപ്പെടുത്തണമെന്നും, ധനം കുന്നുകൂട്ടിക്കിടക്കുന്ന വമ്പിച്ച മുതലാളികളെക്കൊണ്ടു് അവയെ വ്യവസായങ്ങളിൽ ഇറക്കിക്കണമെന്നും അദ്ദേഹം ശുപാർശചെയ്തു. ഭാരതത്തിൽ പൊതുവെയും തിരുകൊച്ചി മുതലായ ചില സ്റ്റേററുകളിൽ പ്രത്യേകിച്ചും ജനസംഖ്യയുടെ വർദ്ധനവിനനുസരിച്ചു് താമസസൗകര്യങ്ങളും കൃഷിവ്യവസായസൗകര്യങ്ങളും ഇല്ലാത്തതുകൊണ്ടു് അതൊരു ജീവൽപ്രശ്നമായി തീർന്നിരിക്കുകയാണു്. ഭാരതത്തിൽത്തന്നെ നീതിയുക്തവും സാഹോദര്യമനസ്ഥിതിയോടുകൂടിയതുമായ ഒരു ഭൂനയം പ്രയോഗത്തിൽ വരുന്നതായാൽ ഈ പ്രശ്നത്തിന്റെ ഉഗ്രത വളരെ ലഘൂകരിക്കപ്പെടും. കൂടാതെ ലോകത്തിന്റെ നാനാഭാഗങ്ങളിൽ ജനവാസമില്ലാതെ തരിശായി കിടക്കുന്ന ഫലഭൂയിഷ്ഠമായ കൃഷിഭൂമികളിൽ കുടിയേറിത്താമസിക്കുന്നതിനുള്ള ഒരു പദ്ധതിയും ഉണ്ടാകേണ്ടതത്രെ. ഇപ്രകാരം, ഭയാനകമായി [illegible] ജനസംഖ്യാവർദ്ധനപ്രശ്നം അവികസിതരാജ്യങ്ങളുടെ പുരോഗതിക്കും മാനവവംശത്തിന്റെ അഭ്യുദയത്തിനും നിദാനമാക്കിത്തീർക്കാവുന്നതാണു്. ഭാരതത്തെ തുറിച്ചുനോക്കുന്ന ജീവൽപ്രശ്നങ്ങളായ തൊഴിലില്ലായ്മക്കും ജനസംഖ്യാവർദ്ധനവിനും ഇപ്രകാരം സമ്യക്കായ പ്രതിവിധികൾ പ്രയോഗിക്കപ്പെടാനുള്ള സാദ്ധ്യതകൾ അദ്ദേഹം ധാരാളം ഉദാഹരണങ്ങളും സ്ഥിതിവിവരക്കണക്കുകളും ഉദ്ധരിച്ചുകൊണ്ടു് സ്ഥാപിച്ചിരിക്കുന്നു.

ആകയാൽ നാട്ടിന്റെ നന്മയേയും നാട്ടാരുടെ അഭിവൃദ്ധിയേയും ആത്മാർത്ഥമായി കാംക്ഷിക്കുന്ന മാനവസ്നേഹികളായ സാമൂഹികപ്രവർത്തകന്മാർക്കു രംഗത്തിറങ്ങി സേവനമനുഷ്ഠിക്കുന്നതിനു വേണ്ട അറിവുകളും പ്രവർത്തനപദ്ധതികളുമാണു് നൽകപ്പെട്ടിരിക്കുന്നതു്. അഭികാമ്യമായ സ്വാതന്ത്ര്യം പ്രാപിച്ചു് ബലിഷ്ഠമായ ഒരു രാഷ്ട്രമായി ഉയരുന്നതിനു വെമ്പൽകൊള്ളുന്ന ഭാരതമാതാവിന്റെ ഭാവിയെ സുരക്ഷിതവും ശോഭനവുമാക്കുന്നതിനു ഓരോ ഭാരതീയനും സാമൂഹികസേവനപദ്ധതികളിൽ വ്യാപൃതനാകട്ടെ. കത്തോലിക്കാവിഭാഗം കേവലമൊരു ന്യൂനപക്ഷമെങ്കിലും സാമൂഹികശാസ്ത്രത്തിന്റെ മങ്ങാത്ത മണിദീപവും കൈയിലേന്തി സഹോദരസഹസ്രങ്ങൾക്കു സേവനത്തിന്റെ മാർഗ്ഗദർശനം നൽകി അവരുടെ മഹത്തായ ക്രിസ്തീയപാരമ്പര്യത്തെ പുലർത്തി പുരോഗമിക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### ശരീരസംരക്ഷണത്തിലും തിരുസഭക്കു താല്പര്യമുണ്ടു്

തിരുസഭ മനുഷ്യരുടെ ആത്മാവിന്റെ കാര്യത്തിലല്ലാതെ ശരീരത്തിന്റെ കാര്യത്തിൽ താല്പര്യം പ്രദർശിപ്പിക്കുന്നില്ലെന്നൊരു ആക്ഷേപം ചിലർ പുറപ്പെടുവിക്കാറുണ്ടല്ലോ. ഇതു ശരിയല്ലെന്നു് തിരുസഭയുടെ സിദ്ധാന്തങ്ങളിൽനിന്നും നടപടികളിൽനിന്നും തെളിയുന്നുണ്ടു്. പൂനായിലെ സോഷ്യൽ ഇൻസ്റ്റിററ്യൂട്ട് പ്ര

വത്തകന്മാരിൽ ഒരാളായ ഫാദർ നേവാറ് എസ്സ്. ജെ യുടെ വാക്യങ്ങളിൽ അക്കാര്യം ഇങ്ങനെ വിശദീകരിക്കാം.

മനുഷ്യനു ന്യായമായ ആഹാരവും, പാർപ്പിടവും, വസ്ത്രവും ലഭിക്കണമെന്നു തിരുസഭ സിദ്ധാന്തിക്കുന്നു. ഭവനം, ആഹാരം, വസ്ത്രം എന്നിവ തിരുസഭയുടെ കർത്തവ്യത്തിൽ പെട്ടതല്ലെങ്കിലും, മനുഷ്യൻ പുണ്യജീവിതം നയിക്കുന്നതിനു ഭൗതികമായ ചില സാഹചര്യങ്ങൾ അവനു കൂടിയേ കഴിയൂ എന്നു് തിരുസഭ നിർബന്ധിക്കുന്നുണ്ടു്. മനുഷ്യൻ പരമദാരിദ്ര്യത്തിലും കഷ്ടതയിലും ജീവിച്ചാലേ ആത്മാവു രക്ഷപെടുകയുള്ളു എന്നു തിരുസഭ ഒരിക്കലും കരുതുന്നില്ല. ദാരിദ്ര്യം അമിതസമ്പത്തുപോലെ തന്നെ ആത്മാവിനു് ആപൽക്കരമാണു്.

ഇടത്തരക്കാരുടെ ഇടയിൽ പുണ്യാഭിവൃദ്ധി ദൃശ്യമാകുന്നതു് കേവലം ആകസ്മികമായ ഒരു സംഭവമല്ല. കേവലം ദരിദ്രരെപ്പോലെ അവർ ഭൗതികകാര്യങ്ങളിൽ അത്രകണ്ടു ക്ലേശിക്കുന്നില്ല. അതുകൊണ്ടു് ആദ്ധ്യാത്മികകാര്യങ്ങളെപ്പററി ചിന്തിക്കാൻ അവർക്കു അവസരം ലഭിക്കുന്നു. ധനികന്മാർ അവരുടെ സമ്പത്തുകളിൽ തന്നെ മുഴുകിപ്പോകയും, ആത്മികകാര്യങ്ങളെ വിസ്മരിക്കുകയും ചെയ്യുന്നു. അങ്ങനെയുള്ള പാകക്കേടു് ഇടത്തരക്കാരെ ബാധിക്കുന്നില്ല.

പുണ്യപരിശീലനം ഫലപ്രദമാകുന്നതിനു ഭൗതികാവശ്യങ്ങൾ തൃപ്തികരമായി സാധിക്കുന്നതിനുള്ള ചുററുപാടുകൾ മനുഷ്യനുണ്ടായിരിക്കണമെന്നു വാദിക്കുന്നതുകൊണ്ടുതന്നെയാണു്, പാവങ്ങളുടെ നില ഉയർത്തണമെന്നും തിരുസഭ മുറവിളികൂട്ടുന്നതു്. ഈ ആദർശത്തിൻെറ പേരിലാണു് ആരംഭകാലം മുതൽ അശരണരെയും, അഗതികളെയും, അനാഥശിശുക്കളെയും, വിധവകളെയും, തടവുകാരെയും, ബഹിഷ്കൃതരെയും, രോഗികളെയും പരിരക്ഷിക്കുന്നതിൽ തിരുസഭ താല്പര്യം പ്രകടിപ്പിച്ചുപോരുന്നതു്. ഈ പരിരക്ഷണത്തിനുവേണ്ടി സന്യാസസഭകൾതന്നെ പലതും തിരുസഭയിൽ സ്ഥാപിക്കപ്പെടുകയും പ്രവർത്തനങ്ങൾ നടത്തിക്കൊണ്ടുപോരുകയും ചെയ്യുന്നുണ്ടല്ലോ.

* * *

## മിഷനറിവിരുദ്ധതയ്ക്കു് സ്റ്റാൻലിജോൺസിൻെറ മറുപടി

ക്രൈസ്തവമിഷനറിമാർ പണംകൊടുത്തും, ബലംപ്രയോഗിച്ചും, വഞ്ചന പ്രയോഗിച്ചും മതപരിവർത്തനം നടത്തുന്നുണ്ടെന്നും, ക്രിസ്തുമതം സ്വീകരിക്കുന്നവർക്കു പാരിതോഷികമായി നൽകാൻ അമേരിക്കയിൽനിന്നും മൂന്നരക്കോടി രൂപാ കിട്ടിയിട്ടുണ്ടെന്നും മററും മദ്ധ്യപ്രദേശ് ഗവമ്മെൻറിൽനിന്നു നിയമിച്ച അന്വേഷണക്കമ്മററിയുടെ മുൻപിൽ അക്രൈസ്തവർ തെളിവുകൊടുത്തിട്ടുണ്ടെന്നു് ചില പത്രങ്ങളിൽ റിപ്പോർട്ടുകൾ കാണുന്നു. ഈ ആരോപണങ്ങൾക്കെല്ലാം മറുപടിയായി കത്തോലിക്കാ വൈദികാധികാരികൾ ചെയ്തിട്ടുള്ള പ്രസ്താവനകൾ അടുത്തു കഴിഞ്ഞ ലക്കങ്ങളിൽ ഞങ്ങൾ ഉദ്ധരിച്ചിരുന്നു. അകത്തോലിക്കനായ ഒരു പ്രസിദ്ധ അമേരിക്കൻ മിഷനറിയുടെ പ്രസ്താവവും ശ്രദ്ധേയമാണു്. നാല്പതുവർഷങ്ങളിലധികം ഇൻഡ്യയിൽ ചിലവഴിച്ചിട്ടുള്ള ഡോക്ടർ സ്റ്റാൻലി ജോൺസ് ന്യൂഡൽഹിയിലെ വൈ. എം. സി. എ. ക്കാരുടെ ഒരു സമ്മേളനത്തിൽ ഇങ്ങനെ പ്രസ്താവിച്ചു.

ഇൻഡ്യയിൽ ക്രിസ്തീയ മിഷൻപ്രവർത്തനം അന്വേഷണവിഷയമാക്കേണ്ട ഒരു പ്രശ്നമല്ല, പിന്നയോ രാജ്യത്തിൻെറ അഭിനന്ദനമർഹിക്കുന്ന ഒരു നേട്ടമാണു്. അന്വേഷണം ശരിയായ മനോഭാവത്തിൽ, അതായതു് ഒരു ഗണത്തെ പീഡിപ്പിക്കുന്ന രീതിയിലാകാതെ, നടത്തുന്നതു് ഞങ്ങൾ സ്വാഗതംചെയ്യും. ഒളിച്ചുവയ്ക്കേണ്ടതായി ഞങ്ങൾക്കൊന്നുമില്ല. ക്രിസ്തീയമിഷൻപ്രവർത്തനങ്ങളിൽ ശരിപ്പെടുത്തേണ്ടതായി വല്ല തെററുകളുമുണ്ടെങ്കിൽ അവയെപ്പററി ഞങ്ങളോടു് പറയുന്നതു് ഞങ്ങൾക്കു സന്തോഷം തന്നെയാണു്. എന്നാൽ അവയുടെ പ്രവർത്തനങ്ങളെപ്പററി ആഴമായ തെററിദ്ധാരണകളാണിപ്പോളുള്ളതു്. മിഷനറിമാർ സോഷ്യൽ സർവ്വീസുകൾ നടത്തുന്നതു് ആളുകളെ ചൂണ്ടയിട്ടു പിടിച്ചു ക്രിസ്ത്യാനികളാക്കാനാണെന്നുള്ള ധാരണ അബദ്ധമാകുന്നു. അങ്ങനെയുള്ള മതപരിവർത്തനം ക്രിസ്തുമതത്തിനുതന്നെയും പരിവർത്തനം ചെയ്യുന്ന ആൾക്കും ആക്ഷേപകരമാണു്. സ്വഭാവത്തിലും ജീവിതത്തിലും മാററംവരുത്തുന്ന മാനസാന്തരത്തിലാണു് ഞങ്ങൾ വിശ്വസിക്കുന്നതു്. അത്തരം മാനസാന്തരം കൈവരുത്താൻ ശ്രമിക്കുന്നതിൽ ഞങ്ങൾക്കു ക്ഷമായാചനം ചെയ്യേണ്ടതായി ഒന്നുമില്ല. മതപരിവർത്തനം ഞങ്ങൾ പണംകൊടുത്തു വാങ്ങുന്നില്ല. ഗവമ്മെൻറും ക്രിസ്തീയ മിഷനുകളും തമ്മിൽ ഉത്ഭവിക്കുന്ന പ്രശ്നങ്ങൾ ശരിപ്പെടുത്തുവാൻ കേന്ദ്രഗവമ്മെൻറിൽനിന്നു ഏറെക്കുറെ സ്ഥിരമായ ഒരു കമ്മിററിയെ നിയമിക്കുകയും ക്രിസ്തീയസഭയെ പ്രതിനിധീകരിക്കുന്ന അത്തരം ഒരു കമ്മിററിയുമായി അവർ കൂടിയാലോചന നടത്തുകയും ചെയ്യുന്നതു് നന്നായിരിക്കും.

* * *

## അമേരിക്കയുടെ സഹായദാനത്തെ ഇൻഡ്യൻസ്ഥാനപതി അഭിനന്ദിക്കുന്നു

അമേരിക്കൻ ഐക്യസംസ്ഥാനഗവമ്മെൻറു് കഴിഞ്ഞ മഹായുദ്ധത്തിനുശേഷം അനേകംരാഷ്ട്രങ്ങൾക്കു നൽകിക്കൊണ്ടുപോന്ന സഹായദാനങ്ങളിലൊന്നു് "പോയിൻറു് ഫോർ പ്രോഗ്രാം" എന്നറിയപ്പെടുന്ന ചതുർമുഖപദ്ധതിയാണല്ലോ. ഈ സഹായദാനത്തെ യു. എസ്സ്. എ. യിലെ ഇൻഡ്യൻ സ്ഥാനപതിയായ മി. മേത്താ ഇങ്ങനെ പ്രശംസിക്കുകയുണ്ടായി:-

യു. എസ്സ്. എ. നൽകിയിട്ടുള്ളതും അതിനു നൽകുവാൻ കഴിയുന്നതുമായ ഏററവും പ്രധാനപ്പെട്ട സംഭാവന സാമ്പത്തികവും സാങ്കേതികവുമായ സഹായമാണു്. സാർവ്വദേശീയസഹകരണത്തിൽ അതൊരു മൈൽക്കുററിയായിരിക്കുന്നു. സാമ്പത്തികവികസനം സംബന്ധിച്ചുള്ള ആസൂത്രണങ്ങളുള്ളതും അവയെ പ്രാവർത്തികമാക്കിക്കൊണ്ടിരിക്കുന്നതുമായ ഏഷ്യൻ രാജ്യങ്ങൾക്കു് അമേരിക്കായുടെ ഈ സഹായം വളരെ പ്രയോജനംചെയ്തിട്ടുണ്ടു്. ഇൻഡ്യയിൽ വികസനപദ്ധതികൾക്കായി ചെലവു ചെയ്യുന്ന ആകെ തുകയിൽ ഏകദേശം പത്തുശതമാനം വിദേശസഹായത്തിൽ നിന്നുള്ളതാണു്. ഇ ധ്യയുടെ സാമ്പത്തികവികസനത്തിൻെറ ഏററവും ആശാവഹമായ അടയാളങ്ങളിലൊന്നു് അടിത്തറമുതൽക്കുള്ള ദേശീയപുനഃസംവിധാനത്തെ ലക്ഷ്യം വയ്ക്കുന്ന വികസനപരിപാടിയുടെ അഭിവൃദ്ധിയാകുന്നു. ഇതിലേക്കുള്ള ശ്രമം ജനസാമാന്യത്തിൻെറ ഉത്സാഹത്തെ തട്ടിയുണർത്തിയിട്ടുണ്ടു്. ഏഷ്യായെപ്പററി പൊതുവിൽ പറഞ്ഞാൽ, ചില സ്ഥലങ്ങളിൽ സംഘട്ടനങ്ങളും കൊളോണിയൽ സമ്പ്രദായങ്ങളും നിലവിലിരിക്കുന്നുണ്ടെങ്കിലും, ആ പ്രദേശം വിമോചനത്തിൻെറയും വികസനത്തിൻെറയും ദശയുടെ വാതുക്കലെത്തിയിരിക്കുന്നു. വിദേശികളുടെ ആധിപത്യത്തിലും ചൂഷണത്തിലും നിന്നു് വിമുക്തമായി, സാമ്പത്തികവും സാമുദായികവുമായ അഭിവൃദ്ധിയിലേക്കു് മുന്നേറിക്കൊണ്ടിരിക്കുവാൻ ഏഷ്യൻ രാജ്യങ്ങൾക്കു് കഴിവുണ്ടായിരിക്കുന്നു. ഇൻഡ്യയിലെ വലതുപക്ഷത്തുനിന്നോ ഇടതു പക്ഷത്തുനിന്നോ ഉള്ള ഏതൊരു സർവ്വാധിപത്യസിദ്ധാന്തത്തിനും ഏററവും ഫലപ്രദമായ പ്രതിവിധി പ്രജായത്തസമ്പ്രദായങ്ങളിൽക്കൂടിയുള്ള സാമ്പത്തികവും സാമുദായികവുമായ വികസനത്തിൻെറ വേഗതയാണു്. ഈ ലക്ഷ്യംവച്ചാണു് ഇൻഡ്യയിലെ പഞ്ചവത്സരപദ്ധതി നടന്നുകൊണ്ടിരിക്കുന്നതു്. സൈനികങ്ങളായ ഒരുക്കങ്ങളേക്കാൾ ഈ പദ്ധതിയാണു് വിധ്വംസകപ്രസ്ഥാനങ്ങളെ എതിരിടാൻ കൂടുതൽ ഫലപ്രദമായ ആയുധം.

വെറുതെയാണോ നമ്മുടെ പഞ്ചവത്സരപദ്ധതിയേയും അതിലേക്കു് നൽകപ്പെടുന്ന അമേരിക്കൻസഹായത്തേയും വിധ്വംസകപ്രസ്ഥാനക്കാർ ഇടവിടാതെ അപലപിച്ചുകൊണ്ടിരിക്കുന്നതു്?

* * *

## സാമുദായിക അനീതികളെ അപലപിക്കുന്നു

## കർദ്ദി. സ്പെൽമാൻ

രാഷ്ട്രീയവും സാമ്പത്തികവും സാമുദായികവുമായ അനീതികൾക്കെതിരായി മാർപ്പാപ്പാമാരും മററു തിരുസഭാദ്ധ്യക്ഷന്മാരും ഇടവിടാതെ സ്വരം ഉയർത്തിക്കൊണ്ടിരിക്കുകയാണല്ലോ. അമേരിക്കൻ ഐക്യസംസ്ഥാനങ്ങളിലെ ജനങ്ങൾ മൊത്തത്തിൽ ഈ സ്വരം ഏറെക്കുറെ ചെവിക്കൊണ്ടുവരികയാണു്. അതിൻെറ ഫലമായി ആ രാജ്യത്തു തൊഴിലാളികളുടേയും സാധാരണക്കാരുടേയും ജീവിതനിലവാരം ലോകത്തിൽ മറെറവിടത്തേയുംകാൾ വളരെയധികം ഉയർന്നിട്ടുണ്ടു്. എങ്കിലും സാമുദായിക അനീതി പലതും ഇനിയും അവിടെ നീങ്ങേണ്ടിയിരിക്കുന്നു. ന്യൂയോർക്കു് മെത്രാപ്പോലീത്താ കർദ്ദിനാൾ സ്പെൽമാൻ ഇതുസംബന്ധിച്ചു റോമയിലെ ഒരു ഇംഗ്ലീഷ്പത്രത്തിൻെറ പ്രതിനിധിയുമായി നടത്തിയ സംഭാഷണത്തിൽ ഇങ്ങനെ പ്രസ്താവിച്ചു:-

നിവാരണം ചെയ്യപ്പെടാത്ത ദാരിദ്ര്യത്തെ സർവ്വത്രസാദ്ധ്യമാക്കുകയും, വർഗ്ഗത്തെ വർഗ്ഗത്തിനെതിരായും, വർണ്ണത്തെ വർണ്ണത്തിനെതിരായും ജനതതിയെ ജനതതിക്കെതിരായും ഇളക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്ന നയങ്ങളിലും നടപടികളിലും ക്രിസ്ത്യാനികൾ ശഠിച്ചുനില്ക്കുന്നതു് ക്രിസ്തുമതത്തെ ഏററവും നിന്ദ്യമായി വികൃതപ്പെടുത്തുന്ന പ്രവൃത്തിയാകുന്നു. ക്രിസ്ത്യാനികളാണെന്നു സ്വയം ഏററുപറയുന്നവരും, എന്നിട്ടും ക്രിസ്തീയമായ താല്പര്യങ്ങൾക്കും ഉത്തരവാദിത്വങ്ങൾക്കും യോജിച്ചവിധം ദൃശ്യമായി ഒന്നും പ്രവർത്തിക്കാത്തവരുമായ ആളുകളെ നിരന്തരം കൺമുമ്പിൽ കണ്ടുകൊണ്ടിരിക്കുന്ന ജനസാമാന്യത്തെ ക്രിസ്തുവിനു നേടിക്കൊടുക്കുവാൻ സാധിക്കുന്നതെങ്ങനെ? സമാധാനം നീതിയുടെ ഫലമാകയാൽ സമുദായത്തിൽ നടമാടുന്ന അനീതികളെ നമ്മുടെ പ്രഥമ ചിന്തകൾക്കു് വിഷയമാക്കുന്നതുവരെ നമ്മുടെ കാലത്തു സമാധാനം സ്ഥാപിക്കുവാൻ ഫലപ്രദമായ മാർഗ്ഗങ്ങൾ ഒന്നും ഉണ്ടായിരിക്കുകയില്ല. ഈ ദുഃസ്ഥിതി നമ്മോടു ആവശ്യപ്പെടുന്നതു് ഉത്തടിച്ചുള്ള സാമ്പത്തിക പരിവർത്തനങ്ങളേയും നവമായ രാഷ്ട്രീയ ഇസങ്ങളേയുമല്ല, പിന്നയോ നമ്മുടെ ആദ്ധ്യാത്മികവീക്ഷണത്തിൽ അഗാധമായ പരിവർത്തനത്തെയാണു്. റഷ്യ ഇപ്പോൾ അടിമത്തത്തിൽ വച്ചിരിക്കുന്ന രാജ്യങ്ങളിലെ സ്വതന്ത്രജനങ്ങൾക്കു് നേരിടേണ്ടിവന്ന അതേമരണവിധി പാശ്ചാത്യലോകത്തിലെ ക്രിസ്ത്യാനികൾക്കും നേരിടേണ്ടിവന്നേക്കും. നാം നമ്മുടെ സഹോദരൻെറ സൂക്ഷിപ്പുകാരാണു് എന്ന തത്വത്തിൻെറ കൂടുതൽ വികസിതമായ ബോധം സമുദായത്തിലെങ്ങും അഭിവൃദ്ധിപ്പെടുത്തേണ്ടിയിരിക്കുന്നു. സമുദായത്തിൽ നീതിനടത്തുന്ന കാര്യത്തിൽ ഇടപെടേണ്ട കർത്തവ്യം നമുക്കു എപ്പോഴും ഉണ്ടു്.

ക്രിസ്ത്യാനികൾ അവരുടെ സാമുദായികനടപടികളിൽ നീതിയനുസരിച്ചു പെരുമാറാത്തതാണു ഇതരമതക്കാരുടെ ദൃഷ്ടിയിൽ ക്രിസ്തുമതം എതിർപ്പിനും, ആക്ഷേപത്തിനും പാത്രമായിരിക്കുന്നതിൻെറ കാരണമെന്നു് ഇനിയെങ്കിലും നാം മനസ്സിലാക്കിയിരുന്നെങ്കിൽ!

—o—




പംക്തി: 5-ാം ഞായർ

## സഹോദരസ്നേഹം

(സുവിശേഷം—വിശുദ്ധ മത്തായി, 5; 20-25)

"നിങ്ങളുടെ നീതി നിയമജ്ഞന്മാരുടേയും ഫരിസേയരുടേയും നീതിയെക്കാൾ പരിപൂർണ്ണമാകുന്നില്ലെങ്കിൽ നിങ്ങൾ സ്വർഗ്ഗരാജ്യത്തിൽ പ്രവേശിക്കുകയില്ല എന്നു ഞാൻ നിങ്ങളോടു പറയുന്നു. കൊലപാതകം ചെയ്യരുതു് എന്നും കൊലപാതകം ചെയ്യുന്നവൻ നീതിന്യായക്കോടതിയിൽ അതിനു സമാധാനം പറയണമെന്നും പൂർവ്വന്മാരോടു പറഞ്ഞിട്ടുള്ളതായി നിങ്ങൾ കേട്ടിട്ടുണ്ടല്ലോ. എന്നാൽ, ഞാൻ നിങ്ങളോടു പറയുന്നു, സ്വസഹോദരനോടു കോപിക്കുന്നവൻ നീതിന്യായക്കോടതിയിൽ അതിനു സമാധാനം പറയണം. സ്വസഹോദരനെ "റാക്കാ" എന്നു വിളിക്കുന്നവൻ സംഘത്തിനുമുമ്പാകെ സമാധാനം പറയണം. ഭോഷാ എന്നു സ്വസഹോദരനോടു പറയുന്നവൻ നരകാഗ്നിയിൽ അതിനു സമാധാനം പറയണം. നീ ബലിപീഠത്തിങ്കൽ നിൻെറ വഴിപാടു കൊണ്ടുവരികയും നിനക്കു വിരോധമായി ആവലാതിപ്പെടുവാൻ നിൻെറ സഹോദരനു കാരണമുണ്ടെന്നു അവിടെവച്ചു നീ ഓമ്മിക്കുകയും ചെയ്താൽ, നിൻെറ വഴിപാടു് ബലിപീഠത്തിൻ മുമ്പാകെ വച്ചിട്ടു്, വീട്ടിൽ പോയി, ആദ്യം നിൻെറ സഹോദരനോടു് രമ്യപ്പെടുക; പിന്നീടു് തിരിച്ചുവന്നു നിൻെറ വഴിപാടു് സമപ്പിക്കുക."



ഒന്നാമത്തെ കൊലപാതകം. കായേൽ ഹാബേലിനെ വധിക്കുന്നു

പിതാവു്:- മക്കളേ, ഇന്നത്തെ സുവിശേഷഭാഗം നിങ്ങൾക്കു മനസ്സിലാക്കാൻ കുറച്ചു വിഷമമുള്ളതാണു്, അല്ലേ?

മേരി:- അതേ, അപ്പച്ചാ. എനിക്കൊന്നും മനസ്സിലായില്ല.



ആദ്യം നിൻെറ സഹോദരനുമായി രമ്യപ്പെടുക.

ലൂസി:- കുറെയൊക്കെ എനിക്കു മനസ്സിലായി. പക്ഷെ എല്ലാം കൂടി ഒരു പൂർണ്ണരൂപം കിട്ടുന്നില്ല.



സമാധാനമുണ്ടാക്കുന്നവർ ഭാഗ്യവാന്മാരാകുന്നു.

ജോണി:- എനിക്കു വല്ലതും മനസ്സിലായില്ലെങ്കിൽ എല്ലാവരുംകൂടി എന്നെ കളിപ്പിക്കും. ഇപ്പോൾ എല്ലാവർക്കും പററി. അങ്ങനെ വരട്ടെ.

പിതാവ്:- ജോണി, അങ്ങനെ പറയാമോ? അതു പ്രകാരം വീട്ടലല്ലേ. അതേപ്പററിത്തന്നെയാണ് ഈ സുവിശേഷഭാഗം പറയുന്നതു്. ശ്രദ്ധിച്ചു കോട്ടോളൂ, ഞാൻ പറയാം.

ഈശോമിശിഹാ അവിടത്തെ പ്രസിദ്ധമായ മലയിലെ പ്രസംഗത്തിൽ എട്ടു സുവിശേഷഭാഗ്യങ്ങളെപ്പററി പ്രസ്താവിച്ചതിനെത്തുടർന്ന് അതിന്റെ ഒരു വിശദീകരണമായിട്ടാണ് ഈ ഭാഗം അരുളിച്ചെയ്തതു്. യഹൂദന്മാരുടെ കൂട്ടത്തിൽ പ്രമാണികളും അവരുടെ നേതാക്കന്മാരും പ്രീശേന്മാരും നിയമജ്ഞന്മാരുമായിരുന്നു. അവരുടെ ഈ ഉന്നതനിലകൊണ്ട് അവർ വലിയ അഹംഭാവികളും സ്വാത്മമതികളും മാത്രമല്ല കപടഭക്തന്മാരും പാവപ്പെട്ടവരോടനുകമ്പയില്ലാത്തവരുമായിരുന്നു. ഈ മനസ്ഥിതിക്കനുസരിച്ചാണ് അവർ വേദപുസ്തകത്തെപ്പോലും വ്യാഖ്യാനിച്ചതു്. അതുകൊണ്ടാണ് ഈശോമിശിഹാ അവരെ കുററപ്പെടുത്തുകയും അവരുടെ വേദപുസ്തകവ്യാഖ്യാനങ്ങൾ തെററാണെന്നു പറഞ്ഞ് അവരെ തിരുത്തുകയും ചെയ്തതു്. അവരുടെ നീതിബോധത്തെക്കാൾ പരിപൂർണ്ണമായിരിക്കണം മിശിഹായുടെ അനുയായികളുടെ നീതിബോധം എന്നാണ് അവിടുന്നു പ്രഖ്യാപിച്ചതു്. നീതിബോധം എന്നു പറഞ്ഞാൽ നാം ദൈവത്തോടും മനുഷ്യരോടും അനുവർത്തിക്കേണ്ട കടമകളെ സംബന്ധിക്കുന്നതാണല്ലോ. കൊല്ലരുതു് എന്നു നിയമമുണ്ട്. പ്രീശേന്മാരും നിയമജ്ഞന്മാരും അതിനെ വ്യാഖ്യാനിച്ചതു് മറെറാരാളുടെ ജീവനെ കാരണംകൂടാതെ നശിപ്പിച്ചാൽ നീതിന്യായക്കോടതിയിൽ അതിനവൻ സമാധാനം പറയേണ്ടിവരും എന്നുമാത്രമാണ്. മിശിഹാ പറഞ്ഞു: പോരാ, അതിന്റെ വ്യാപ്തി അതിലധികമുണ്ട്. നീ നിന്റെ സഹോദരനോടു കോപിക്കപോലും ചെയ്യരുതു്. അവനെ ചീത്ത വാക്കു പറയരുതു്. അവനുമായി നീ രമ്യപ്പെട്ട സഹോദരസ്നേഹത്തിൽ എപ്പോഴും ആയിരിക്കണം. എങ്കിൽമാത്രമേ നീ ദൈവത്തിനപ്പിക്കുന്ന ബലി സ്വീകാര്യമാവുകയുള്ളൂ. ഇപ്പോൾ നിങ്ങൾക്കു മനസ്സിലായോ?

ലൂസി:-ഉവ്വ്, അപ്പച്ചാ, ഇപ്പോൾ സംഗതി മനസ്സിലായി. നമുക്കു പരസ്നേഹമുണ്ടെങ്കിൽ മാത്രമേ ദൈവം നമ്മുടെ ബലികൾ കൈക്കൊള്ളുകയുള്ളൂ.

ജോണി:- അപ്പോൾ ദൈവം നമ്മുടെ പ്രാർത്ഥനകൾ കേൾക്കണമെങ്കിലും ഇതു വേണമോ?

പിതാവ്: തീർച്ചയായും. നമ്മുടെ കാഴ്ചകൾ ദൈവം സ്വീകരിച്ചു നമ്മെ അനുഗ്രഹിക്കുന്നതിനും, നമ്മുടെ പ്രാർത്ഥനകളെല്ലാം കേട്ട് അർത്ഥിതങ്ങൾ നമുക്കു തരുന്നതിനും ഇക്കാര്യത്തിൽ നാം പ്രത്യേകം ശ്രദ്ധിക്കണം.

മേരി:- അപ്പച്ചാ, ഞാനിനി ആരോടും വഴക്കുണ്ടാക്കുകയില്ല. ആരേയും ഉപദ്രവിക്കുകയില്ല.

ജോണി:- ഞാനും.

പിതാവ്:-കൊള്ളാം ദൈവം നിങ്ങളെ അനുഗ്രഹിക്കും.

## അടുത്തയാഴ്ചയിൽ

ജൂലൈ

11 ഞാ: പന്തക്കുസ്തു 5-ാം ഞായർ
12 തി: അപ്രേം
13 ചൊ: അനാക്ലേത്തോസ്
14 ബു: ബൊനവെന്തുര
15 വ്യാ: യാക്കോബ്
16 വെ: കർമ്മലമാതാവ്
71 ശ: അലക്സിസ്

## ഇടവകവാർത്തകൾ

**എറണാകുളം:** സ്ഥലം മെത്രാപ്പോലീത്തൻ പള്ളി ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സി. വൈ. എം. എ. യുടേയും സെൻറ് സ്റ്റനിസ്ലാവോസ് ബാലസമാജത്തിന്റേയും സംയുക്തവാർഷികം മാർ തോമ്മാശ്ലീഹായുടെ ദുക്റാനത്തിരുനാളിനോടനുബന്ധിച്ചു ജൂലൈ 3-ാംനു ആഘോഷിച്ചിരിക്കുന്നു. പ്രസ്തുത സംഘടനകളുടെ 30-ാം വാർഷികപൊതുയോഗം വൈകിട്ട് 5 മണിക്ക് സെൻറ് അഗസ്റ്റിൻസ് ഇംഗ്ലീഷ് ഹൈസ്കൂൾഹാളിൽ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ സമാരംഭിച്ചു. മി. തോമസ് സെബാസ്റ്റ്യൻ ബി. എ. എൽ. ടി. യായിരുന്നു പ്രസംഗകൻ. യോഗാനന്തരം സി. വൈ. എം. എ. അംഗങ്ങളുടെ പ്രഹസനാഭിനയവും ഉണ്ടായിരുന്നു.

**അമയന്നൂർ:** ഈ ഇടവകയിൽ ആരംഭിച്ചിരിക്കുന്ന വിൻസെൻറ് ഡി പോൾ കോൺഫറൻസ്, സൊഡാലിററി എന്നീ ഭക്തസംഘടനകളുടെ ഉൽഘാടനം ജൂലായി 3-ാംനു പള്ളിമേടയിൽവച്ചു വെരി റവ. മോൺ. ജോൺ കച്ചിറമററം അവർകളുടെ അദ്ധ്യക്ഷതയിൽ നടന്നിരിക്കുന്നു. തദവസരത്തിൽ എം. ഒ. ജോസഫ് അവർകൾ പ്രസംഗിച്ചു.

**വായ്പൂരു്:** വായ്പൂരു് പഴയപള്ളി ഇടവകയിൽ സത്യദീപം അതാതു വാർഡുകളിലെ രാത്രിയാരാധനാസഖ്യം പ്രസിഡൻറുമാരാണ് വിതരണം ചെയ്യുന്നതു്. സത്യദീപത്തിന്റെ 5 കോപ്പികൾ ഒരുമിച്ചെടുക്കുന്നവർക്കു പ്രവർത്തകന്മാർ ഒരു കോപ്പി സൗജന്യമായി കൊടുക്കുന്നുണ്ട്. സത്യദീപം റീമെയിൽ ചെയ്യുവാൻ ഉദ്ദേശിക്കുന്നവർ പത്രം വായിച്ചശേഷം സ്ഥലത്തെ മിഷൻലീഗ് ഓഫീസിൽ ഏല്പിച്ചാൽ മിഷൻലീഗുകാർ അതു റീമെയിൽ ചെയ്യുന്നതിനുള്ള പദ്ധതിയും സമാരംഭിച്ചിരിക്കുന്നു.

**കോടികുളം:** സ്ഥലം "ചെറുപുഷ്പം" ലൈബ്രറിയുടെ വാർഷികപൊതുയോഗം ജൂൺ 27-ാംനു ഞായറാഴ്ച സെൻറ് മേരീസ് സ്കൂളിൽകൂടി. 1953-54 ലെ കണക്കുകളും വാർഷികറിപ്പോർട്ടും, 1954-55 ലേക്കുള്ള ബഡ്ജററും യോഗം അംഗീകരിച്ചു. തുടർന്ന് ഡോക്ടർ ററി. ഐ. ഇട്ടൻ, എൽ. ഐ എം. പ്രസിഡൻറായും, ശ്രീ സി. വി. കുര്യൻ സെക്രട്ടറിയായും 9 പേരടങ്ങിയ പുതിയ ഭരണസമിതിയും, ഓഡിററന്മാരായി മെ. പി. ററി. ചാക്കോ ബി. എ. ഓണേഴ്സ്, ജെ. എം. കാളിയാർ എന്നിവരും തെരഞ്ഞെടുക്കപ്പെടുകയുണ്ടായി.

**അമ്പാറനിരപ്പേൽ:** സ്ഥലം ചെറുപുഷ്പമിഷൻലീഗിന്റെ സജീവപ്രവർത്തകരായിരുന്ന വി. ജെ. മത്തായി, വി. ററി. തൊമ്മൻ എന്നിവർ പാലായിലുള്ള സെൻറ് ജോസഫ്സ് മിഷൻ ഹോമിൽ ചേർന്നിരിക്കുന്നു.

**കുറിയച്ചിറ:** കുറിയച്ചിറ വിൻസെൻറ് ഡി പോൾ സെൻറ് ജോസഫ്സ് കോൺഫറൻസിന്റെ മുൻപ്രസിഡൻറായിരുന്ന ശ്രീ സി. ടി. ജോസഫിന്റെ അകാലനിര്യാണത്തിൽ അനുശോചനം രേഖപ്പെടുത്താൻ ഇന്നലെ പള്ളിയങ്കണത്തിൽ റവ. ഫാ. ജെ. ചെമ്മണ്ണൂരിന്റെ അദ്ധ്യക്ഷതയിൽ കൂടിയ അനുശോചനയോഗത്തിൽ മെ. സി. വി. ജോർജ്ജ്, വി. ജെ. ജോസ്, എം. വി. പോൾ മുതലായവർ പ്രസംഗിച്ചു.

**മുട്ടുചിറ:** സ്ഥലം ഹോളി ഗോസ്റ്റ് മെഡിക്കൽ മിഷൻ ആശുപത്രിയിൽ സേവനമനുഷ്ഠിക്കുന്ന കന്യാസ്ത്രീകളുടേയും നഴ്സുമാരുടേയും പ്രത്യേകിച്ച് കത്തോലിക്കാ രോഗികളുടേയും ആവശ്യത്തിനായി വി. 10-ാം പീയൂസിന്റെ നാമത്തിൽ താല്ക്കാലികകപ്പേളയായി തയ്യാറാക്കിയിട്ടുള്ള ആശുപത്രിമുറിയിൽ ജൂൺ 29-ാം തീയതി വെരി റവ. ഫാദർ സെബാസ്റ്റ്യൻ പിണക്കാട്ട് പ്രഥമ ദിവ്യബലി അപ്പിച്ചു. കന്യാസ്ത്രീകളും ഇടവകജനങ്ങളും ഉൾപ്പെടെ ഒരു നല്ല ജനക്കൂട്ടം ദിവ്യകർമ്മത്തിൽ സംബന്ധിച്ചു. ഭക്തജനങ്ങളുടെ ഉദാരമായ സഹായസഹകരണംകൊണ്ട്, വിശുദ്ധ 10-ാം പീയൂസിന്റെ നാമത്തിലുള്ള ഈ ആശുപത്രികപ്പേള വീനാവിളംബം പൂർത്തിയാകുമെന്നു പ്രതീക്ഷിക്കുന്നു.

## ചരമവാർത്തകൾ

**നീലൂർ:** ഉാലം പുത്തൻപള്ളി ഇടവക വാഴയിൽ (ആലപ്പാട്ട്) മാത്തൻ മറിയം നീലൂരുള്ള തന്റെ മകളുടെ ഗൃഹമായ പുരത്തട്ട വീട്ടിൽവച്ചു വാർദ്ധക്യസഹജമായ സുഖക്കേടുമൂലം 81-ാമത്തെ വയസ്സിൽ 12-ാംനു ശനിയാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. പിറേറദിവസം കാപ്പിൽ ബ. കുര്യാക്കോസച്ചന്റെ പ്രധാനകാർമ്മികത്വത്തിലും മററു പല വൈദികരുടേയും വൻപിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും സംസ്കാരകർമ്മം നടന്നു. സാധുക്കൾക്ക് അന്നദാനവും പണദാനവും ഉണ്ടായിരുന്നു.

**മോനിപ്പിള്ളി:** ശ്രീ ഉലഹന്നാൻ അമ്പലത്തുങ്കൽ അവർകൾ വാർദ്ധക്യസംബന്ധമായ സുഖക്കേടുമൂലം കഴിഞ്ഞ വെള്ളിയാഴ്ച കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശനിയാഴ്ച സ്ഥലം തിരുഹൃദയപ്പള്ളി സിമററിയിൽ, അനേകം വൈദികരുടെ സഹകരണത്തിലും കോട്ടയം രൂപതാവികാരിജനറാൾ വെരി റവ. മോൺ സിഞ്ഞോർ സ്റ്റീഫൻ ഉരാളിൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിലും ശവസംസ്കാരം നടന്നു.

**വായ്പൂരു്:** കൂടപ്പാട്ട് ശ്രീ പീലിപ്പോസിന്റെ പുത്രി (പുത്തൻപുരയ്ക്കൽ മത്തായി പാറൂസിന്റെ ഭാര്യ) ശ്രീമതി ഏലിയാമ്മ പാറൂസ് തന്റെ 42-ാമത്തെ വയസ്സിൽ മേയ് 30-ാംനു നിര്യാതയായിരിക്കുന്നു.

R. I. P.

## തിരുക്കൊച്ചിവാർത്തകൾ

### കുടിയായ്മബില്ലുകൾ

ജൂലൈ 12-ാംനു ആരംഭിക്കുന്ന നിയമസഭാസമ്മേളനത്തിൽ അവതരിപ്പിക്കുവാനായി ടെനൻസ് ഇംപ്രൂവ്മെൻറ് ബിൽ, കുടികിടപ്പ് കുടിയിറക്കു നിരോധനബിൽ എന്നിങ്ങനെ രണ്ടു ബില്ലുകൾ തയാറാക്കിയിരിക്കുന്നതായറിയുന്നു. വസ്തുവിൽ ചെയ്യുന്ന ദേഹണ്ഡത്തിനു പ്രതിഫലം നൽകാതെ ഒരു കുടിയാനവനെ വസ്തുവിൽനിന്നും ഒഴിവാക്കാൻ വസ്തുവുടമസ്ഥനു അവകാശമുണ്ടായിരിക്കുന്നതല്ലെന്നു് ആദ്യത്തെ ബില്ലിലും, കുടികിടപ്പുകാരൻ മനപ്പൂർവ്വമായി വസ്തുവിനു നഷ്ടവും നാശവും വരുത്തുകയും കുടിയിരിപ്പുവസ്തു സ്വന്തആവശ്യത്തിലേക്കു് ഒഴിഞ്ഞുകിട്ടണമെന്നു് ഉടമസ്ഥൻ കോടതിയെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യാത്തിടത്തോളംകാലം കുടികിടപ്പുകാരനെ വസ്തുവിൽനിന്നു കുടിയിറക്കിക്കൂടാ എന്നു രണ്ടാമത്തെ ബില്ലിലും വ്യവസ്ഥചെയ്തിരിക്കുന്നതായറിയുന്നു.

### തൃശ്ശൂർ മുനിസിപ്പൽ ചെയർമൻ

ജൂൺ 30-ാംനു കൂടിയ തൃശ്ശൂർ മുനിസിപ്പൽ കൗൺസിൽയോഗം മി. സി. എം. ജോസഫ് എം. എ. എൽ. എൽ ബി. യെ മുനിസിപ്പൽ പ്രസിഡണ്ടായി ഐകകണ്ഠ്യേന തിരഞ്ഞെടുത്തിരിക്കുന്നു.

### 14 സ്കോളർഷിപ്പുകൾ

തിരുവിതാംകൂർ സർവ്വകലാശാലയുടെ കീഴിൽ ഫിസിക്സ്, കെമിസ്ട്രി, സുവോളജി, ബോട്ടണി, മറൈൻ ബയോളജി എന്നീ വിഷയങ്ങളിൽ ഗവേഷണം നടത്താൻ ഇൻഡ്യാഗവമ്മെണ്ടു് 14 സ്കോളർഷിപ്പുകൾ അനുവദിച്ചിരിക്കുന്നു. ഇവയിൽ 5 എണ്ണം മാസം 200ക. വീതം വേതനം ലഭിക്കുന്ന സീനിയർ സ്കോളർഷിപ്പുകളും ശേഷമുള്ളവ 100ക വീതം ലഭിക്കുന്ന ജൂനിയർ സ്കോളർഷിപ്പുകളുമാണ്.

### സെക്കണ്ടറി സ്കൂളുകളിൽ വിവിധോമുഖപാഠനക്രമം

കേന്ദ്രവിദ്യാഭ്യാസകമ്മിററിയുടെ ശുപാർശപ്രകാരം സംസ്ഥാനത്തെ സെക്കണ്ടറിസ്കൂളുകളിൽ വിവിധോമുഖപാഠനക്രമം (Diversified Course of Studies) ഏപ്പെടുത്തുവാൻ ഗവമ്മെൻറു തീരുമാന[illegible]ിക്കുന്നതായും അതിലേക്[illegible]വേണ്ട പദ്ധതി തയാറാക്കി വിദ്യാഭ്യാസഡയറക്ടറെ ഏല്പിച്ചു കഴിഞ്ഞിരിക്കുന്നതായുമറിയുന്നു.

### ട്രെയ്ഡ് യൂണിയനിസം ഉപേക്ഷിക്കണമെന്നു്

ദേശവല്ക്കരിക്കപ്പെട്ട വ്യവസായങ്ങളിൽ തൊഴിലാളികൾ ട്രെയ്ഡ് യൂണിയനിസവും സംഘടിതമായ വിലപേശലുകളും ഉപേക്ഷിക്കണമെന്നു് മന്ത്രി നടരാജപിള്ള പ്രസ്താവിച്ചതായി റിപ്പോർട്ടുചെയ്യപ്പെട്ടിരിക്കുന്നു.

### എൻ. സി. സി. വനിതാവിഭാഗം

ഇക്കൊല്ലം മുതൽ സംസ്ഥാനത്തു് നാഷനൽ കേഡററ് കോറിന്റെ വനിതാവിഭാഗം ആരംഭിക്കുവാൻ തീരുമാനിച്ചിരിക്കുന്നു. തല്ക്കാലം സംസ്ഥാനത്തെ രണ്ടു വിമൻസ് കോളെജുകളിലും രണ്ടു ഹൈസ്കൂളുകളിലും മാത്രമാണ് ഇതിന്റെ പ്രവർത്തനം തുടങ്ങുവാനുദ്ദേശിച്ചിരിക്കുന്നതു്.

### തമിഴ്നാടുനേതാക്കൾ അറസ്റ്റിൽ

ദേവികുളം പീരുമേടു താലൂക്കുകളിൽ കുറെനാളായി മലയാളിവിഭാഗവും തമിഴ്വിഭാഗവും തമ്മിൽ തുടരെ സംഘട്ടനങ്ങൾ നടന്നതിനെ തുടർന്ന് ജൂൺ 29-ാംനു മുതൽ ഒരു മാസത്തേക്കു് പ്രസ്തുത താലൂക്കുകളിൽ 144-ാം വകുപ്പു പ്രഖ്യാപിക്കപ്പെട്ടിരിക്കയാണ്. ജൂലൈ 4-ാംനു തമിഴ്നാടുകോൺഗ്രസ് നേതാക്കളായ മി. നേശമണി, മി. റസാക്ക്, തിരു.തമിഴ്നാടു കോൺഗ്രസ് പാർലമെൻററി പാർട്ടി ലീഡർ മി. ചിദംബരനാഥനാടാർ എന്നിവർ ദേവികുളത്തുവച്ചു് നിരോധനാജ്ഞ ലംഘിച്ചു പ്രസംഗിച്ചതിന്റെ ഫലമായി അറസ്റ്റുചെയ്യപ്പെട്ടിരിക്കുന്നു.

## ഇൻഡ്യാവാർത്തകൾ

### പഞ്ചായത്തു കമ്മിററിയുടെ ശുപാർശകൾ

വില്ലേജുപഞ്ചായത്തുകളെ പാർട്ടി കെട്ടുപാടുകളിൽനിന്നു വിമുക്തമാക്കി തികച്ചും സാമൂഹ്യസ്ഥാപനങ്ങളാക്കിത്തീർക്കണമെന്നു് കോൺഗ്രസ്സ്‌വർക്കിംഗ് കമ്മിററി നിയോഗിച്ചിട്ടുള്ള പഞ്ചായത്തു കമ്മിററി അഭിപ്രായപ്പെട്ടിരിക്കുന്നു. ഈ പരിവർത്തനം പ്രായോഗികമാക്കുന്നതിലേക്ക്, അംഗങ്ങളെ ഏകകണ്ഠമായി തിരഞ്ഞെടുക്കുന്ന പഞ്ചായത്തുകൾക്കു് കൂടുതൽ അധികാരങ്ങൾ നൽകേണ്ടതാണെന്നും കമ്മിററി ശുപാർശചെയ്തിരിക്കുന്നു. പഞ്ചായത്തുകളുടെ കാര്യക്ഷമമായ പ്രവർത്തനത്തിനു് ഭൂനികുതിയിൽ ഒരു ഭാഗം പഞ്ചായത്തുകൾക്കു നൽകേണ്ടതാണെന്ന മറെറാരു ശുപാർശയും കമ്മിററി നൽകിയിട്ടുണ്ട്.

### നെഹ്റു-ചൗഎൻലായ് സംയുക്തപ്രസ്താവന

മൂന്നു ദിവസത്തെ കൂടിയാലോചനകൾക്കുശേഷം ഇൻഡ്യൻ പ്രധാനമന്ത്രി നെഹ്റുവും ചൈനീസു് പ്രധാനമന്ത്രി ചൗഎൻലായിയും ചേർന്നു പുറപ്പെടുവിച്ച സംയുക്തപ്രസ്താവനയിൽ, ഏഷ്യയിലും, ലോകത്തിന്റെ മററു ഭാഗങ്ങളിലും നിലവിലിരിക്കുന്ന വിവിധങ്ങളും വിഭിന്നങ്ങളുമായ സാമൂഹ്യവും രാഷ്ട്രീയവുമായ സമ്പ്രദായങ്ങളെ ഇരുവരും അംഗീകരിക്കുന്നതായി പ്രഖ്യാപിച്ചിരിക്കുന്നു. ഇൻഡോചൈനാപ്രശ്നം സംബന്ധിച്ചു്, പരിപൂർണ്ണസ്വാതന്ത്ര്യവും, ജനാധിപത്യാധിഷ്ഠിതവും, ഏകീകൃതവും, വിദേശികളുടെ ആക്രമണപ്രവണതകൾക്കു് ഒരിക്കലും താവളമാകാൻ പാടില്ലാത്തതുമായ ഒരു ഉറച്ച ഇൻഡോചൈനായുടെ സൃഷ്ടിയാണ് തങ്ങളുടെ ആഭിലാഷമെന്നു് ഇരുപ്രധാനമന്ത്രിമാരും വ്യക്തമാക്കുകയുണ്ടായി.

### റേഡിയോ നാടകമത്സരം

ഇൻഡ്യയിലെ പ്രധാനപ്പെട്ട 13 ഭാഷകളിൽ ഒരു റേഡിയോ നാടകമത്സരം നടത്തുവാൻ അഖിലേന്ത്യാ റേഡിയോ തീരുമാനിച്ചിരിക്കുന്നു. ഒന്നാംസമ്മാനം 500ക. യും രണ്ടാംസമ്മാനം 300ക. യും മൂന്നാം സമ്മാനം 100ക. യുമാണ് നൽകാനുദ്ദേശിച്ചിരിക്കുന്നതു്. എല്ലാ റേഡിയോ സ്റ്റേഷനുകളിലും നാടകങ്ങളുടെ കൈയെഴുത്തുപ്രതികൾ സ്വീകരിക്കുന്നതാണ്. തമിഴ്, തെലുങ്ക്, മലയാളം എന്നീ ഭാഷകളിലുള്ളമത്സരപ്പരീക്ഷകൾ നടത്തുന്നതു് മദ്രാസു് സ്റ്റേഷനായിരിക്കും. മത്സരത്തിനു് നാടകങ്ങൾ സമപ്പിക്കേണ്ട അവസാനദിവസം ആഗസ്റ്റ് 31-ാംനു യാണ്. സെപ്റ്റംബർ അവസാനത്തോടുകൂടി ഫലം പ്രഖ്യാപിക്കപ്പെടുമെന്നു പ്രതീക്ഷിക്കപ്പെടുന്നു.

### എണ്ണ വിലകുറയ്ക്കുന്നു

ഏവിയേഷൻ സ്പിരിററ്, മോട്ടോർ സ്പിരിററ് ഇവ ഒഴികെയുള്ള പ്രധാനപ്പെട്ട എല്ലാ പെട്രോളിയം ഉൽപന്നങ്ങളുടേയും വില ജൂലൈ 1-ാംനു-മുതൽ കുറവുചെയ്തിരിക്കുന്നതായി ഇൻഡ്യാഗവമ്മെണ്ടു് ഒരു വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. ഇതനുസരിച്ചു 8 ഗാലൻ മണ്ണെണ്ണയ്ക്കു് ഒരണമുതൽ രണ്ടണവരെവില കുറവുവരുന്നതാണ്.

ചെറുകഥ

# അന്ധകാരം നിറഞ്ഞ മണിക്കൂറിൽ *

(പുത്തൻതോപ്പു പി. എസ്. ജോസ്)

ലോകത്തിൽ എല്ലാം സംഭവിക്കുന്നതു് നിമിഷങ്ങൾക്കുള്ളിലാണു്. എന്റെ കുടുംബം എന്നിൽനിന്നും ധനപരമായസഹായം ആവശ്യപ്പെട്ടുകൊണ്ടിരുന്നപ്പോൾ സാമ്പത്തികാധഃപ്പതനത്തിന്റെ അലകൾ എന്റെ വത്തമാനപ്പത്രപ്രവത്തനത്തിലേററു. എന്റെവേല നഷ്ടപ്പെട്ടു. മേരിയുടെ അമരൻദിനക്കിടക്കയിൽ ആയിരിക്കുമ്പോൾ, ഞാൻ മറെറാരു വേലയന്വേഷിച്ചു് പട്ടണത്തിലെ തെരുവീഥികളിൽ ഉയന്നുനില്ക്കുന്ന ഓരോ ആഫീസിലും കയറിയിറങ്ങുകയായിരുന്നു. കുറെ ആഴ്ചകൾക്കുമുമ്പു് ഞാൻ സന്തോഷപൂവ്വം സമ്മതിച്ചതാണു് ഞങ്ങളുടെ വിവാഹകാൎയ്യം. ഇപ്പോൾ മേരി നിർബന്ധിക്കയാണു്, വീട്ടിൽ രോഗാതുരനായി കിടക്കുന്ന തന്റെ പിതാവിനെ ശുശ്രൂഷിക്കുവാൻ പോകണമെന്നു്. നിരാശ ഞങ്ങളെ കരണ്ടുതിന്നുകൊണ്ടിരുന്നു.

അതൊരു വസന്തകാലമായിരുന്നു, ലോകത്തിനു മാത്രമല്ല, ഞങ്ങളുടെ ഹൃദയത്തിനും.

ആയിരംതവണ ഞാൻ അന്യരുടെ അവശതയും ദൗർഭാഗ്യവും, ആവശ്യങ്ങളും എഴുതിയിട്ടുണ്ടു്, ഒരു റിപ്പോർട്ടർ എന്നുള്ള നിലയിൽ. വേല നഷ്ടപ്പെട്ടതു്, പെട്ടെന്നുണ്ടായ ഒരു സുഖക്കേടു്, ഒരു നിർഭാഗ്യകരമായ അപകടം, സന്തോഷകരമായി കഴിഞ്ഞിരുന്ന ഒരു കുടുംബത്തിന്റെ അന്ധവാരം ഇളകിയതു്—അങ്ങനെ ഒരു നൂറുകൂട്ടം കാൎയ്യങ്ങൾ.

ഒരു മഞ്ഞളിച്ച മദ്ധ്യാഹ്നം. ആകപ്പാടെ ഒരു ഉന്മേഷരഹിതമായ ദിവസം. അന്നു് ഞാൻ മേരിക്കു് ഫോൺചെയ്തു.

"ഒന്നു് നടക്കാൻപോയിക്കൂടെ. കുറെ ശുദ്ധവായു എല്ലാം."

"കടപ്പുറത്തു പോകാം." അതു് അവളുടെ മറുപടി ആയിരുന്നു. "ചില കാരണങ്ങളാൽ കടൽ ഒന്നു് കണ്ടാൽകൊള്ളാമെന്നു് കരുതുന്നു."

ശക്തിമത്തല്ലാത്ത ആ ഉച്ചതിരിഞ്ഞ സൂൎയ്യപ്രകാശത്തിലൂടെ, വിശാലമായ ആ മണൽപ്പരപ്പിലൂടെ, യാതൊരുന്നവും ഇല്ലാതെ ഞങ്ങൾ അങ്ങനെ നടന്നു. അലകൾ ഭയങ്കര ശബ്ദം ഉണ്ടാക്കിക്കൊണ്ടിരുന്നു.

തിരമാലകൾ ഇളകിക്കൊണ്ടിരുന്ന ഒരു തടിക്കഷണത്തിൽ ഇരുന്നു ഞങ്ങൾ സംസാരിച്ചു, ഞങ്ങളെ തുറിച്ചുനോക്കുന്ന പ്രശ്നത്തെപ്പററി. ആ പൊക്കംകൂടിയ കടൽഭിത്തിയിൽ ഉൾക്കൊണ്ടിരുന്ന ശക്തിയെപ്പററി, ആ കടൽ ഭിത്തിമുതൽ പട്ടണംവരെയുള്ള വിജനതയെപ്പററി, അങ്ങനെ എല്ലാററെയുംപററി.

ഞങ്ങൾ ഈ ലോകത്തിൽ ഒററയ്ക്കു്, ഞങ്ങളുടെ പ്രാരബ്ധങ്ങളുമായി ഏററുമുട്ടുകയായിരുന്നു.

"എല്ലാ സംഗതിയും ശുഭമായിത്തന്നെ പൎയ്യവസാനിക്കും. നമ്മൾ വേലചെയ്യും. അതുപോലെ അനുഭവിക്കും." മേരി പറഞ്ഞു. ഞാൻ നിഷേധാർത്ഥത്തിൽ തലകുലുക്കി.

എനിക്കറിയാം നമുക്കു് യാഥാത്ഥ്യത്തെ നേരിടാനുണ്ടെന്നു്. കാൎയ്യങ്ങൾ എപ്പോഴും ശുഭമായി പൎയ്യവസാനിച്ചെന്നുവരില്ല. എപ്പോഴാണോ ജീവിതം നമുക്കു് വിപരീതമായിട്ടു് വരുന്നതു്; അതിൽ പരിവത്തനം വരുത്താൻ നമുക്കു് കഴിവില്ല. ഞാൻ കണ്ടിട്ടുണ്ടു് മററുള്ള അനേകംപേർ ജീവിതസമരത്തിന്റെ അടിത്തട്ടിലേക്കു താഴുന്നതു്. നാം അവരിൽനിന്നും വ്യത്യസ്തരല്ല. ജീവിതം പലപ്പോഴും സന്തോഷകരമായി അനുഭവപ്പെടില്ല.

ഞാൻ മേരിയുടെ മങ്ങിയ മുഖത്തു നോക്കി. "മേരി, നമുക്കു് മറെറാന്നുമില്ല തിരഞ്ഞെടുക്കുവാൻ. നാം രണ്ടുപേരും ഒരുമിച്ചു ജീവിക്കാൻ ശ്രമിക്കുന്നുവെങ്കിൽ, നാം രണ്ടുപേരും ജീവിതസമരത്തിൽ ദയനീയമാംവിധം പരാജയമടയും. നിന്റെ അഛനാണെങ്കിൽ നിന്നെക്കൂടാതെ കഴിയുവാൻ സാദ്ധ്യമല്ല. ഈ അവസരത്തിൽ എന്നെക്കൊണ്ടു് സഹായിക്കുവാനും നിവൃത്തിയില്ല. നിനക്കിവിടെ താമസിക്കേണ്ടിവരും. എനിക്കു പോകേണ്ടിവരും, ഒരു "വേലതെണ്ടി"യായി. അതുകൊണ്ടു് എന്നെ മറക്കാൻ ശ്രമിക്കുന്നതായിരിക്കും ഉത്തമം."

മേരി ഒന്നും പറഞ്ഞില്ല. അ



For Any CHILD Any AGE
WELL FITTING
READYMADES FOR ALL CHILDREN
Chakolas
SILK HOUSE
TRICHUR★ERNAKULAM


ല്ലെങ്കിൽ അവൾക്കു് യാതൊന്നും തന്നെ ഇല്ലായിരുന്നു പറയുവാൻ.

സന്ധ്യയുടെ കുളിർമയേറിയ കാററിലൂടെ ഒരു നേരിയ ശബ്ദത്തോടുകൂടി ഒരു ഐസ്കട്ട നിപതിച്ചു. അതു് കുളിർമയെ വർദ്ധിപ്പിച്ചു. മേരി കുളിർമയാൽ വിറച്ചുതുടങ്ങിയിരുന്നു. ഞങ്ങൾ എഴുന്നേററു വിജനമായ ആ കടൽത്തീരത്തുകൂടെ നടന്നുതുടങ്ങി, ഭാരിച്ച ഹൃദയവുമായി.

"നോക്കൂ" മേരി അടിച്ചുമറിയുന്ന അലകളിൽ ചൂണ്ടിക്കാണിച്ചു.

ഓളം അടിച്ചുമറിയുന്ന ആ കടലിൽ യാതൊന്നും തന്നെ എനിക്കു കാണാൻ സാധിച്ചില്ല. അതെ. അവിടെ എന്തോ ഉടനെ പ്രത്യക്ഷപ്പെട്ടു അതു മറയുകയുംചെയ്തു. ഏതോ കപ്പലിൽനിന്നും വേർപെട്ട തടിക്കഷണമായിരിക്കാം. അതൊരു തടിക്കഷണമല്ലെന്നു മനസ്സിലാക്കിയ ഞങ്ങൾ അതു് കണ്ടിരുന്ന ദിക്കിനെ ലക്ഷ്യംവച്ചു് ഓടി. മഞ്ഞുകട്ടപോലിരുന്നു വെള്ളം. മുഖത്തും നെഞ്ചിലുമൊക്കെ തെറിക്കുന്നുണ്ടായിരുന്നു. അതു് ഒരു ഉടുത്തൊരുങ്ങിയ സ്ത്രീയായിരുന്നു. മേരി ഒരു കൈയിൽ പിടിച്ചു. ഞാൻ മറേറകൈയിലും.

"എന്നെ വിടൂ," ആ സ്ത്രീ ഞങ്ങളെ എതിത്തു. "എന്നെ ഉപേക്ഷിക്കു ഒററയ്ക്കു്......"

മരംകോച്ചുന്ന തണുപ്പിൽ, ആ കൂരിരുട്ടത്തു് ഞങ്ങൾ അവളോടു മല്ലിട്ടു. അവളുടെ വേഷവിധാനത്തിൽനിന്നും ഒരു ഇരുപതുവയസ്സു് ഊഹിക്കപ്പെടാം. അവൾ സുന്ദരിയാണു്. അവളുടെ അടുത്തായി ഇളകിവരുന്ന അലകളിൽ അവളുടെ ഹാൻഡ്ബാഗ്ഗു് ആന്ദോളനം ചെയ്യുന്നുണ്ടായിരുന്നു.

"നമുക്കു് ഇവിടെ നിറുത്തുവാൻ സാധിക്കില്ല. ഈ തണുപ്പിൽനിന്നു് കരയ്ക്കെത്തിക്കണം" മേരിയുടെ അഭിപ്രായം പുറത്തുവന്നു.

ആ സ്ത്രീ ഞങ്ങളെ ശ്രദ്ധയായി നോക്കുന്നുണ്ടായിരുന്നു. അവളുടെ കണ്ണു കറുത്തും കുഴിഞ്ഞും കാണപ്പെട്ടു. ഊക്കോടുകൂടി അടിച്ചിരുന്ന തിരമാലകൾ ഞങ്ങളുടെ പാദങ്ങളെ പിളക്കുന്നതുപോലെ തോന്നി. മണലിൽ ഞങ്ങളുടെ പാദങ്ങൾ പുതഞ്ഞുകൊണ്ടിരുന്നു.

നല്ലൊരു പരിശ്രമത്തിനുശേഷം ഞങ്ങൾ അവളെ കടലിൽനിന്നു കരയ്ക്കെത്തിച്ചു. ഞങ്ങൾ മുട്ടിന്മേലിരുന്നു അവളുടെ കരങ്ങളും കാലുകളും തടവി. അവളുടെ ശ്വാസത്തിനു വേഗത വർദ്ധിച്ചു.

"നമുക്കു് സഹായം ആവശ്യമാണു," ഞാൻ പറഞ്ഞു. "ഉം," പെട്ടെന്നു മേരിയും സമ്മതിച്ചു.

അരമൈലകലെയായി സ്ഥിതിചെയ്തിരുന്ന ഒരു കടയിൽനിന്നും ഞാൻ ഫോണിലൂടെ പോലീസിനെ വിവരം അറിയിച്ചു. ഞാൻ തിരിച്ചുനടക്കുവാൻ മുതിരുമ്പോൾ, "ഇവിടെ," എന്നുപറഞ്ഞുകൊണ്ടു് വയസ്സനായ കടക്കാരൻ ഒരുകപ്പു കാപ്പിയുമായി വന്നു. ഔദാൎയ്യവാനായ മനുഷ്യൻ എന്റെ കാത്തു് തട്ടിനീക്കി. ഇരുട്ടിലൂടെ ഞാൻ നടന്നു, മണ്ണിലൂടെ ഓടി. ആ സ്ത്രീ മരിക്കുന്നുവെങ്കിൽ, ഞാൻ മേരിയുടെകൂടെ ഉണ്ടായിരിക്കണം.

"ഇപ്പോഴും നാഡിയോട്ടം ഉണ്ടു്," മേരി പറഞ്ഞു "എത്രയും വേഗം പോലീസ് ഇവിടെ ഉണ്ടായിരിക്കും," ഞാൻ പറഞ്ഞു.

ആ സ്ത്രീ കാപ്പി അത്യാത്തിയോടുകൂടി വലിച്ചുകുടിച്ചു. ഞങ്ങളെക്കൊണ്ടു് അവളുടെ കൈയും കാലും തിരുമ്മാനല്ലാതെ വേറൊന്നും ചെയ്യാൻ സാധിച്ചില്ല. ഇരുട്ടിന്റെ മദ്ധ്യത്തിൽ തിരമാലകൾ ശക്തികുറഞ്ഞതാണെങ്കിലും അതിന്റെ സ്വതസിദ്ധമായ പ്രതിധ്വനിയോടുകൂടിയ ശബ്ദം പുറപ്പെടുവിച്ചുകൊണ്ടിരുന്നു

ആശാവഹമായ ശ്വാസോച്ഛ്വാസം നിലനിന്നു. കൂരിരുട്ടിന്റെ വിരിപ്പിലൂടെ പെട്ടെന്നു് ഒരു സെർച്ചുലൈററു് ഉയന്നുനിന്നിരുന്ന കൽമതിലിൽ പതിഞ്ഞു. അതു് ഞങ്ങളെയും ഉപേക്ഷിക്കാതെ നേരെ ഞങ്ങളിൽത്തന്നെ വന്നുവീണു. അതിന്റെ പ്രത്യാഘാതമെന്നവണ്ണം രണ്ടു പോലീസുകാർ തിടുക്കത്തിൽ രംഗത്തെത്തികഴിഞ്ഞു.

അവരിൽ ഒരാൾ അവളുടെ ഹാൻഡ്ബാഗ്ഗു് പരിശോധിച്ചു. ഒരു ഇരുപതുരൂപ്പികയുടെ നോട്ടു്. ഒരു ഡ്രൈവിംഗ് ലൈസൻസ്. ടോർച്ചുലൈററിന്റെ സഹായത്താൽ അദ്ദേഹം വായിച്ചു, "ജൂഡിത്തു് സ്റ്റോ, വയസ്സു് ഇരുപത്തിയെട്ടു."

ഈയവസരത്തിൽ ആ സ്ത്രീയുടെ നില ആശങ്കാജനകമായിരുന്നു. അവൾ ശ്വാസോച്ഛ്വാസം ചെയ്യുന്നുണ്ടോ ഇല്ലയോ എന്നു് പറയുവാൻ എനിക്കു കഴിഞ്ഞിരുന്നില്ല.

"അവൾ മരിച്ചുവെന്നു ഞാൻ കരുതുന്നു," ഒരു പോലീസുദ്യോഗസ്ഥന്റെ അഭിപ്രായമായിരുന്നു അതു്.

"ഇല്ല," മേരി തടുത്തു "എനിക്കു് ഇപ്പോഴും നാഡിയോട്ടംതോന്നുന്നുണ്ടു്."

ഒരു വിസിൽ ഊതപ്പെട്ടു. അതിന്റെ ശബ്ദം ഈപ്പമയമായ അന്തരീക്ഷത്തിൽ പതിഞ്ഞതും രണ്ടുപേർ ഒരു കട്ടിലുംതൂക്കി അവിടെ വന്നതും ഒന്നിച്ചുകഴിഞ്ഞു. ശ്രദ്ധയിലും എന്നാൽ പെട്ടെന്നും അവർ ആ സ്ത്രീയെ അതിൽ കിടത്തി. കട്ടിലും തലയിലാക്കി ഞങ്ങൾ നടകൊണ്ടു അതിനിടയിൽ ഒരു ചെറിയകൂട്ടം ആളുകൾ ആ കടൽഭിത്തിയിൽ കൂടിയിരുന്നു, അതു കാണുന്നതിനായി മാത്രം.

ഞാൻ, മേരി, രണ്ടു പോലീസുദ്യോഗസ്ഥന്മാർ, ആ കട്ടിൽ വാഹകന്മാർ. അതൊരു ദയനീയമായ ഘോഷയാത്രയായി കാണപ്പെട്ടു. വാത്താന്വേഷകന്മാരായ ഫോട്ടോഗ്രാഫറന്മാർ അവരുടെ ജോലി ശരിയാംവണ്ണം നിവ്വഹിച്ചു. വാഹകന്മാർ ജൂഡിത്തിനെ ശ്രദ്ധയായിത്തന്നെ ആംബുലൻസിലേക്കു മാററി.

മേരിയും ഞാനും അവിടെ കിടന്നിരുന്ന ഒരു കാറിൽ ഇരുന്നു. ആ സമയത്തു പോലീസുദ്യോഗസ്ഥന്മാർ ഞങ്ങളുടെ പേരും, മേൽവിലാസവും അന്വേഷിച്ചു ഞങ്ങൾ അവരോടു പറഞ്ഞു, ജൂഡിത്തു് പറഞ്ഞതും ഞങ്ങൾ അവൾക്കുവേണ്ടി ചെയ്തതുമൊക്കെ. ആ മങ്ങിയ പ്രകാശത്തിലൂടെ ആ ഉദ്യോഗസ്ഥന്മാർ ഞങ്ങളെ നോക്കി. അവർ ചെറുപ്പവും മുഖം ഗൗരവാവഹവും ആയിരുന്നു. മേരി എന്റെ കൈ അമത്തി. ആ രാത്രിതന്നെ ഞാൻ ആശുപത്രിയിലേക്കു് ടെലിഫോൺചെയ്തു. ഞാൻ നൂറുകണക്കിനു് ടെലിഫോൺനമ്പർ തിരിച്ചിട്ടുണ്ടു്, വാത്തകൾ ശേഖരിക്കുന്നതിനു്, പത്രപ്രവത്തകനായിരിക്കുമ്പോൾ. പക്ഷെ ഈ സമയം അതുപോലൊന്നിനുവേണ്ടി ആയിരുന്നില്ല.

"ആരാ, സംസാരിക്കുന്നതു്?" നേഴ്സ് അന്വേഷിച്ചു. ഞാൻ ഞങ്ങളുടെ പേരു കൊടുത്തു.

"മിസ്സ് സ്റ്റോയെ ഞങ്ങൾ കടൽപ്പുറത്തുവച്ചു രക്ഷിച്ചു."

"മിസ്സ് സ്റ്റോ ഇപ്പോഴും മയക്കത്തിലാണു്. എന്നാൽ അവൾ ജീവിക്കുമെന്നു ആശിക്കുന്നു." അതു് നേഴ്സിൽനിന്നും കിട്ടിയ മറുപടി ആയിരുന്നു.

അടുത്ത ദിവസത്തെ ലോക്കലിൽ ഒരു കത്തുകിട്ടി. മേരിയുടെയും എന്റെയും പേരിൽ. കൈയക്ഷരം നല്ല വടിവുള്ളതായിരുന്നു.

"ഞാൻ വിചാരിച്ചു, ഞാൻ ഒററയ്ക്കാണെന്നു്; ലോകം അന്ധകാരാവൃതമാണെന്നു്, ഞാൻ പേടിച്ചു. ഇതു് വായിക്കൂ.

"എന്തുകൊണ്ടു് ദൈവം എന്നോടുകൂടി ഉണ്ടെന്നു് ഞാൻ അറിഞ്ഞില്ല? എന്നാൽ ഇന്നലെ രാത്രി അവിടുന്നു കാണിച്ചുതന്നു, ഞാൻ ഒററയ്ക്കല്ലായെന്നു്. ഇതു എന്നെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന്റെ ഒരു മഹനീയ പ്രവത്തനമാണു്. നിങ്ങൾ രണ്ടുപേർ, രണ്ടു് അപരിചിതർ, അല്ല, രണ്ടു സ്നേഹിതർ, എന്നെ രക്ഷിച്ചു. ഞാൻ ഇനി ഇങ്ങനെ ഒരു പരിതഃസ്ഥിതിയെ ക്ഷണിച്ചുവരുത്തുകയില്ല ഞാൻ ഇപ്പോൾ അറിയുന്നു, ദൈവത്തിന്റെ സാന്നിദ്ധ്യം അന്ധകാരത്തിൽ പ്രകാശിക്കുന്നുവെന്നു്. ഞാൻ നിങ്ങൾക്കു് കടപ്പെട്ടവളാണു്. നിങ്ങളിലൂടെ ദൈവം എനിക്കു ഒരു പുതിയ ലോകവും, ഒരു പുതിയ ജീവിതവും പ്രദാനംചെയ്തു.

ജൂഡിത്തു് സ്റ്റോ"

ഞാൻ അവളുടെ വാചകത്തിലൂടെ, ആ ദയനിറഞ്ഞ കടയുടമസ്ഥന്റെ ഔദാര്യം—ആ പോലീസ് ഉദ്യോഗസ്ഥന്മാരുടെ സേവനസന്നദ്ധത—ആ കട്ടിൽ വാഹകരുടെ മഹാമനസ്കത—ആ നേഴ്സിന്റെ വാചകത്തിലെ ആശങ്ക—എന്നിവയെ അനുസ്മരിച്ചു. ജൂഡിത്തു ഒരു സന്ദേശവാഹകയായി എന്റെ മുമ്പിൽ നിലകൊണ്ടു. നാമെല്ലാം അപരിചിതർ; പക്ഷെ, നാമെല്ലാം മനുഷ്യമക്കൾ, സഹോദരങ്ങൾ!

ലോകത്തിലേക്കു് ഒന്നു കണ്ണുതുറന്നു നോക്കൂ. അനുകമ്പാത്മകമായ ലോകം. മേരിയും ഞാനും അതു പ്രകടമാക്കിയില്ലയോ? ഞങ്ങൾക്കു് പോലീസുദ്യോഗസ്ഥന്റെ ചോദ്യങ്ങൾക്കുത്തരം പറയാൻ ഭയമുണ്ടായില്ല. ഞങ്ങൾക്കറിയാമായിരുന്നു ഞങ്ങൾ ഒരു ജീവൻ രക്ഷിക്കുകയാണെന്നു്.

മിസ്സ് സ്റ്റോ അന്ധകാരത്തിലും ഏകാന്തതയിലുമായിരുന്നെങ്കിലോ? ഒരു പുതിയ ലോകവും, ഒരു പുതിയ ജീവിതവും പ്രദാനം ചെയ്യപ്പെട്ടമായിരുന്നുവോ?

അപ്പോൾ നാമോ?

നാം ഇനിയും നശിക്കയില്ല, ഇല്ല. പുതിയ വിശ്വാസം ശക്തിതന്നു, വിഷമപ്രശ്നങ്ങളെ തരണംചെയ്യുന്നതിനു്. മേരിയുടെ ശ്രദ്ധമായ പരിചരണംമൂലം ഡോക്ടേഴ്സിനെ അതിശയിപ്പിക്കുമാറു് അച്ഛന്റെ സുഖക്കേട


## "കാളൻ'സ് ബുള്ളററിൻ"

(രോഗങ്ങളും പ്രതിവിധികളും)

നീർവീഴ്ച, തുമ്മൽ, ചുമ, ക്ഷയം, എക്സിമ, അർശസ്സ് (മൂലക്കുരു), വയറുവേദന, നെഞ്ചുവേദന, വായുസ്തംഭനം (ഗ്യാസ്ട്രബിൾ), അസ്ഥിസ്രാവം, രക്തദൂഷ്യം മുതലായ അനവധി തരം രോഗങ്ങളുടെ ഉത്ഭവകാരണങ്ങളേയും, പ്രതിവിധികളേയുംപററി സവിസ്തരം പ്രതിപാദിക്കുന്ന "കാളൻ'സ് ബുള്ളററി"ന്റെ സാമ്പിൾ കോപ്പി സൌജന്യം. "കാളൻ'സ് ബുള്ളററിൻ" പബ്ലിക്കു് ലൈബ്രറികൾക്കും സ്കൂൾ ലൈബ്രറികൾക്കും സൌജന്യമായും തുടന്നും അയച്ചുകൊടുക്കുന്നതാണു്.

"കാളൻ" സ്ഥാപനത്തിന്റെ പ്രൊപ്രൈററായ കാളത്തു് പാവുണ്ണി ഔസേപ്പ വൈദ്യൻ ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ക്യാമ്പുചെയ്തു വരുന്നുണ്ടോയെന്നു് പല രോഗികളും എഴുതി ചോദിക്കുന്നുണ്ടു്. എന്നാൽ "കാളൻ'സ് ബുള്ളററിൻ" മാസത്തിൽ 2 തവണ വീതം പ്രസിദ്ധീകരിക്കേണ്ടതുള്ളതുകൊണ്ടും മററും കാളത്തു് പാവുണ്ണി ഔസേപ്പു വൈദ്യനു് ആലപ്പുഴ, കോട്ടയം മുതലായ സ്ഥലങ്ങളിൽ ഇപ്പോൾ ക്യാമ്പുചെയ്യുന്നതിനു് സൗകൎയ്യപ്പെടുന്നതല്ലെന്നുള്ള വിവരം ഞങ്ങളുടെ എല്ലാ മാന്യസുഹൃത്തുക്കളേയും അറിയിച്ചുകൊള്ളുന്നു.

അനുകരണങ്ങളെ സൂക്ഷിക്കണം. "കാളൻ"സ്ഥാപനത്തിന്റെ ആലപ്പുഴ ബ്രാഞ്ചു് (സെയിൽസു് ഡിപ്പോ) ബോട്ടുജെട്ടിക്കു സമീപമാകുന്നു. കൂടുതൽ വിവരങ്ങൾ ബുള്ളററിനിൽനിന്നു ഗ്രഹിക്കാവുന്നതാണു്.

എഴുത്തുകൾ മുതലായവ അയക്കേണ്ടും വിലാസം:-

കാളൻ, നെല്ലായി

# മരിയവത്സരമഞ്ജരി

## സൂമം 10

സൗന്ദര്യമാണ് സ്നേഹത്തിനു നിദാനം. ദൈവം സൗന്ദര്യസമ്പൂർണ്ണനാകയാൽ സർവ്വോപരിയായ സ്നേഹത്തിനു അർഹനായിരിക്കുന്നു. അവിടുത്തെ സൗന്ദര്യത്തിൽ ഓരോ സൃഷ്ടിയും ഭാഗഭാക്കാകുന്നതിനനുസരിച്ച് അവയോരോന്നും സ്നേഹിക്കപ്പെടുന്നതിനും അർഹമായിത്തീരുന്നു. ദൈവത്തെ കഴിഞ്ഞാൽ മറിയം സർവ്വസുന്ദരിയായതുകൊണ്ട് എല്ലാ സൃഷ്ടികളാലും അത്യധികമായി



സ്നേഹിക്കപ്പെടുന്നതിനുള്ള അർഹത ഈ അമ്മയിൽ നിക്ഷിപ്തമായിരിക്കുന്നു.

### സൗന്ദര്യം

ഏതെങ്കിലും ഒരു വസ്തു ദർശനമാത്രയിൽ അഥവാ ഗ്രഹണമാത്രയിൽ ആനന്ദദായകമാണെങ്കിൽ അതു സൗന്ദര്യമുള്ളതായി പരിഗണിക്കാമെന്നാണ് വിശുദ്ധ തോമാ മല്ലാൻെറ അഭിപ്രായം. സൗന്ദര്യം തന്നെയായിരിക്കുന്ന ദൈവം അവിടുത്തെ സൃഷ്ടികളിൽ സൗന്ദര്യം വാരിവിതറിയിരിക്കയാണ്. നക്ഷത്രാവൃതമായ ആകാശമണ്ഡലവും, മനോമോഹനമായ പ്രകൃതിവിലാസങ്ങളും, ചേതോഹരമായ സൃഷ്ടിജാലങ്ങളും ആരെയാണാനന്ദം കൊള്ളിക്കാത്തത്. അവയെല്ലാം സ്രഷ്ടാവിൻെറ സൗന്ദര്യത്തിൽ പങ്കുകൊള്ളുകയും അതിനെ പ്രതിഫലിപ്പിക്കുകയുമത്രെ ചെയ്യുന്നത്. സൃഷ്ടിജാലം ഇത്ര സുന്ദരമെങ്കിൽ സൃഷ്ടിയുടെ മകുടവും അവയുടെ റാണിയുമായ മറിയത്തിൻെറ സൗന്ദര്യം എത്ര മികച്ചതായിരിക്കണം. കന്യകമറിയത്തിൻെറ പ്രതിരൂപങ്ങളായി പഴയനിയമത്തിൽ പ്രശോഭിച്ചിരുന്ന ജൂഡിത്തും, എസ്തേറും അലോകസുന്ദരികളായിരുന്നുവെന്നു നാമറിയുന്നു. അപ്പോൾ അവരുടെ മാതൃകയായ മാതാവിൽ—ദൈവത്തിൻെറ അമ്മയിൽ—എത്ര മനോഹരമായ സൗന്ദര്യം വിരാജിച്ചിരിക്കണം. ദൈവത്തിൻെറ മാതൃകയിൽ ദൈവത്താൽ കൊത്തിയുണ്ടാക്കപ്പെട്ട ഒരു സ്വരൂപമാണ് മറിയമെന്നത്രെ ക്രീററിലെ വി. ആൻഡ്രൂ പ്രസ്താവിച്ചിട്ടുള്ളത്. വി. ബെർണ്ണർദീത്തായും ഈ ദിവ്യ അമ്മയുടെ ദർശനമുണ്ടായതിൽ പിന്നെ യാതൊരു സ്വരൂപവും നോക്കുന്നതിനിഷ്ടപ്പെട്ടിരുന്നില്ല; കാരണം അവയ്ക്കു ഈ അമ്മയുടെ മനോഹരമായ സൗന്ദര്യത്തെ പ്രതിഫലിപ്പിക്കാൻ സാധിച്ചിരുന്നില്ല. ഫാത്തിമായിലെ കുട്ടികൾ ദർശിച്ച ആ സുന്ദരിയായ സ്ത്രീയെ സമുചിതമായി ചിത്രീകരിക്കുവാൻ ഇതുവരെ യാതൊരു കലാകാരനും സാധിച്ചിട്ടില്ല.

പ്രകൃതി സൗന്ദര്യത്തിനു മാററു കൂട്ടുന്ന ഒരു ഘടകമുണ്ട്, ആത്മാവിൻെറ സൗന്ദര്യം. പരിശുദ്ധത, പുണ്യം, പരമാർത്ഥത മുതലായ ആത്മാവിൻെറ ഗുണവിശേഷങ്ങളിൽക്കൂടി ശരീരത്തിൽ പ്രകാശിക്കുന്ന സൗന്ദര്യമാണ് യഥാർത്ഥ സൗന്ദര്യം. മററുള്ളതെല്ലാം വെറും മിഥ്യയും വഞ്ചനാത്മകവുമാണ്. സനാതനമായതും ദൈവത്തിൻെറ സൗന്ദര്യത്തെ പ്രതിഫലിപ്പിക്കുന്നതുമായ സൗന്ദര്യം, അതായതു ആത്മാവിൽ പ്രശോഭിക്കുന്നതും ശരീരസൗഷ്ഠവത്തിൽ പ്രതിഫലിക്കുന്നതുമായ സൗന്ദര്യം, മാത്രമാണ് യഥാർത്ഥത്തിൽ സൗന്ദര്യമെന്ന വാക്കുകൊണ്ടർത്ഥമാക്കുന്നത്. ഇതുകൊണ്ടുതന്നെയാണ് വിശുദ്ധന്മാർ പറയുന്നതു്, ദൈവേഷ്ടപ്രസാദത്തിൽ സ്ഥിതിചെയ്യുന്ന ഒരാത്മാവിൻെറ സൗന്ദര്യത്തെ പൂർണ്ണമായി ഗ്രഹിക്കുന്നതിനു നമുക്കു സാധിച്ചാൽ ആനന്ദംകൊണ്ടു നാം മരിച്ചുപോകുമെന്ന്. അങ്ങനെയെങ്കിൽ ദൈവേഷ്ടപ്രസാദപൂർണ്ണയും സർവ്വഗുണസമ്പന്നയുമായ മറിയത്തിൻെറ അഭൗമികസൗന്ദര്യത്തെ നാം എങ്ങനെ ഗ്രഹിക്കും!

ഇത്ര മനോഹരിയായിരിക്കുന്ന ഈ അമ്മയെനോക്കി അവിടുത്തെ മക്കളായിരിക്കുന്ന നമുക്കു നമ്മെത്തന്നെ കഴിവുള്ളിടത്തോളം ഈ അമ്മയ്ക്കനുരൂപരാക്കിത്തീർക്കുന്നതിനു നിരന്തരം പരിശ്രമിക്കുകയും, ആനന്ദപൂർണ്ണമായ ഹൃദയങ്ങളോടുകൂടി വിളിച്ചപേക്ഷിക്കുകയും ചെയ്യാം:

**സ്നേഹപാത്രമായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ.**

## സൂമം 11

സൗന്ദര്യം സ്നേഹത്തെ ഉൽപ്പാദിപ്പിക്കുന്നു. അതോടൊപ്പം സ്നേഹനിദാനമായ സൗന്ദര്യത്തെപ്പററി നമ്മിൽ ബഹുമാനവും, മതിപ്പും, ആശ്ചര്യവും ഉളവാക്കുകയും ചെയ്യുന്നു. സൗന്ദര്യത്തിനു എത്രത്തോളം മാററുകൂട്ടുന്നുവോ ഈ അത്ഭുതവികാരത്തിനും അതനുസരിച്ചു ശക്തിവർദ്ധിച്ചുകൊണ്ടിരിക്കും. പരിശുദ്ധ കന്യകമറിയത്തിൻെറ ലൗകികമായ സൗന്ദര്യത്തിൻെറ പരിപൂർത്തിയും ഈ വ്യക്തിയെപ്പററിയുള്ള അത്ഭുതത്തിൻെറ പാരമ്യവും നാം ദർശിക്കുന്നതു് അവിടുത്തെ ദിവ്യമാതൃത്വത്തിലാണ്. കാരണം മറിയത്തിൻെറ മാതൃത്വം ദിവ്യവും, പൗരോഹിത്യപരവും, സാർവ്വത്രികവും, കർമ്മോദ്യുക്തവുമത്രെ.

### മറിയത്തിൻെറ മാതൃത്വം

മാതൃത്വം പ്രകൃത്യാതന്നെ അത്ഭുതാവഹമാണ്. മാതാവിൻെറ ഉദരത്തിൽ, പ്രകൃതിയിൽ ദൈവം ഏർപ്പെടുത്തിയിട്ടുള്ള നിയമമനുസരിച്ചു അവളുടെ മാംസരക്തങ്ങളിൽനിന്നു ഒരു മനുഷ്യശരീരത്തെ അവിടുന്നു സജ്ജമാക്കുന്നു. ദൈവംതന്നെ നേരിട്ടു ഒരു മനുഷ്യാത്മാവിനെ അതോടു സംയോജിപ്പിച്ച് ഒരു പരിപൂർണ്ണമനുഷ്യവ്യക്തിയെ അവിടെ സംജാതമാക്കുന്നു. മക്കബേയക്കാരുടെ ധീരയായ മാതാവു പറഞ്ഞ വാക്കുകൾ ഏററം അന്വർത്ഥമാണ്: "എൻെറ ഉദരത്തിൽ നിങ്ങൾ എങ്ങനെ രൂപംപ്രാപിച്ചുവെന്നു എനിക്കറിഞ്ഞുകൂടാ; എന്തുകൊണ്ടെന്നാൽ നിങ്ങൾക്കു ശ്വാസമോ, ആത്മാവോ, ജീവനോ ഞാൻ നൽകിയില്ല. നിങ്ങളോരോരുത്തർക്കും അവയവങ്ങളും ഞാൻ നൽകിയില്ല. എന്നാൽ ലോകത്തിൻെറ സ്രഷ്ടാവാണ് മനുഷ്യൻെറ ജനനത്തെ സാധിച്ചതും, എല്ലാററിൻേറയും ആരംഭം കണ്ടുപിടിച്ചതും" (മക്ക: 7: 22) ഇതിനെത്രയോ അത്ഭുതകരമാണ് മറിയത്തിൻെറ ദിവ്യമാതൃത്വരഹസ്യം. അവൾ ഒരു പുരുഷനെ അറിയുന്നില്ല. അവളുടെ ഉദരത്തിൻെറ ഫലം, ശരീരത്തിലും ആത്മാവിലും മുഴുവനായി ദൈവത്തിൻെറ കൈവേലയാണ്. തന്മൂലം ഒരു മാനുഷികമാതാവിനേക്കാൾ വളരെയേറെ സമുന്നതവും പരിപൂർണ്ണവുമായ മാതൃത്വം മറിയത്തിനുണ്ട്. മിശിഹായുടെ തിരുശരീരത്തെ സംബന്ധിച്ച് അതു പരിപൂർണ്ണമായും മറിയത്തിൻേറതാണ്. മറിയത്തിൻെറ ശിശു മനുഷ്യൻ മാത്രമല്ല, ദൈവവചനമാണ്. അവിടുന്നു അത്ഭുതാവഹനാണ്. മറിയത്തിൻെറ മാതൃത്വവും അത്ഭുതാവഹമത്രെ.

ഒരു സാധാരണ അമ്മയുടെ മകൻ ഒരു പുരോഹിതനാകാം. എന്നാൽ ആ പുരോഹിതൻെറ ബലിയിൽ ആ അമ്മയ്ക്കു നേരിട്ടുള്ള ഒരു ഭാഗഭാഗിത്വമില്ല. ആ പുരോഹിതൻ അദ്ദേഹത്തിൻെറ മാതാവിൽനിന്നെടുത്ത ശരീരരക്തങ്ങളെയല്ല ബലിയർപ്പിക്കുന്നത്. ബലിവസ്തുവായ ദൈവകുമാരനിൽ അവളുടെ അംശം പ്രവേശിക്കുന്നില്ല. എന്നാൽ ഗാഗുൽത്തായിലെ കുരിശിൽ ബലിയർപ്പിക്കപ്പെട്ട ഈശോയുടെ മാംസരക്തങ്ങൾ മറിയത്തിൽനിന്നു സ്വീകരിക്കപ്പെട്ടതത്രെ. മറിയം തന്നെ ആ ദിവ്യബലിയിൽ അവിടുത്തെ മാതൃത്വത്തിൻെറ പരിപൂർണ്ണഫലമായ മിശിഹായെ സ്നേഹസമൃദ്ധമായ ഒരു ഹൃദയത്തോടുകൂടി ബലിയർപ്പിക്കുന്നു. അതുകൊണ്ടാണ് മറിയത്തിൻെറ മാതൃത്വത്തിൽ പൗരോഹിത്യത്തിൻെറ പൂർണ്ണത നാം ദർശിക്കുന്നത്.

ഇനിയും സാധാരണമാതൃത്വം പരിമിതമാണ്. ഏതാനും മക്കളുടെമേൽ മാത്രമേ അതിനു പ്രസക്തിയുള്ളൂ. അവളുടെ മരണത്തോടുകൂടി ആ മാതൃത്വത്തിൻെറ നേരിട്ടുള്ള ബന്ധവും വിച്ഛേദിക്കപ്പെടുന്നു. മറിയത്തിൻെറ മാതൃത്വമോ എന്നാൽ ക്രിസ്തുവിൻെറ ബലിയിൽ നിതരാം നിലകൊള്ളുന്നു. അവിടുത്തെ ബലി സകല മനുഷ്യരേയും ബന്ധിക്കുന്ന ഒന്നായതുകൊണ്ട് മറിയത്തിൻെറ ദിവ്യമാതൃത്വം മനവവംശത്തെ ഒന്നാകെ ബാധിക്കുന്നു. ഈ ദിവ്യബലി നിലനില്ക്കുന്നിടത്തോളം കാലം മറിയത്തിൻെറ പൗരോഹിത്യം തുടരുകയും ചെയ്യുന്നു. അതുകൊണ്ടാണു കാലാകാലത്തോളം അതു കർമ്മോദ്യുക്തമായി നിലകൊള്ളുന്നത്. ഈ വസ്തുതകളുടെ വെളിച്ചത്തിലാണ് മറിയത്തെപ്പററി പറയപ്പെടുന്നത്, മറിയത്തെ കൂടാതെ രക്ഷയില്ല എന്ന്. അതുകൊണ്ട് മറിയത്തിൻെറ മാതൃത്വത്തിൽ നിക്ഷിപ്തമായിരിക്കുന്ന അപരിമേയമായ മാഹാത്മ്യത്തേയും അത്യത്ഭുതാവഹമായ പ്രവർത്തനശക്തികളേയും അനുസ്മരിച്ചുകൊണ്ട് നമുക്കു പ്രാർത്ഥിക്കാം:

**അത്ഭുതത്തിനു വിഷയമായ മാതാവേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമെ**

---

ഭേദമായി. അതിനാൽ ഞാൻ അനുഗ്രഹീതനായി. നല്ലൊരു നാളെക്കുവേണ്ടി, വിഷമപ്രശ്നങ്ങളെ വെല്ലുവിളിച്ചുകൊണ്ടു് ഞങ്ങൾ, ഞാനും മേരിയുംഒത്തു് ജീവിക്കുന്നതിനു് കരുക്കൾ സമ്പാദിക്കുവാൻ തുടങ്ങി.

ഒരു ജൂൺമാസം ഞങ്ങൾ അൾത്താരയെ വിട്ടു, ഞങ്ങളുടെ വിവാഹാനന്തരം അനുഗ്രഹം നിറഞ്ഞ ഹൃദയങ്ങളോടുകൂടി.

"വലിയ ഉപകാരം" ഞാൻ മന്ത്രിച്ചു.

"വലിയ ഉപകാരം" മേരി ചിരിച്ചു.

ഞാൻ വിചാരിച്ചു, സ്റ്റോ എവിടെ ആയിരുന്നാലും ഞങ്ങളെ ഓർക്കുന്നുണ്ടെന്നു്.

* "In the Darkest Hour" റോബർട്ട് ഓബ്രിയൻ.

---

## സംഭവകഥകൾ

### പണം മടക്കിക്കൊടുത്തതിനാൽ

ഫാദർ ഹെഗ്ഗ് എന്ന ഒരമേരിക്കൻ വൈദികൻ കൊറിയായിൽ സൈനികചാപ്ലനായി സേവനമനുഷ്ഠിച്ചുവന്നു. അദ്ദേഹത്തിനു് ഒരു കത്തുകിട്ടി, പാവപ്പെട്ട ഒരു യുവതിയിൽനിന്നു്. അവൾ മഠത്തിൽ ചേരാൻ തീർച്ചയാക്കി കഴിഞ്ഞുവെന്നും എന്നാൽ നിരാശ്രയരാകാൻപോകുന്ന തൻെറ കുടുംബാംഗങ്ങളെ സഹായിക്കാൻ ആയിരം ഡോളർ ലഭിക്കേണ്ടതു് അത്യാവശ്യമാണെന്നും അതിൽ പറഞ്ഞിരുന്നു.

അവളെ സഹായിക്കാൻ ഫാദർ ഹെഗ്ഗ് നിശ്ചയിച്ചു. ഒരു ദിവസം കർബ്ബാനയുടെ സമയത്തു ഇക്കാര്യം അദ്ദേഹം വിളംബരം ചെയ്തു. ആയിരം ഡോളർ മതിയെന്നു് അദ്ദേഹം വ്യക്തമാക്കി.

എന്നാൽ ആകെ 1275 ഡോളർ പിരിഞ്ഞു. ആകയാൽ ഒരാഴ്ചകഴിഞ്ഞു്, 275 ഡോളർ ബാക്കി വന്നിട്ടുണ്ടെന്നും, പണം സംഭാവനചെയ്തവർ ഓരോരുത്തർക്കും അവരവരുടെ ന്യായമായ ഓഹരി മടക്കി എടുക്കാമെന്നും, മററാരെങ്കിലും അതിൽ അന്യായമായി പങ്കുപററാൻ ഉദ്യമിച്ചാൽ ദൈവം അയാളെ ശിക്ഷിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

തദവസരത്തിൽ രണ്ടു് അകത്തോലിക്കാ യോദ്ധാക്കളും സന്നിഹിതരായിരുന്നു. ഏതാനും ദിവസങ്ങൾ കഴിഞ്ഞു് അവർ ഫാദർ ഹെഗ്ഗിനെ സന്ദർശിച്ചു് കത്തോലിക്കാ സഭയിൽ പ്രവേശിപ്പാൻ താല്പര്യം പ്രദർശിപ്പിച്ചു.

"എന്താ കാരണം?" അദ്ദേഹം ചോദിച്ചു.

"അതു പറയാം," അവർ പ്രതിവചിച്ചു, "കത്തോലിക്കാ പുരോഹിതന്മാർ പണക്കൊതിയന്മാരാണെന്നും ഇടവകക്കാരുടെ പണം അവർ തട്ടിപ്പറിച്ചെടുക്കുമെന്നുമാണു ഞങ്ങൾ കേട്ടിരുന്നതു്. ആകയാൽ അവിടുന്നു് ആ പണം തിരികെ കൊടുക്കുന്നതു കണ്ടപ്പോൾ ഞങ്ങൾക്കാശ്ചര്യം തോന്നി. ഞങ്ങളുടെ തെററിദ്ധാരണയും നീങ്ങി. തൽഫലമായി, രക്ഷാമാർഗ്ഗം തേടി ഞങ്ങളിതാ അങ്ങേ പക്കൽ വന്നിരിക്കുന്നു."

### ചെന്നായ് ആടായി മാറി

ഏതാണ്ടു് 700 കൊല്ലങ്ങൾക്കുമുമ്പു് ഇററലിയിലെ അൽവെർണിയാ മലയുടെ മുകളിൽ ഒരു കൊള്ളക്കാരൻ ജീവിച്ചിരുന്നു. "ചെന്നായ്" എന്ന അപരനാമം അവൻ സ്വയം സ്വീകരിച്ചിരുന്നു. അവനിൽനിന്നു യാത്രക്കാർ സഹിക്കേണ്ടിയിരുന്ന ഉപദ്രവങ്ങൾക്കു കൈയും കണക്കുമില്ല. ആ ഘട്ടത്തിലാണ് വി. ഫ്രാൻസിസ് അസ്സീസി പ്രസ്തുത മലയെ തൻെറ പ്രാർത്ഥനാവേദിയായി തിരഞ്ഞെടുത്തതു്. എല്ലാദിവസവും ദൈവത്തിൻെറ നന്മയെപ്പററി ധ്യാനിക്കുന്നതിനുവേണ്ടി വിശുദ്ധൻ ഈ മലയിലേക്കു പോകുമായിരുന്നു. ശാന്തശീലനും പുണ്യപാവനനുമായ ഫ്രാൻസിസ് അസ്സീസിയുമായുള്ള സമ്പർക്കത്താൽ ഗ്ലാനവദനയായിരുന്ന ഗിരിശൃംഗംപോലും ഒരു നവോന്മേഷം പ്രാപിച്ചതുപോലെ കാണികൾക്കു തോന്നുമായിരുന്നെങ്കിലും, "ചെന്നാ"യുടെ ഹൃദയത്തിൽമാത്രം യാതൊരു പരിവർത്തനവും സംഭവിച്ചില്ല. അവൻ തൻെറ അക്രമപരിപാടികൾ പഴേപടി തുടർന്നുവന്നു.

വി. ഫ്രാൻസിസാകട്ടെ ഭഗ്നോത്സാഹനായില്ല. ആ കൊള്ളത്തലവൻ ഒളിച്ചിരുന്ന സ്ഥലത്തേക്കു ചെന്നു് വിശുദ്ധൻ അവനെ വിളിച്ചു ഉറക്കെ: "ചെന്നായ് സഹോദരാ! ചെന്നായ് സഹോദരാ!"

അസാധാരണമായ ആ വിളി കേട്ടു് അവനൊന്നു് അമ്പരന്നു. അല്പനേരത്തേക്കു് അവനൊന്നും ശബ്ദിച്ചില്ല. പഞ്ചപുച്ഛമടക്കി അവനവിടെത്തന്നെയിരുന്നു. എന്നാൽ വിശുദ്ധൻ വിളി തുടർന്നു: "ചെന്നായ് സഹോദരാ! ചെന്നായ് സഹോദരാ!"

ഒടുവിൽ, സൈരമില്ലാഞ്ഞിട്ടു് അവൻ പുറത്തുവന്നു. "ആരാണ് എന്നെ ചെന്നായ് സഹോദരാ എന്നു വിളിക്കുവാൻ ധൈര്യപ്പെടുന്നതു്?" അവൻ ഈർഷ്യയോടെ ചോദിച്ചു. അവൻ തുടർന്നു: "ഞാൻ ചെന്നായ് ആണ്. എനിക്കാ പേരുമാത്രം മതി. ഞാനാരുടേയും സഹോദരനല്ല. എനിക്കീ ലോകത്തിൽ ഒരു സഹോദരനുമില്ല. ഞാൻ കൊണ്ടുനടക്കുന്ന ഈ കഠാരിയാണ് എൻെറ സഹോദരി. കൊള്ള, കൊല, തീവയ്പ്, വഞ്ചന, തട്ടിപ്പറി തുടങ്ങിയവയാണ് എൻെറ സഹോദരന്മാർ."

വി. ഫ്രാൻസിസ് അവനെ ശാന്തമായി ശാസിച്ചുകൊണ്ടു് മൃദുലസ്വരത്തിൽ പ്രത്യുത്തരിച്ചു: "എൻെറ ചെന്നായേ, നീ അങ്ങനെ പറയല്ലെ. നീ എൻെറ സഹോദരനാണ്; ലോകത്തിലുള്ള മററെല്ലാ മനുഷ്യരുടേയും സഹോദരനാണ്. എന്നെ സൃഷ്ടിച്ച ദൈവംതന്നെയാണു നിന്നെയും മററെല്ലാവരേയും സൃഷ്ടിച്ചിരിക്കുന്നതു്; എന്നെ രക്ഷിച്ച ഈശോയാണ് നിന്നേയും മററെല്ലാവരേയും രക്ഷിച്ചിരിക്കുന്നതു്. ആകയാൽ നാമെല്ലാവരും സഹോദരന്മാരാണ്. അല്ലയോ, സഹോദരാ, നിനക്കിഷ്ടമുണ്ടെങ്കിൽ, നല്ല കള്ളനോടു് ക്ഷമിച്ച ഈശോ നിന്നോടും ക്ഷമിക്കുകയും നിന്നെ അനുഗ്രഹിക്കുകയും ചെയ്യും."

അന്നാദ്യമായിട്ടാണ് ആ കൊള്ളത്തലവൻ സർവ്വസാഹോദര്യത്തെപ്പററിയും പാപപ്പൊറുതിയെപ്പററിയും കേൾക്കുവാൻ ഇടയായതു്. അവൻ തൽക്ഷണം മനസ്സുതിരിഞ്ഞു. വി. ഫ്രാൻസിസിൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തുകൊണ്ടു് സ്വപാപങ്ങളെപ്രതി ദൈവത്തോടു് മാപ്പപേക്ഷിച്ചു. അവനിൽ സമൂലമായ ഒരു പരിവർത്തനമാണു സംഭവിച്ചതു്. അവൻ അചിരേണ "കുഞ്ഞാടായ സഹോദരൻ" എന്ന അപരനാമം സമാർജ്ജിച്ചു.

—o—

### കലണ്ടർ പരിഷ്കാരം സംബന്ധിച്ചു് കത്തോലിക്കാസഭയുടെ നില

ഇപ്പോഴത്തെ കലണ്ടർ പരിഷ്കരിക്കുന്നതു ന്യായമായ കാരണങ്ങളേയും യുക്തിയേയും അടിസ്ഥാനമാക്കിയാണെങ്കിൽ കത്തോലിക്കാസഭ പരിഷ്കാരത്തെ എതിർക്കുകയില്ല എന്നു് ഒസർവത്തോരെ റോമാനോയിൽ ഒരു ലേഖകൻ എഴുതിയിരിക്കുന്നു.

പ്രഹസനം

# വിൻസെൻറ് ഡി പോൾ

(ആർ. എ. തെക്കേത്തല)

രംഗം 6

കൊള്ളക്കാർ പിടികൂടുന്നു

(ഫാദർ വിൻസെൻറ് എന്തോ ഒന്നു ഭദ്രമായി പട്ടിൽ പൊതിഞ്ഞു മാറോടുചേർത്തു പിടിച്ചു മന്ദംമന്ദം പ്രവേശിക്കുന്നു. മൂന്നു തസ്കരപ്രമാണികൾ അദ്ദേഹത്തിനെതിരെ കയർത്തുകൊണ്ടു വരുന്നു)

ഒന്നാമൻ:- നില്ക്കടാ അവിടെ എന്തെടാ നീയീ തട്ടിക്കൊണ്ടുപോകുന്നതു്? നിന്റെ കൈയിലുള്ള ആ നിക്ഷേപം ഇവിടെ ഞങ്ങളുടെ മുമ്പിൽ വയ്ക്കു

രണ്ടാമൻ:- എടാ, ഇവിടെ ഞങ്ങളുള്ളപ്പോൾ നീ എവിടന്നു വന്നു. ഞങ്ങളെ കബളിപ്പിച്ചു ഇവിടന്നു തട്ടിക്കൊണ്ടുപോകാമെന്നു വിചാരിച്ചല്ലേ?

ഫാദർ:- നിങ്ങൾ വിചാരിക്കുന്നതുപോലെ ഞാനൊരു കവച്ചക്കാരനല്ല ഒരു സ്ഥലത്തുനിന്നും ഒന്നും കട്ടുകൊണ്ടുപോകുന്നുമില്ല.

മൂന്നാമൻ:- എടാ, നീ കവച്ചക്കാരനല്ലെങ്കിൽ എന്തിനീ അർദ്ധരാത്രിയിൽ ഞങ്ങളെപ്പോലെ ചുററിത്തിരിയുന്നു. ഇന്നു ആ റാസ്സലിന്റെ വീടു കൊള്ളചെയ്യാമെന്നു ഞങ്ങൾ വിചാരിച്ചിരുന്നു. നീ ഞങ്ങളേക്കാൾ മുമ്പേപോയി അവിടെയുണ്ടായിരുന്നതെല്ലാംകെട്ടിപ്പെറുക്കിക്കൊണ്ടു പോന്നു. നിന്നെ ഞങ്ങൾ വെറുതെ വിടുമെന്നു വിചാരിക്കേണ്ട. വെക്കു കൈയിലുള്ളതു മുഴുവനും

ഫാദർ:- ഇതു കവച്ചമുതലല്ല. ഞാൻ ഒരുവീട്ടിലും കയറിയിട്ടുമില്ല. ദയവുചെയ്തു് നിങ്ങൾ എന്നെ ഉപദ്രവിക്കരുതു്.

ഒന്നാമൻ:- നിന്റെ സൂത്രമൊന്നും ഞങ്ങളോടുവേണ്ട. നീ മാറത്തു അടക്കിപ്പിടിച്ചിരിക്കുന്നതു് എന്താണു്? ഈ അർദ്ധരാത്രിയിൽ, അതും കൂരിരുട്ടത്തു നീ തട്ടിക്കൊണ്ടുപോകുന്നതു ആരും അറിയുകയില്ലെന്നാണോ വിചാരം? മര്യാദയ്ക്കു പൊതിയിങ്ങു വയ്ക്കുന്നതായിരിക്കും നല്ലതു്.

രണ്ടാമൻ:- ജീവനിൽ കൊതിയുണ്ടെങ്കിൽ പൊതിയിങ്ങോട്ടു വെച്ചേക്കു.

മൂന്നാമൻ:- എടാ, ഇവൻ നേരെയാവുകയില്ല. പിടിക്കെടാ അവന്റെ കൈക്കു് (രണ്ടുപേർ ഫാദറിന്റെ ഇരുകരങ്ങളും പിടിച്ചു. അപരൻ പൊതി തട്ടിപ്പറിച്ചു അഴിച്ചുനോക്കുന്നു)

ഒന്നാമൻ:- എന്തു്! പച്ചുവിടാത്ത ഒരു ചോരക്കുഞ്ഞോ!

രണ്ടാമൻ:- നിങ്ങൾ ആരാണു്?

ഫാദർ:- ഞാൻ ഫാദർ വിൻസെൻറാണു്.

ഒന്നാമൻ:- അച്ചാ, ക്ഷമിക്കണം. അങ്ങാണെന്നു ഞങ്ങൾ വിചാരിച്ചില്ല.

മൂന്നാമൻ:- ഈ കൂരിരുട്ടത്തു് എങ്ങനെ അളറിയുവാനാണു്. അങ്ങേക്കു ഒരു മുന്നറിവു തരാമായിരുന്നില്ലെ.

ഫാദർ:- സാരമില്ല. നിങ്ങളിനിയും ഇത്തരം ക്രൂരകൃത്യങ്ങൾക്കു മുതിരരുതു്. സഹോദരങ്ങളേ, നിങ്ങളെ കൊലക്കളത്തിലേക്കു ആനയിക്കുന്ന കൊള്ളയും കൊലയും ഉപേക്ഷിച്ചു് ഒരു നല്ല ജീവിതം നയിക്കണം. ഇവിടെ പോലീസധികാരികളുടെ കണ്ണിൽപ്പെടാതെ ഒരുപക്ഷേ നിങ്ങൾ രക്ഷപെട്ടെന്നുവരാം. എന്നാൽ നിങ്ങൾ ചെയ്യുന്ന ഘോരകൃത്യങ്ങൾക്കു വഞ്ചിക്കുവാനോ വഞ്ചിക്കപ്പെട്ടുവാനോ സാദ്ധ്യമല്ലാത്ത കർത്താവു് തക്കതായ ശിക്ഷ തരും. അതുകൊണ്ടു് എത്രയും വേഗത്തിൽ നിങ്ങളുടെ അക്രമകൃത്യങ്ങൾ ഉപേക്ഷിച്ചു് പശ്ചാത്തപിക്കണം.

ഒന്നാമൻ:- അച്ചാ, ഒരു വിരോധവുമില്ല. പക്ഷേ, ഞങ്ങൾക്കു എങ്ങനെയെങ്കിലും ജീവിക്കണ്ടേ? അതിനു എന്തുചെയ്യും? ഇവിടെയാണെങ്കിൽ ഒരു തൊഴിലുമില്ല.

ഫാദർ:- ഭക്ഷണത്തിനുവേണ്ടി മാത്രമാണോ നിങ്ങൾ ഈ ക്രൂരകൃത്യങ്ങൾ ചെയ്യുന്നതു്? കഷ്ടം. ഇനിമേലിൽ ഇത്തരം പ്രവൃത്തികൾ ചെയ്യുകയില്ലെന്നു വാഗ്ദാനം ചെയ്യുകയാണെങ്കിൽ നിങ്ങളുടെ ചെലവുമുഴുവനും ഞാൻ വഹിച്ചുകൊള്ളാം. എന്റെ കൂടെത്തന്നെ നിങ്ങൾ താമസിച്ചുകൊള്ളുക.

രണ്ടാമൻ:- ഇപ്പോൾത്തന്നെ ഞങ്ങൾ സത്യംചെയ്യുന്നു, ഇനിമേലിൽ യാതൊരു അക്രമപ്രവൃത്തികളും ചെയ്യുകയില്ലെന്നു്. നാളെ ഞങ്ങൾ അങ്ങയുടെ ആശ്രമത്തിലേക്കു വന്നുകൊള്ളാം. അങ്ങു് എന്തിനാണു് ഈ കുഞ്ഞുങ്ങളെ ഇങ്ങനെ ശേഖരിക്കുന്നതു്?

ഫാദർ:- ഈ കുഞ്ഞിൽ ഒരു മനുഷ്യാത്മാവു് സ്ഥിതിചെയ്യുന്നുണ്ടു്. നിർഭാഗ്യരായ ഇത്തരം കുഞ്ഞുങ്ങളെ രക്ഷിക്കുന്നതിനുവേണ്ടിയാണു് ഞാൻ ഇവരെ തേടി നടക്കുന്നതു്. മനുഷ്യാത്മാവിന്റെ വിലയറിയാത്ത ദുർമ്മാർഗ്ഗികളായ സ്ത്രീകൾ വഴിവക്കിൽ പരിത്യജിക്കുന്ന ഇത്തരം കുഞ്ഞുങ്ങളെ നിങ്ങൾ കാണുകയാണെങ്കിൽ എന്റെ ആശ്രമത്തിൽ കൊണ്ടുവരണം.

മൂന്നാമൻ:- എത്ര വേണമെങ്കിലും കൊണ്ടുവന്നുതരാം. അനേകം ശിശുക്കളെ ഈ തെരുവുകളിൽ ഞങ്ങൾ കാണാറുണ്ടു്. നാളെ ആശ്രമത്തിലേക്കു വരുമ്പോൾ എല്ലാം പെറുക്കിക്കൊണ്ടുവരാം. ഇപ്പോൾ ഞങ്ങൾ പോകട്ടെ. (പോകുന്നു)

കർട്ടൻ

രംഗം 7

ഫാദർ വിൻസെൻറു് സ്വയം അടിമത്വം സ്വീകരിക്കുന്നു

(ഒരടിമയെ കഴുത്തിലും കാലിലും ചങ്ങലയിട്ടു പൂട്ടിയിരിക്കുന്നു. അവൻ തേങ്ങിത്തേങ്ങി കരയുന്നുണ്ടു്. ഫാദർ വിൻസെൻറ് പ്രവേശിക്കുന്നു)

ഫാദർ:- നീയെന്താണു് ഇങ്ങനെ കരയുന്നതു്?

അടിമ:- അച്ചാ, ഹാ! എന്റെ നിർഭാഗ്യം എത്ര വലുതു്! എന്റെ പ്രയത്നംകൊണ്ടുമാത്രമായിരുന്നു എന്റെ ഭാര്യയും കുഞ്ഞുങ്ങളും കഴിഞ്ഞിരുന്നതു്. ഇപ്പോൾ ഞാൻ ബന്ധനസ്ഥനായിരിക്കുന്നു. അതുകാരണം എന്റെ ഭാര്യയും മക്കളും പട്ടിണികിടന്നു പൊരിയുന്നു. ഇവിടത്തെ ക്രൂരന്മാരായ പട്ടാളക്കാർ എന്നെ അതിനിർദ്ദയമായി മർദ്ദിക്കുന്നു. എന്തു കഷ്ടം! എന്റെ ദൗർഭാഗ്യം!

ഫാദർ:- മകനെ, നീ സന്തോഷമായിരിക്കുക. നിന്റെ ദുരിതങ്ങൾ അധികനാളത്തേക്കുണ്ടാവുകയില്ല. നല്ലവനായ ദൈവം നിനക്കു യാത്രയാക്കിയിരിക്കുന്ന ഈ വിഷമതകൾ സന്തോഷത്തോടും ക്ഷമയോടുംകൂടി സഹിക്കുക. നീ അടുത്തുതന്നെ ബന്ധനവിമുക്തനാകും. (ഫാദർ പോകുന്നു)

(രണ്ടു പട്ടാളക്കാർ പ്രവേശിക്കുന്നു)

ഒന്നാമൻ:- എന്തെടാ, മൂങ്ങയെപ്പോലെനിന്നു മൂളുന്നതു്?

രണ്ടാമൻ:- നീന്നോടു കരയരുതെന്നു പറഞ്ഞിട്ടില്ലേടാ? പിന്നെ എന്തിനാ അച്ചൻ വന്നപ്പോൾ കരഞ്ഞതു്?

ഒന്നാമൻ:- അച്ചൻ എന്തു പറഞ്ഞെടാ?

(അടിമ ഒന്നും ശബ്ദിക്കുന്നില്ല)

രണ്ടാമൻ:- ഇവന്റെ നാക്കിറങ്ങിപ്പോയോ? ഞാനൊന്നു നോക്കട്ടെ. (കന്നത്തടിക്കുന്നു. അടിമ ഉറക്കെ നിലവിളിക്കുന്നു)

ഒന്നാമൻ:- മിണ്ടരുതെന്നു പറഞ്ഞിട്ടില്ലേടാ? ഇവിടെ നിന്റെ കെട്ട്യോളും കുട്ട്യോളും ഉണ്ടോ കരച്ചിൽ കേൾക്കാൻ. (പുറത്തിടിക്കുന്നു. അടിമ വീണ്ടും നിലവിളിക്കുന്നു)

രണ്ടാമൻ:- ഞങ്ങളിങ്ങോട്ടു വരട്ടെ. നിന്റെ അലർച്ച അവസാനിപ്പിച്ചേക്കാം. (പോകുന്നു)

(ഒരു പുതിയ അടിമ പ്രവേശിച്ചു് ബന്ധനസ്ഥനായ അടിമയുടെ ചങ്ങല സ്വയം സ്വീകരിക്കുകയും അവനെ മുക്തനാക്കുകയും ചെയ്യുന്നു)

പുതിയ അടിമ:- നീപോയി നിന്റെ ഭാര്യയേയും മക്കളേയും സംരക്ഷിക്കുക. നിനക്കുപകരം ഞാനിവിടെ ഇരുന്നുകൊള്ളാം.

പഴയ അടിമ:- നിങ്ങൾ ആരുതന്നെയായാലും എന്റെ എളിയ നന്ദി. എന്റെ......

പുതിയ അടിമ:- വിശേഷമെല്ലാം പിന്നീടുപറയാം. ഇപ്പോൾ വേഗം പോകണം. പട്ടാളക്കാർ ഇവിടെ ക്ഷണത്തിലെത്തും.

(പഴയ അടിമ പോകുന്നു. പട്ടാളക്കാർ എതിർവശത്തുകൂടി പ്രവേശിക്കുന്നു. പുതിയ അടിമ പ്രാർത്ഥനചൊല്ലുന്നതുകേട്ടിട്ടു്)

ഒന്നാമൻ:- എന്തെടാ, നീയിരുന്നു പിറുപിറുക്കുന്നതു്? ഞങ്ങളെ ശപിക്കുകയാണോടാ?

രണ്ടാമൻ:- നിന്റെ കരച്ചിലൊക്കെ എവിടെപ്പോയെടാ? ഇവനെപ്പോലുള്ള ഒരു കള്ളനെ എന്റെ ജീവിതത്തിൽ കണ്ടിട്ടില്ല. ആളെക്കാണുമ്പോൾ കരച്ചിലും അല്ലാത്തപ്പോൾ പിറുപിറുക്കലും.

ഒന്നാമൻ:- നിന്നോടു കിളയ്ക്കാൻ പറഞ്ഞിട്ടു കിളച്ചോ? വെറുതെയിരിക്കാമെന്നാ കരുതിയതു്? (കന്നത്തടിക്കുന്നു. ഒരുവക ഭാവഭേദവും കൂടാതെ അടിമ നില്ക്കുന്നു)

രണ്ടാമൻ:- എന്തെടാ കരയാത്തതു്? (പുറത്തിടിക്കുന്നു) നടക്കെടാ കിളയ്ക്കാൻ. (അടിമയെ തല്ലിയും ഇടിച്ചും കിളയ്ക്കുവാൻ കൊണ്ടുപോകുന്നു)

കർട്ടൻ

രംഗം 8

അടിമത്വത്തിൽനിന്നു സ്വാതന്ത്ര്യം പ്രാപിക്കുന്നു

(പട്ടാളമേധാവി കസാലയിലിരിക്കുന്നു. രണ്ടു പട്ടാളക്കാർ അടുത്തു നില്ക്കുന്നു)

മേധാവി:- നമുക്കു എങ്ങിനെയെങ്കിലും ആ അച്ചനെ കണ്ടുപിടിക്കണം. രണ്ടാഴ്ചയോളമായി അദ്ദേഹത്തെ കാണാതായിട്ടു്. വല്ല കൊള്ളക്കാരും വധിച്ചിട്ടുണ്ടോ, ആവൊ! സൂപ്രണ്ടിന്റെ പ്രത്യേകകല്പന കിട്ടിയിട്ടുണ്ടു്. മാത്രമല്ല ജനങ്ങളും ഇളകിയിരിക്കുന്നു. നിങ്ങൾ എവിടെയെല്ലാം അന്വേഷിച്ചു?

ഒന്നാമൻ:- ഞാൻ പള്ളിയകത്തും കുമ്പസാരക്കൂട്ടിലും പള്ളിമുറിയിലും ഒക്കെ അന്വേഷിച്ചു. കണ്ടില്ല.

മേധാവി:- എടോ, അവിടെയൊക്കെയുണ്ടെങ്കിൽ അദ്ദേഹത്തെ ഇത്ര തിരക്കിട്ടു അന്വേഷിക്കണോ? വല്ല രഹസ്യസ്ഥലത്തുമാണു് അന്വേഷിക്കേണ്ടതു്.

രണ്ടാമൻ:- ഞാൻ ഇന്നലെ രാത്രി പല ഗൂഢവഴികളിലും ചുററിത്തിരിഞ്ഞു. ഒരെത്തും പിടിയും കിട്ടിയില്ല. ചിലർ പറഞ്ഞു കേട്ടു ആ നദിയിൽക്കൂടി ഒരു ശവം ഒഴുകിപ്പോയെന്നു്.

മേധാവി:- അതു അദ്ദേഹത്തിന്റെ തന്നെയാവും. അടുത്തെങ്ങാനും ഇവിടെ വരികയുണ്ടായോ?

ഒന്നാമൻ:- ഉവ്വ്. രണ്ടാഴ്ചമുമ്പു ഇവിടെവന്നു് ആ അടിമയോടു എന്തൊക്കെയോ പറഞ്ഞു. എപ്പോഴും കരഞ്ഞുകൊണ്ടിരുന്ന അവൻ അദ്ദേഹം വന്നതിനുശേഷം വളരെ സന്തോഷത്തോടുകൂടിയാണു് കാണപ്പെടുന്നതു്.

മേധാവി:- അവനോടു അദ്ദേഹത്തെപ്പററി കൂടുതൽ വിവരങ്ങൾ ചോദിച്ചറിയാം. ഇവിടെ കൊണ്ടുവരു. (ഒന്നാമൻ പോകുന്നു.)

മേധാവി:- ഞാൻ അദ്ദേഹത്തോടു അന്നേ പറഞ്ഞിരുന്നതാണു് രാത്രിയിലൊന്നും സഞ്ചരിക്കരുതെന്നു്. ആ പള്ളിമുറിയിലെങ്ങാനും ഇരുന്നാമതിയോ! രാവും പകലുമില്ലാതെ അടിമകളുടേയും ധർമ്മക്കാരുടേയും പിന്നാലെ ഓടിനടക്കും. ഇപ്പോൾ നമ്മൾ അന്വേഷിച്ചു നടക്കാറായി. ദുരിതം. എന്തുചെയ്യും.

(അടിമയുടെ കഴുത്തിലും കാലിലും ചങ്ങലയിട്ടു കൊണ്ടുവരുന്നു.)

മേധാവി:- (അലക്ഷ്യഭാവത്തിൽ) നീ ഫാദർ വിൻസെൻറിനെ അറിയുമോ?

അടിമ:- ഉവ്വ്. ഞാനറിയും.

മേധാവി:- (സംശയിച്ചുകൊണ്ടു് ആത്മഗതം) ഇതു ഫാദർ വിൻസെൻറിന്റെ ശബ്ദമാണല്ലോ. വേഷം അടിമയുടേതും. ഇതെന്തു കഥ! (അടിമയോടു്) ഫാദർ വിൻസെൻറിനെ കാണാതായിട്ടു രണ്ടാഴ്ചയോളമായി. ഞങ്ങൾ അദ്ദേഹത്തെ അന്വേഷിച്ചു നടക്കുകയാണു്. നിനക്കു അദ്ദേഹത്തെപ്പററി എന്തെങ്കിലും അറിയാമോ?

അടിമ:- ഞാൻതന്നെയാണു് ഫാദർ വിൻസെൻറു്.

മേധാവി:- എന്തു്! അങ്ങു് ഫാദർ വിൻസെൻറോ? എങ്ങിനെ ഇവിടെവന്നു? ഞങ്ങൾ എന്തുമാത്രം അങ്ങയെ അന്വേഷിച്ചു ബുദ്ധിമുട്ടി. (പട്ടാളക്കാരോടു്) അദ്ദേഹത്തിന്റെ ചങ്ങല വേഗം അഴിക്കുക. (പട്ടാളക്കാർ ചങ്ങല അഴിക്കുന്നു. കസാല ചൂണ്ടിക്കാണിച്ചുകൊണ്ടു്) ഇവിടെ ഇരുന്നാലും. ഇതെങ്ങിനെ സംഭവിച്ചു?

ഫാദർ:- (ഇരുന്നിട്ടു്) രണ്ടാഴ്ചമുമ്പു് ഇവിടെ വന്നപ്പോൾ ഒരടിമയിരുന്നു കരയുന്നതുകണ്ടു. കാരണമന്വേഷിച്ചപ്പോൾ അവന്റെ ഭാര്യയും മക്കളും പട്ടിണികിടന്നു പൊരിയുന്നതുകൊണ്ടാണു് അങ്ങനെ കരയുന്നതെന്നു പറഞ്ഞു. അന്നുതന്നെ രാത്രി ഞാൻ വേഷംമാറി ഇവിടെവന്നു അവന്റെ അടിമത്വം ഏറെറടുക്കുകയും അവനെ മോചിപ്പിക്കുകയുംചെയ്തു. അങ്ങിനെയാണു് ഞാൻ ഇവിടെ വന്നതു്. (പട്ടാളക്കാർ അമ്പരക്കുന്നു.)

മേധാവി:- അങ്ങേക്കു ഇവിടെ സുഖമായിരുന്നുവോ?

ഫാദർ:- ഒരടിമയുടെ സുഖം പൂർണ്ണമായും ഇവിടെ ലഭിച്ചിരുന്നു. നിങ്ങൾ അടിമകളോടു് കുറച്ചുകൂടി കരുണയോടുകൂടി പെരുമാറുമെങ്കിൽ നന്നായിരിക്കും. അവരും മനുഷ്യരല്ലേ.

മേധാവി:- ഫാദർ ക്ഷമിക്കണം. ഇവിടെ അടിമകളോടു് എററവും ക്രൂരമായിട്ടാണു് പെരുമാറുന്നതെന്നു് എനിക്കു അടുത്തു മനസ്സിലാക്കുവാൻ സാധിച്ചു. ഇനിമേലിൽ അടിമകൾക്കു ഒരുവക വിഷമവും നേരിടാതിരിക്കുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതാണു്. ഇപ്പോൾത്തന്നെ സൂപ്രണ്ടിന്റെ അടുക്കലേക്കു പോകണം. അങ്ങയെ ഏതുവിധേനയെങ്കിലും കണ്ടുപിടിക്കണമെന്നു പ്രത്യേക കല്പനയുണ്ടായിരുന്നു. അതുകൊണ്ടാണു് ഇത്ര തിരക്കിട്ടു അന്വേഷണങ്ങൾ നടത്തിയതു്.

ഫാദർ:- നമുക്കു പോകാം.

(പട്ടാളക്കാർ ഏററവും വ്യസനത്തോടുകൂടി പരസ്പരം നോക്കുന്നു.)

(എല്ലാവരും പോകുന്നു.)

കർട്ടൻ

ശുഭം

---

വി. റീത്താ പുണ്യവതിയുടെ മദ്ധ്യസ്ഥതയാൽ അസാദ്ധ്യകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

അച്ചാമ്മ ജോസഫ്
കുരുവനാക്കുന്നേൽ, ഇടമററം

---

## ജർമ്മൻ തൊഴിലാളികളുടെ ദൈന്യത

റൂർപ്രദേശങ്ങളിൽ ജോലിക്കായി ബർലിനിലെ അഭയാർത്ഥികേന്ദ്രങ്ങളിൽനിന്നും ബവേറിയായിലെ ഗ്രാമപ്രദേശങ്ങളിൽനിന്നും 5 ലക്ഷത്തിൽപ്പരം സാധുതൊഴിലാളികൾ കൊണ്ടുവരപ്പെട്ടിട്ടുണ്ടു്. ഇവരിൽ പകുതിയും കത്തോലിക്കരാണു്. വ്യവസായകേന്ദ്രങ്ങൾക്കു സമീപമുള്ള ക്യാമ്പുകളിലും ബാരക്കുകളിലുമാണു് അവർ ജീവിക്കുന്നതു്. അവ മിക്കതും കമ്മ്യൂണിസ്റ്റുകളുടെ അധീനതയിലുമാണു്. അമേരിക്കയിലെ നാഷനൽ കാത്തലിക്കു് വെൽഫെയർ കോൺഫറൻസിന്റെ യുവവിഭാഗത്തിൽപ്പെട്ട റവ. ഫാദർ ജെ. എഫ്. ഈസെലിൻ ഒരു ജർമ്മൻ വൈദികനുമൊരുമിച്ചു് ഈ ക്യാമ്പുകൾ സന്ദർശിക്കുന്നതിനാവശ്യപ്പെട്ടപ്പോൾ അദ്ദേഹത്തിനു അനുമതി നിഷേധിക്കുകയാണുണ്ടായതു്. ഇതുപോലെ മററു പലർക്കും സന്ദർശനാനുവാദം നിഷേധിക്കപ്പെട്ടിട്ടുണ്ടു്. കമ്മ്യൂണിസ്റ്റുകൾ അവിടെ ഈ സാധുതൊഴിലാളികളെ മാർക്സിസ്റ്റുതത്വങ്ങൾ പഠിപ്പിക്കുകയാണു്. ഈ വിപത്തിനെ തടയുന്നതിനു ജർമ്മൻ കത്തോലിക്കർ കാത്തലിക്കു് ഹോസ്റ്റലുകൾ നടത്തി അവയിൽവച്ചു നേതൃത്വപരിശീലനങ്ങളും കത്തോലിക്കാതത്വപ്രബോധനവും യുവതൊഴിലാളികൾക്കു നൽകിക്കൊണ്ടിരിക്കുന്നുണ്ടു്.


## കപ്പൂച്ചിൻ മിഷ്യൻ ധ്യാനങ്ങൾ

ബ മിഷ്യൻ സുപ്പീരിയർ ഭരണങ്ങാനം ആശ്രമത്തിൽ ആകയാൽ, മിഷ്യൻ ധ്യാനങ്ങളെ സംബന്ധിക്കുന്ന സകല എഴുത്തുകുത്തുകളും താഴെ കൊടുത്തിരിക്കുന്ന വിലാസത്തിൽ നടത്തണമെന്നറിയിച്ചുകൊള്ളുന്നു.

**Rev. Mission Superior, Assisi Friary, Bharananganam. Kottayam (Dt.)**

എന്നു് സുപ്പീരിയർ,
സെൻറു് ആൻറണീസ് ഫ്റയറി, കൊല്ലം

Reg. M. No. 2293

# Sathya Deepam

Vol. 27 Ernakulam, July 7, 1954 No. 44

## —വിവിധവൃത്താന്തങ്ങൾ—

### യുവജനങ്ങളുടെ ഇടയിൽ നിരീശ്വരത്വം പ്രചരിപ്പിക്കാൻ സോവ്യറ്റ് പത്രങ്ങളുടെ ശ്രമം

സോവ്യറ്റുയൂണിയനിലെ യുവജനങ്ങളുടെ ഇടയിൽ നിരീശ്വരത്വം പ്രചരിപ്പിക്കാൻ പത്രദ്വാരാ ഒരു പുതിയ ശ്രമം ആരംഭിച്ചിരിക്കുന്നുവെന്നു് സോവ്യറ്റ് യുവജനപത്രമായ കോംസോമോൾസ്കയാ പ്രവ്ദായുടെ ഒരു പ്രതി വ്യക്തമാക്കുന്നു. മതവിശ്വാസങ്ങൾ നശിപ്പിക്കുന്നതിനു് ദീർഘകാലമായി ശ്രമങ്ങൾ നടക്കുന്നുണ്ടെങ്കിലും പല സോവ്യറ്റുയുവാക്കളും ഇപ്പോഴും "പഴയ അന്ധവിശ്വാസങ്ങളി"ൽ പ്രതിപത്തിയുള്ളവരാണെന്നു് പ്രസ്തുത പത്രം സമ്മതിക്കുന്നു. യുവജനനേതാക്കളുടെ പ്രധാന കർത്തവ്യങ്ങളിലൊന്നു് "മതമാകുന്ന കറുപ്പി"ൻെറ സ്വാധീനശക്തി നശിപ്പിക്കയാണെന്നും എല്ലാവിധ പ്രചാരണോപാധികളും ഉപയോഗിച്ചു മതത്തെ എതിർക്കണമെന്നും പത്രം ഉദ്ബോധിപ്പിക്കുന്നു.

### കർദ്ദിനാളിൻെറ യുക്തിവാദം

പ്രസിദ്ധമായ ട്രെൻറ് സൂനഹദോസിലെ പ്രതിനിധികളിലൊരാളായിരുന്നു കാർഡിനൽ ഹോസിയൂസ്. നോയമ്പും മാംസവർജ്ജനവും സംബന്ധിച്ച നിയമങ്ങളിൽ അദ്ദേഹം ഇത്ര കർക്കശനായിരിക്കുന്നതെന്തുകൊണ്ടാണെന്നു ഒരിക്കൽ ഒരു സ്നേഹിതൻ അദ്ദേഹത്തോടു ചോദിച്ചു. അദ്ദേഹം പ്രതിവചിച്ചു: "അപ്പനേയും അമ്മയേയും ബഹുമാനിക്കണമെന്നു ദൈവപ്രമാണം അനുശാസിക്കുന്നില്ലയോ. സ്വർഗ്ഗസ്ഥനായ എൻെറ പിതാവു തപസ്സുചെയ്യണമെന്നു എന്നോടാജ്ഞാപിക്കുന്നു. എൻെറ മാതാവായ തിരുസ്സഭ അതിനുള്ള വിധങ്ങളും സമയങ്ങളും എനിക്കു കാണിച്ചുതരുന്നു. ഞാൻ പിന്നെ എങ്ങനെ അതു കൃത്യമായി അനുസരിക്കാതിരിക്കും?"

### വനിതാസംഘടനകൾ അണുവായുധത്തെ അപലപിക്കുന്നു

18 രാജ്യങ്ങളിൽനിന്നു ഫാത്തിമായിൽ സമ്മേളിച്ച സാർവ്വദേശീയ കത്തോലിക്കാ വനിതാസംഘടനകളുടെ 2000 പ്രതിനിധികൾ അണുവായുധത്തിനെതിരായി ഒരു പ്രമേയം പാസ്സാക്കി പരിശുദ്ധ മാർപ്പാപ്പായുടെ അഭിപ്രായത്തെ അംഗീകരിച്ചു. കുടുംബസ്ഥിതിയെ സ്പർശിക്കുന്ന സാമൂഹികവും രാഷ്ട്രീയവുമായ പ്രശ്നങ്ങളെ സമ്മേളനം ചർച്ചചെയ്തു. നീതിപൂർവ്വകമായ പ്രതിരോധനത്തിനല്ലാതെ അണുകായുധങ്ങൾ ഉപയോഗിക്കപ്പെടരുതെന്നാണു് അവരുടെ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു്.

### തടവുമുറിയിൽ കുർബ്ബാന

ഒരു കനേഡിയൻ മിഷ്യനറിയായ ഫാദർ ലൂയി വെനാഡം ചൈനയിലെ ഒരു തടവുമുറിയിൽ കൊന്തജപിച്ചുകൊണ്ടിരിക്കയായിരുന്നു. എന്തോ സാധനം തറയിൽ വീഴുന്ന സ്വരം കേട്ടു. അദ്ദേഹം അനങ്ങിയില്ല. സ്വരം കേട്ട കാവൽപടയാളി വാതിലിലുള്ള സുഷിരത്തിൽക്കൂടി സൂക്ഷിച്ചുനോക്കിയെങ്കിലും വൈദികൻ അനങ്ങുന്നില്ല എന്നുകണ്ടു കടന്നുപോയി. മുറി ഇരുട്ടായിരുന്നതുകൊണ്ടും ഫാദർ ലൂയിയുടെ കാഴ്ച മങ്ങിയിരുന്നതുകൊണ്ടും കുറെ കഴിഞ്ഞു അദ്ദേഹം വീണതെന്തായിരിക്കാമെന്നു തപ്പിനോക്കി. വീഞ്ഞുനിറച്ച ഒരു ചെറിയ സെൻറു് കുപ്പിയും കുറെ ഓസ്തികളുമായിരുന്നു ആ ചെറിയ കെട്ടിലെ ഉള്ളടക്കം എന്നു മനസ്സിലായപ്പോൾ അദ്ദേഹം അത്യാനന്ദം കൊണ്ടു. എങ്കിലും ഇതിൽ ശത്രുവിൻെറ എന്തെങ്കിലും കൃത്രിമമുണ്ടോ എന്നറിയുവാൻ അദ്ദേഹം മൂന്നുദിവസം കാത്തിരുന്നു. അന്വേഷണമൊന്നും ഇല്ലെന്നു കണ്ടപ്പോൾ അദ്ദേഹം ദിവ്യബലി അർപ്പിക്കുന്നതിനു തീർച്ചപ്പെടുത്തി. കിടക്കയിൽ ഒരു അലക്കിയ ഷർട്ടു വിരിച്ചു പതിവുള്ള ഭക്ഷണം കഴിക്കുന്ന രീതിയിൽ ഇരുന്നു അദ്ദേഹം കുർബാന ചൊല്ലി. കാവൽക്കാരൻ അദ്ദേഹം ഭക്ഷണം കഴിക്കുകയാണെന്നു വിശ്വസിച്ചു കടന്നുപോയി. അങ്ങിനെ 22 മാസത്തെ കാരാഗൃഹജീവിതത്തിനിടയിൽ ഒരു പ്രാവശ്യം ദിവ്യബലി അർപ്പിക്കുന്നതിനു ദൈവഗത്യാ അദ്ദേഹത്തിനു സാധിച്ചു. ലിഷ്യയിലെ കത്തീഡ്രൽ വികാരിയായിരിക്കെ 1952 ജൂലൈ 8-ാംതിയതിയാണു് അദ്ദേഹം കമ്മ്യൂണിസ്റ്റുകാരാൽ അറസ്റ്റുചെയ്യപ്പെട്ടതു്. അദ്ദേഹത്തിൻെറ അഭാവത്തിൽ ഒരു പരസ്യവിചാരണ പ്രഹസനം നടത്തുകയും അടുത്തുള്ള അക്രമികൾക്കു സഹായംചെയ്തുവെന്നും, ലീജിയൻ ഓഫ് മേരിയും വിശുദ്ധകുർബാനയുടെ സംഘവും രൂപീകരിച്ചുവെന്നും, ചൈനാ ജപ്പാൻ യുദ്ധകാലത്തു ഇംഗ്ലീഷുകാരോടും അമേരിക്കക്കാരോടും സമ്പർക്കം പുലർത്തിയിരുന്നു എന്നുമുള്ള കുറ്റങ്ങൾ അദ്ദേഹത്തിൻെറമേൽ ആരോപിക്കുകയും ചെയ്തു. പരസ്യവിചാരണയുടെ രംഗങ്ങൾ ഉച്ചഭാഷിണിയുണ്ടായിരുന്നതുകൊണ്ടു തടവുമുറിയിൽ കിടന്നുകൊണ്ടു അദ്ദേഹത്തിനു കേൾക്കാമായിരുന്നു.

### കമ്മ്യൂണിസത്തെ എതിരിടണമെങ്കിൽ

പല അകത്തോലിക്കരുടെയും മാനസാന്തരം സാധിച്ചിട്ടുള്ള ആസ്ത്രിയായിലെ പ്രസിദ്ധ പ്രസംഗകനായ റവ. ഫാദർ ജോസഫ് ലെപ്പിച്ച് എസ്. ജെ. അവർകൾ കത്തോലിക്കർക്കു നൽകിയ ഒരുൽബോധനം വളരെ അർത്ഥഗർഭമാണു്. മതപരമായ കർമ്മങ്ങളും പ്രദക്ഷിണങ്ങളും മാത്രമടങ്ങുന്ന ഒരു കത്തോലിസ്സിസത്തിൽനിന്നു വളരെ വിഭിന്നമായതും യഥാർത്ഥമായ ക്രിസ്തീയചൈതന്യം നിറഞ്ഞതുമായ ഒരു ജീവിതമാണു് ഇന്നത്യാവശ്യമായിരിക്കുന്നതു്. സാമൂഹികമായ സുരക്ഷിതത്വത്തിനു വേണ്ടിയുള്ള പോരാട്ടം കത്തോലിക്കാ തൊഴിലാളികളുടെ ഇടയിൽ ഭൗതികകാര്യങ്ങളിലുള്ള ഒരു സംതൃപ്തിയെ സംജാതമാക്കിയിട്ടുണ്ടു്. അതുകൊണ്ടു അവരുടെ കൂട്ടതൊഴിലാളികളുടെ ഭാവിയെപ്പറ്റി ചിന്തിക്കുന്നതിനു അവർ കൂട്ടാക്കുന്നില്ല. ഭൗതികകാര്യങ്ങൾക്കുള്ള സമരത്തിനുശേഷം ആദ്ധ്യാത്മികകാര്യങ്ങൾക്കുവേണ്ടി ഘോരതരമായ ഒരു പോരാട്ടം നടത്തേണ്ടതായിട്ടുണ്ടു് എന്നവർ മനസ്സിലാക്കണം. നമ്മുടെ വൈദികർ ഇടത്തരക്കാരെമാത്രം സ്പർശിക്കുന്ന രീതികൾ കുറച്ചൊന്നു വ്യത്യാസപ്പെടുത്തി പൊതുജനങ്ങൾക്കു മനസ്സിലാകുന്ന ഭാഷ ഉപയോഗിക്കണം. വിദഗ്ദ്ധപണ്ഡിതന്മാർ സാമൂഹികപഠനങ്ങളിലേക്കു തിരിയണം. റഷ്യൻ കമ്മ്യൂണിസത്തിനും അമേരിക്കൻ ലിബറലിസത്തിനും എതിരായി ക്രിസ്തുവിൻെറ സാമൂഹികതത്വങ്ങൾ വിജയിക്കണമെങ്കിൽ നാം സാമൂഹികകാര്യങ്ങൾക്കു കൂടുതൽ പ്രാധാന്യം നൽകണം.

### ഫാദർ ഹാവാസിനെ ചൈനയിൽനിന്നു നാടുകടത്തിവിട്ടു

ഫാദർ ജോൺ ഹാവാസ് എസ്. ജെ. ജനനാൽ ഒരു ഹംഗറിക്കാരനാണു്. ചൈനീസ് കമ്മ്യൂണിസ്റ്റുകാർ അദ്ദേഹത്തെ കടത്തിവിടണമെങ്കിൽ അദ്ദേഹം ഒരു സർവ്വരാജ്യചാരനാണെന്നു സമ്മതിച്ചൊപ്പിട്ടുകൊടുക്കണമെന്നാവശ്യപ്പെട്ടു. ഞാൻ കുറ്റക്കാരനാണെങ്കിൽ നിങ്ങൾ എന്നെ ശിക്ഷിച്ചുകൊള്ളണം; ഒപ്പിട്ടുതരുവാൻ എനിക്കു സമ്മതമില്ല, എന്നായിരുന്നു ധീരനായ അദ്ദേഹത്തിൻെറ മറുപടി. എങ്ങനെയെങ്കിലും ചാരനെന്നുള്ള അപരാധം അദ്ദേഹത്തിൻെറമേൽ ചാരുന്നതിനുവേണ്ടി, അദ്ദേഹം ഹംഗേറിയൻ ഗവമ്മെൻറിൻെറ പക്കൽ പേർ രജിസ്റ്റർ ചെയ്തിരുന്നില്ലെന്നു വാദിച്ചു. എന്നാൽ ചൈനായിലുള്ള ഹംഗേറിയൻ അധികാരികളുടെ അടുത്തു അദ്ദേഹം കൊടുത്തിരുന്ന അപേക്ഷയുടെ ഒരു ഫോട്ടോപ്രതി ഹാജരാക്കിയപ്പോൾ അവരെല്ലാം വിഷണ്ണരായിപ്പോയി. ഗത്യന്തരമില്ലാതെ അവർ അദ്ദേഹത്തെ ഒരു കവചിതവാഹനത്തിൽ കയറ്റി ചൈനയിൽനിന്നു നാടുകടത്തിവിട്ടു.

### കത്തോലിക്കാ സ്കൂളുകളെപ്പറ്റി ഐസൻഹോവർ

ചിൻചിനാററിയിലെ സേവിയർ യൂണിവേഴ്സിററിയുടെ പ്രസിഡൻറിനയച്ച ഒരു സന്ദേശത്തിൽ അമേരിക്കൻ പ്രസിഡൻറ് ഐസൻഹോവർ കത്തോലിക്കാസഭവക വിദ്യാസ്ഥാപനങ്ങളെ മുക്തകണ്ഠം പ്രശംസിച്ചിരിക്കുന്നു. കൂടുതൽ മെച്ചമായ സമുദായങ്ങളേയും മനോഹരതരമായ രാഷ്ട്രത്തേയും സമാധാനമുള്ള ഒരു ലോകത്തേയും കെട്ടിപ്പടുക്കുന്നതിനു സഭ നടത്തുന്ന സ്കൂളുകളും കോളേജുകളും യൂണിവേഴ്സിററികളുമാണു് സർവ്വപ്രധാനമായ പങ്കു വഹിക്കുന്നതെന്നാണദ്ദേഹം പ്രസ്താവിച്ചതു്.

### "ഇപ്പോൾ നല്ല തരമാണു്"

യുഗോസ്ലാവിയായിലെ ഒരു കമ്മ്യൂണിസ്റ്റു മേധാവിയായ എഡ്വേർഡ് കാർഡെൽജ്, സ്ലോവൻ കമ്മ്യൂണിസ്റ്റുകളുടെ ഒരു രഹസ്യസമ്മേളനത്തിൽ പ്രസ്താവിച്ചു് തല്ക്കാലം അമേരിക്കയിലെ പൊതുജനാഭിപ്രായം യുഗോസ്ലാവിയായിലെ മതപരമായ സ്ഥിതിഗതികളെപ്പറ്റി പ്രത്യേകം ശ്രദ്ധപതിക്കുന്നില്ലെന്നും അതുകൊണ്ടു സഭയെ അവിടെ മർദ്ദിക്കുന്നതിനു ഇപ്പോൾ നല്ല തരമാണെന്നുമാണു്. യുഗോസ്ലാവിയായിലെ ഫെഡറൽ എക്സിക്യൂട്ടീവ് കൗൺസിലിലുള്ള നാലു വൈസ്പ്രസിഡണ്ടന്മാരിൽ ഒരാളാണു് എഡ്വേർഡ് കാർഡെൽജ്. അദ്ദേഹത്തിൻെറ പ്രസ്താവത്തെ അദ്ദേഹം വിശദീകരിച്ചതിപ്രകാരമാണു്:- മതകാര്യത്തെപ്പററി അമേരിക്കയിലെ മികച്ച പത്രങ്ങളൊന്നും ഇപ്പോൾ പ്രതിപാദിക്കുന്നില്ല. വല്ല കർദ്ദിനാളിൻെറയോ മെത്രാപ്പോലീത്തായുടെയോ പത്രങ്ങൾ അതേപ്പററി എന്തെങ്കിലും പറയുന്നുണ്ടെങ്കിൽത്തന്നെ അതു ഗൗനിക്കേണ്ട ആവശ്യമില്ല. യുഗോസ്ലാവിയായുടെ ഭൂമിശാസ്ത്രപരമായ ചുററുപാടുകളേയും ഈ മർമ്മസ്ഥാനംകൊണ്ടു് മുതലെടുക്കേണ്ട കാര്യങ്ങളേയും പററിയുള്ള ചിന്തയിലാണു് ഐക്യരാജ്യം ഇപ്പോൾ വ്യാപൃതമായിരിക്കുന്നതു്.

### ചൈനീസ് കമ്മ്യൂണിസ്റ്റുകൾ പേരുകേട്ടു പേടിക്കുന്നു

ചൈനീസ് കമ്മ്യൂണിസ്റ്റുകൾ കത്തോലിക്കാമതത്തിൽ പ്രയോഗത്തിലിരിക്കുന്ന ചില സംജ്ഞകൾകേട്ടു വെപ്രാളംകൊള്ളുന്നതിൻെറ ഒരുദാഹരണമാണു് ഫാദർ ജോർജ് ബ്യൂറെഗാർഡിനെ വിസ്തരിച്ച അവസരത്തിൽ വെളിവായതു്. അദ്ദേഹം കാനഡാക്കാരനായ ഒരു ഈശോസഭാംഗമാണു്. ഒമ്പതുമാസം ചൈനയിൽ അദ്ദേഹം കാരാഗൃഹവാസമനുഭവിച്ചു. അദ്ദേഹത്തെ വിസ്തരിച്ചുകൊണ്ടിരുന്നപ്പോൾ സ്ഥൈര്യലേപനം എന്ന കൂദാശയെപ്പററി ചില പരാമർശങ്ങളുണ്ടായി.

ഫാദർ ജോർജ്:- നിങ്ങൾ എന്തുകൊണ്ടാണു് സ്ഥൈര്യലേപനത്തെ ഇത്രയധികം വെറുക്കുന്നതു്?

ജഡ്ജി:- ഈ കൂദാശ ഒരു ക്രിസ്ത്യാനിയെ യേശുക്രിസ്തുവിൻെറ ഒരു ധീരപടയാളിയാക്കുന്നതല്ലേ? അതിൻെറ അർത്ഥം ഇതുമൂലം നിങ്ങൾ ഒരു എതിർവിപ്ലവത്തിനു സൈന്യശേഖരം നടത്തുന്നു എന്നല്ലയോ?

ഇപ്രകാരം സൈനികാർത്ഥത്തിൽ തെററിദ്ധരിച്ചു മർദ്ദനബഹളം സൃഷ്ടിക്കുന്ന നിർദ്ദോഷമായ ചില സംജ്ഞകളാണു് "ലീജിയൻ ഓഫ് മേരി"യിലെ "ലീജിയൻ" മുതലായവ. ലീജിയൻ എന്നു കേൾക്കുമ്പോൾ കമ്മ്യൂണിസ്റ്റുകൾ മനസ്സിലാക്കുന്നതു് പ്രതിവിപ്ലവത്തിനുള്ള ഒരു സൈന്യവ്യൂഹമെന്നാണു്. അവരുടെ വെറും പ്രലാപം! പക്ഷെ കത്തോലിക്കാസഭയുടെ മർദ്ദനത്തിനുള്ള ഹേതു!

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

